# അറ്റുപോയ കണ്ണി

തിക്കോടിയൻ



# അറ്റുപോയ കണ്ണി

തിക്കോടിയൻ

**Attupoya kanni** (അറ്റുപോയ കണ്ണി)
(Malayalam: Play)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, M. Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *A Lars Tiller painting* (1977), by Lars Tiller, Norwegian painter (1924-1994). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 കഥാപാത്രങ്ങൾ . . . . . 1

2 രംഗം 1 . . . . . 2

3 രംഗം 2 . . . . . 10

4 രാഗം 3 . . . . . 18

5 രംഗം 4 . . . . . 27

6 രംഗം 5 . . . . . 37

7 രംഗം 6 . . . . . 48

8 രംഗം 7 . . . . . 60

1

# കഥാപാത്രങ്ങൾ

**ചാത്തുണ്ണിനായർ:** റിട്ടയർഡ് ഹെഡ്കോണ്സ്റ്റബിളായ ഒരുവയസ്സൻ. തന്റെ ഇഷ്ടത്തിനു വഴങ്ങാത്ത ഭാര്യയെയും മക്കളെയും വീട്ടിൽനിന്നു പുറത്താക്കി ഒറ്റപ്പെട്ടു ജീവിക്കുന്ന ഒരു പിടിവാശിക്കാരൻ.

**ബാബു:** ചാത്തുണ്ണിനായരുടെ അയൽപക്കത്തെ ഒരു കുട്ടി. ചാത്തുണ്ണിനായരുടെ ക്ഷുദ്രഹൃദയത്തിൽ സ്നേഹത്തിന്റെ കൈത്തിരി കൊളുത്തിക്കാട്ടിയ കൊച്ചുമിടുക്കൻ.

**സതി:** ബാബുവിന്റെ അമ്മാവന്റെ മകൾ, കളിത്തോഴി.

**രാമൻ:** ചാത്തുണ്ണിനായരുടെ ആശ്രിതനല്ല, ഒരു സഹായി.

**കാർത്ത്യായനി അമ്മ:** ചാത്തുണ്ണിനായരുടെ ഭാര്യ.

**വിജയൻ:** ചാത്തുണ്ണിനായരുടെ മകൻ.

**ഭാനു:** വിജയന്റെ സഹധർമിണി.

— 2 —

# രംഗം 1

യവനിക നീങ്ങുമ്പോൾ ഒരു വീടിന്റെ പഴയ പടിപ്പുരയാണു കാണുന്നത്. നടുവിൽ അടച്ചുപൂട്ടിയ വാതിൽ. ഇരുവശത്തും ജീർണിച്ച ചുമരുകൾ. വാതിലിനു വലത്തുവശം ചുമരിൽ ഒരു ബോർഡ് തൂങ്ങുന്നുണ്ട്. “ആരും കടക്കാൻ പാടില്ല” എന്നു വലിയ അക്ഷരങ്ങൾ അതിൽ എഴുതിവെച്ചിരിക്കുന്നു. പടിപ്പുരയുടെ മുൻപിലൂടെ പോകുന്ന വെട്ടുവഴിയുടെ ഒരറ്റത്തു രണ്ടു കുട്ടികൾ പ്രത്യക്ഷപ്പെടുന്നു. പള്ളിക്കൂടം പിരിഞ്ഞു മടങ്ങുന്നവരാണ്. തോളിൽ പുസ്തകസഞ്ചി തൂങ്ങുന്നുണ്ട്. മുൻപിൽ നടക്കുന്നതു ബാബു—ആൺകുട്ടി 12 വയസ്സ്. പിന്നിൽ നടക്കുന്നത് സതി—പെൺകുട്ടി, പത്തു വയസ്സ്.

ബാബു മുൻപിൽ കുറച്ചു വിട്ടാണ് നടക്കുന്നത്. സതി പിന്നിൽനിന്നു വളരെ സാവധാനം നടന്നുവരുന്നു. രണ്ടുപേരും ഓരോ പച്ചപ്പേരയ്ക്ക കടിച്ചുകാർന്നു തിന്നുന്നുണ്ട്.

**ബാബു:** (പാതി വഴി നടന്നു തിരിഞ്ഞുനിന്ന്) നീ വേഗം വരുന്നുണ്ടോ, സതി?

സതി അതു കേൾക്കാത്ത ഭാവത്തിൽ നടത്തം കൂടുതൽ സാവധാനത്തിലാക്കുന്നു.

**ബാബു:** (കുറഞ്ഞൊരു ശുണ്ഠിയോടെ) നീ വേഗം വരുന്നില്ലെങ്കിൽ ഞാൻ പോകും.

**സതി:** (മുഖമുയർത്താതെ, നടത്തത്തിനു വേഗം കൂട്ടാതെ) പൊയ്ക്കോളൂ.

**ബാബു:** (കടുത്ത ശുണ്ഠിയോടെ) സതീ, നിന്റെ നേരമ്പോക്കുണ്ടല്ലോ...

സതി ഒരു സ്ഥലത്ത് ഉറച്ചുനിൽക്കുന്നു.

**ബാബു:** ആ, നേരമ്പോക്കു കുറച്ച് ഏറിപ്പോകുന്നുണ്ട്. നീ വേഗം വരുന്നില്ലെങ്കിൽ നിന്നെ തനിച്ചാക്കീട്ടു ഞാൻ പോവും.

സതി: (മുഖത്തു നോക്കാതെ) പൊയ്ക്കോളൂ.

ബാബു: കളിയല്ലേ, ഞാൻ പോവും

സതി: എന്നിട്ടെന്താ പോവാത്തത്?

ബാബു: (മടങ്ങി സതിയുടെ സമീപം ചെന്ന്) നീ വരുത്തില്ലേ?

സതി: ഇല്ല;

ബാബു: എന്ത്?

സതി: ഞാൻ വരുന്നില്ലെന്നു പറഞ്ഞില്ലേ? (പേരയ്ക്ക ഒന്നമർത്തിക്കടിക്കുന്നു) ബാബു പൊയ്ക്കോളൂ.

ബാബു: (കലശലായ ശുണ്ഠിയുണ്ടായിട്ടും അത് ഒതുക്കി, അനുനയസ്വരത്തിൽ) എന്തിനാ സതീ, വെറുതെ ശാഠ്യം പിടിക്കുന്നത്? നേരം വൈകിച്ചെന്നാൽ അമ്മാമ്മ എന്നെയല്ലേ ശകാരിക്ക്യാ?

സതി: ശകാരിക്കട്ടെ.

ബാബു: എന്നെ ശകാരിച്ചുകേൾക്കാൻ സതിക്കിഷ്ടമാണോ?

സതി: ആരെ ശകാരിക്കണ കേൾക്കാനും എനിക്കിഷ്ടാണ്.

ബാബു: നിന്നെ ശകാരിക്കുന്നതോ?

സതി: എന്നെയല്ലാതെ ആരേം.

ബാബു: (അലപം പരിഭവത്തോടെ) ഓ! മതി. സതി വരില്ലല്ലോ?

സതി: (മഹാകുസൃതിയുടെ മട്ടിൽ മുഖം കോട്ടി പതുക്കെയൊന്നു ചിരിച്ച്) ഞാൻ വരും.

ബാബു: (സന്തോഷിച്ച്) എന്നാൽ വരൂ.

സതി: (പഴയ ഭാവത്തിൽ) ഞാൻ വരില്ല

ബാബു: (ഗതികെട്ട്) അയ്യോ! തോറ്റല്ലോ. ഇനീം താമസിച്ചാൽ ഇന്നു അമ്മാമ്മ എന്നെ തല്ലും; തീർച്ച സതി വിജയഭാവത്തിൽ തല കുലുക്കുന്നു.

ബാബു: (വേദനിച്ചുകൊണ്ട്) ആരെന്തു തെറ്റു ചെയ്താലും അമ്മാമ്മ എന്നെപിടിച്ചു തല്ലും. (അല്പം ഗൗരവത്തിൽ) സതി, ഇന്നു ഞാൻ എല്ലാം അമ്മാമ്മയോടു പറയും.

സതി: എന്തു പറയും?

ബാബു: എന്നും അമ്മാമ്മ ചോദിക്കുമ്പോൾ ഒന്നും മിണ്ടാതെ തല്ലൊക്കെ ഞാൻ ഭേസും. ഇനിയതു വയ്യ. സതിക്കുവേണ്ടി എത്ര തല്ല ഞാൻ കൊള്ളുന്നു;

സതി: (ചരിഞ്ഞുനോക്കി പേരയ്ക്ക അമർത്തിക്കടിച്ചുകൊണ്ട്) പിന്നെ എന്താ സ്നേഹന്ന് പറേന്നത്?

ബാബു: സ്നേഹന്നു പറയുന്നത് തല്ലുകൊള്ളലാണോ?

സതി: അതേ.

ബാബു: എന്നാൽ ഒരു ദിവസം സതിക്കാവരുതോ തല്ലുകൊള്ളൽ?

**സതി:** അയ്യോ! എനിക്കു വയ്യ. തല്ലെന്നു കേട്ടാൽ എനിക്കു വല്യ പേട്യാണ്.

**ബാബു:** നന്നായി! തല്ലുകൊള്ളാൻ ഞാനുണ്ടല്ലോ. ഇനിഎനിക്കുവയ്യ. ഇന്നു നേരം വൈകിയതെന്തിനെന്നു ചോദിച്ചാൽ ഞാൻ സത്യം പറയും.

**സതി:** എന്തു പറയും? കേൾക്കട്ടെ.

**ബാബു:** (അമ്മയോടു പറയുന്ന സ്വരത്തിൽ) 'സതി നടക്കാഞ്ഞിട്ടാണ്,' എന്നൊക്കെ

**സതി:** അപ്പോ ഞാൻ പറയും (അച്ഛനോടു പറയുന്നമട്ടിൽ അഭിനയിച്ചിട്ട്) 'അച്ഛാ ഈ ബാബു എനിക്കു പേരയ്ക്ക തരാഞ്ഞിട്ടാണ്' എന്ന്

**ബാബു:** അപ്പോൾ അമ്മാമ്മ ചോദിക്കും (അമ്മാമ്മ ചോദിക്കും പോലെ) 'പേരയ്ക്ക എവിടെന്നു കിട്ടി?'

**സതി:** ഉടനെ ഞാൻ പറയും, ഈ ബാബു ആരാന്റെ തൊടിയിൽ കേറി കട്ടതാണച്ഛാ. ഉടനെ അച്ഛൻ പല്ലും കടിച്ച് 'എന്തെടാ' എന്നു പറഞ്ഞുബാബുവിനെ തല്ലാൻ വരും. (ആ ഭാഗം അഭിനയിച്ചു കാണിക്കുന്നു.)

**ബാബു:** (പരിഭ്രമത്തോടെ) വേണ്ട സതീ, വേണ്ട. അമ്മാമ്മയ്ക്കു ശുണ്ഠിവന്നാൽ നിനക്കറിയില്ലേ?

**സതി:** അറിയും അതാണ് പറയുന്നത്. (അധികാരസ്വരത്തിൽ) വേഗം പേരയ്ക്ക തന്നോളൂ.

**ബാബു:** സത്യമായിട്ടും എന്റെ കൈയിലില്ല.

**സതി:** നുണ.

**ബാബു:** ഇല്ല നോക്കൂ (പുസ്തകസഞ്ചി തുറന്നു കാട്ടുന്നു.)

**സതി:** ട്രൗസറിന്റെ കീശയിലുണ്ടാവും!

**ബാബു:** ഇല്ല സതീ. (ട്രൗസറിന്റെ പോക്കറ്റിൽനിന്ന് ഓരോ സാധനങ്ങളെടുക്കുന്നു.) ഇദാ, നോക്കു (ഒരു തുണ്ടം ചോക്ക്, ഒരു പഴയ ബ്ലേഡ്, ഏതാനും നിറമുള്ള തുണിക്കഷണങ്ങൾ. രണ്ടു കഷണം ചരട്, ഒരു താക്കോൽച്ചങ്ങല, വർണക്കടലാസിന്റെ തുണ്ടങ്ങൾ, ഏറ്റയന്ത്രമുണ്ടാക്കാനുള്ള റബ്ബർകഷണം, എന്നിങ്ങനെ വഴിക്കുവഴി പലതും എടുത്തു കാണിക്കുന്നു.)

**സതി:** (വിശ്വസിക്കാത്ത മട്ടിൽ) മറ്റേ പോക്കറ്റിലുണ്ടാവും.

**ബാബു:** സതീ എന്തു പറഞ്ഞാലും വിശ്വസിക്കില്ല (ആ പോക്കറ്റിൽനിന്ന് ഒരു ഓടക്കുഴൽ പുറത്തെടുക്കുന്നു). ഇദാ, ഈ പോക്കറ്റിൽ ഇതാണുള്ളത്.

**സതി:** (ഓടക്കുഴലിനു കൈ നീട്ടി) അതൊന്നു തരൂ.

**ബാബു:** ഇതെന്തിനാ സതിക്ക്?

**സതി:** എനിക്കു വേണം.

**ബാബു:** നിനക്ക് ഓടക്കുഴൽ വായിക്കാനറിയിലല്ലോ.

**സതി:** എനിക്ക് പഠിക്കണം.

ബാബു: വരു, വീട്ടിലെത്തീട്ട ഞാൻ പഠിപ്പിച്ചുതരാം.

സതി: ഇപ്പഴ് പഠിപ്പിച്ചുതരണം. അല്ലാതെ ഞാൻ വരില്ല;

ബാബു: തോറ്റല്ലേ, ഈശ്വരാ! എന്നാലിതാ. (ഓടക്കുഴൽ കൊടുക്കുന്നു.)

സതി: (അതുവരെ കടിച്ചതിന്നുകൊണ്ടിരുന്ന പേരയ്ക്ക വലിച്ചെറിയുന്നു. പതുക്കെ ഒന്നു ചിരിക്കുന്നു. ബാബുവിനോടു ചേർന്നുനില്ക്കുന്നു.) എങ്ങന്യാ വായിക്ക്യാ? പഠിപ്പിച്ചുതരു.

ബാബു: (മനമില്ലാമനസ്സോടെ പഠിപ്പിക്കാനൊരുങ്ങുന്നു) ആദ്യം കാലു രണ്ടും പിണയ്ക്ക; ഇങ്ങനെ (അഭിനയിക്കുന്നു)

സതി കാലു പിണച്ചു പ്രയാസപ്പെട്ടു നില്ക്കുന്നു. നില്ക്കുമ്പോൾ പതുക്കെ ആടുന്നുണ്ട്.

ബാബു: എന്നിട്ട കൈ രണ്ടും ഇങ്ങിനെ രണ്ടുവശത്തായിവെയ്ക്ക (ഓടക്കുഴലിൽ കൈചേർത്തു ശരിപ്പെടുത്തുന്നു.) ഇനി ഈ തുളകൾ വിരൽകൊണ്ടു പൊത്തണം.

ഈ അവസരത്തിൽ സതി പിന്നിലോട്ടു മറിഞ്ഞുവീഴാൻ തുടങ്ങുന്നു. ബാബു പിടിക്കുന്നു.

സതി: അയ്യോ ഇങ്ങനെ കാലുപിണച്ചു നില്ക്കാൻ വയ്യ. ഓടക്കുഴൽ വായിക്കുമ്പോൾ എന്തിനാ ഇങ്ങനെ നില്ക്കുന്നത്.

ബാബു: ശ്രീകൃഷ്ണൻ പണ്ട് അങ്ങനെ നിന്നിട്ടാ ഓടക്കുഴൽ വായിച്ചത്.

സതി: (പരിഹാസസ്വരത്തിൽ) ബ്ള! ശ്രീകൃഷ്ണനും ബാബുവും ഒരുപോല്യാണ്, അല്ലേ? (ഓടക്കുഴൽ ഊതിനോക്കീട്ടു ശബ്ദം വരാതെ) ഓ! ഇതെന്താ വിളിയാത്തത്?

ബാബു: (വീണ്ടും കാണിച്ചുകൊടുക്കുന്നു) ഇദാ, ഇങ്ങനെ തുളകൾ പൊത്തീട്ടു ചുണ്ടോടടുപ്പിച്ചുവെച്ച് ഊതി നോക്കു. (പിടിച്ചു ചെയ്യിക്കുന്നു.)

സതി പ്രയാസപ്പെട്ടു ചെയ്യുന്നു. പി, പീ, പി, എന്നിങ്ങനെ ചില വികൃതസ്വരങ്ങൾ പുറപ്പെടുന്നു.

ബാബു: (മനം മടുത്തു ശുണ്ഠിവന്നു പുറംതിരിഞ്ഞു നില്ക്കുന്നു. പെട്ടെന്നു ചുമരിലുള്ള ബോർഡ് കാണുന്നു. മുഖഭാവംമാറുന്നു. എന്തൊക്കെയോ സൂത്രങ്ങൾ മനസ്സിലുദിക്കുന്നു. ഉടനെ ആവേശഭരിതനായി സതിയെ വിളിക്കുന്നു) സതീ.

സതി: (തിരിഞ്ഞുനോക്കാതെ) എന്താ?

ബാബു: (ബോർഡ് ചൂണ്ടി) ഇതു് നോക്കു; ഇതു്.

സതി തിരിഞ്ഞുനോക്കുന്നു.

**ബാബു:** നല്ല രസം

**സതി:** അതിലെന്താ ഇത്ര രസം.

**ബാബു:** ആരും കടക്കാൻ പാടില്ല്യത്രേ! (തന്നത്താനെന്നപോലെ ഓ എന്തൊരു കല്പന! സതീ ഞാനൊരു സൂത്രം കണ്ടിട്ടുണ്ട്.

**സതി:** എന്തു സൂത്രം?

**ബാബു:** കാട്ടിത്തരാം. (നടന്നു ബോർഡിനടുത്തേക്കു ചെല്ലുന്നു. അതു ചുമരിൽനിന്നെടുക്കുന്നു.)

സതി കൗതുകത്തോടെ അടുത്തുചെല്ലുന്നു. ബാബു പെന്നെടുത്തു ബോർഡിലെ അക്ഷരങ്ങൾക്കു മാറ്റം വരുത്തുന്നു. സതി ഉറ്റുനോക്കി സന്തോഷിക്കുന്നു.

**ബാബു:** (കൃതാർഥതയോടെ) പോരേ?

**സതി:** ധാരാളം! വേഗം അവിടെ തൂക്കിയേയ്ക്കൂ.

ബാബു ബോർഡ് ചുവരിൽ തൂക്കുന്നു. ഇപ്പോൾ ആ ബോർഡിലെ വാക്കുകൾ ഇങ്ങനെ മാറീട്ടുണ്ട്: 'ആരും കടിക്കാൻ പാടില്ല.'

സതി സന്തോഷിച്ചു തലകുലുക്കുന്നു. പെട്ടെന്ന് പിന്നിൽനിന്ന് ഒരു ഭയങ്കരശബ്ദം. "ആരെടാ അത്? എന്താ അവിടെ കാണിക്കുന്നത്?"

ബാബുവും സതിയും പരിഭ്രമിച്ച് തിരിഞ്ഞുനോക്കുന്നു.

**ബാബു:** ഉം! ഓടിക്കോളൂ, സതീ.

**സതി:** വേഗം പോന്നോളൂ.

രണ്ടുപേരും ഒപ്പം കുതിക്കുന്നു. ഒരു സഞ്ചിയിൽ എന്തെല്ലാമോ സാധനങ്ങൾ നിറച്ചു തൂക്കിപ്പിടിച്ചുകൊണ്ട് ഏതാണ്ട് മുപ്പതു വയസ്സു പ്രായം തോന്നിക്കുന്ന ഒരാൾ ബദ്ധപ്പെട്ടു വരുന്നു. മുഷിഞ്ഞ മുണ്ടും അവിടവിടെ കീറിത്തുടങ്ങിയ ബനിയനുമാണ് ധരിച്ചിരിക്കുന്നത്. കണ്ടാൽ അരിവെപ്പുകാരന്റെ മട്ടുണ്ട്. പേരു രാമനെന്ന്. കുട്ടികളെ ശകാരിച്ചുകൊണ്ടാണ് വരുന്നത്.

**രാമൻ:** (കടന്നുവന്നു നാലുഭാഗവും സൂക്ഷിച്ചുനോക്കുന്നു. എന്നിട്ട് കുട്ടികൾ ഓടിപ്പോയ ഭാഗം ലക്ഷ്യംവെച്ച്) എന്തെടാ ഇവിടെ കാട്ടിയത്? ഏ? നിങ്ങളെക്കൊണ്ട് പൊറുതിയില്ലല്ലോ. പള്ളിക്കൂടത്തിൽ പോകുമ്പോഴും വരുമ്പോഴും എന്തെങ്കിലും പോക്കിരിത്തം കാട്ടാതെ വയ്യ. എന്റെ കൈയിൽ കിട്ടിയില്ലല്ലോ. എടാ, ഇനിയൊരു ദിവസം കാണട്ടെ. അന്നു തലമണ്ട ഞാനുടയ്ക്കും. (കൈയിൽ ഒരുരുളൻ കല്ലു പിടിച്ചു എറിയുംപോലെ ഭാവിക്കുന്നു.) ഉം! ഓടിക്കോളിൻ. എന്നിയെങ്ങാനും കണ്ടുപോയെങ്കിൽ...

അകത്തുനിന്നു പടിവാതിലിന്‌ ആരോ ഇടിക്കുന്ന ശബ്ദം; തുടർന്നു വിളിയും. അകത്തുനിന്നു ശബ്ദം.

എടാ, രാമാ, രാമാ, ആരാ അവിടെ സംസാരിക്കുന്നത്? രാമനല്ലേ? രാമാ… രാമാ…

**രാമൻ:** (പെട്ടെന്നു തിരിഞ്ഞുനിന്നു വിളി കേൾക്കുന്നു. ഓ… ഓടിച്ചെന്നു താക്കോലെടുത്തു വാതിൽ തുറക്കുന്നു.

അകത്തുനിന്നു ചാത്തുണ്ണിനായർ പുറത്തേക്കു കടക്കുന്നു. തടിച്ച് അല്പം മുൻപോട്ടു വളഞ്ഞു സാമാന്യം പൊക്കമുള്ളൊരു മനുഷ്യൻ. മുക്കാലും കഷണ്ടി ബാധിച്ചിരിക്കുന്നു. മുറ്റിത്തഴച്ച പുരികം മുഴുവനും നരച്ചതാണ്. മുഖത്തും നോട്ടത്തിലും ക്രൗര്യമാണ് മുന്നിട്ടുനില്ക്കുന്നത്. വയസ്സ് അറുപതിനു മേലെ. ഒരു മുണ്ടും നീണ്ട കൈകളുള്ള രോമക്കുപ്പായവുമാണ് ധരിച്ചിരിക്കുന്നത്. കൈയിൽ വലിയൊരു ചൂരലുണ്ട്. നടക്കുമ്പോൾ വലത്തുകാലിനു ചെറിയൊരു അസ്വാസ്ഥ്യമുള്ളതു പോലെ തോന്നും.

**ചാത്തുണ്ണി നായർ:** (സഹജമായ ക്രൂരതയോടെ രാമനെ നോക്കുന്നു.) എന്തെടാ ഇവിടെ? എന്താ ഒരു ബഹളം കേട്ടത്?

**രാമൻ:** (പരുങ്ങി) പള്ളിക്കൂടം വിട്ടു പോകുന്ന പിള്ളേർ…

**ചാത്തുണ്ണി:** (ഇടയിൽ കടന്നു) പിള്ളേർ?

**രാമൻ:** ഇവിടെ പടിവാതിലിനടുത്തു വന്നു ബഹളംകൂട്ടുക.

**ചാത്തുണ്ണി:** എന്തു ബഹളം?

**രാമൻ:** എനിക്കു മനസ്സിലായില്ല; ദൂരെനിന്നു കണ്ടതാണ്.

**ചാത്തുണ്ണി:** എന്നിട്ട്?

**രാമൻ:** ഞാൻ ചീത്ത പറഞ്ഞപ്പോൾ ഓടിപ്പോയി

**ചാത്തുണ്ണി:** (മുഖത്തു പുച്ഛവും കോപവും സ്ഫുരിക്കുന്നു) ചീത്തപറയുന്നു! എടാ, തല മണ്ടയ്ക്കു രണ്ടു കൊടുക്കാമായിരുന്നില്ലേ? നീയൊക്കെ എന്തിനെടാ ആണായി പിറന്നത്… എന്റെ നല്ലകാലത്തായിരുന്നെങ്കിൽ അവറ്റകളുടെ തന്തമാരെക്കൂടി ഞാൻ വെറുതെ വിടില്ലായിരുന്നു. (നെടുവീർപ്പ്) പറഞ്ഞിട്ടെന്താ കാര്യം… എടാ രാമാ.

രാമൻ പരിഭ്രമിച്ച് മുഖത്തേക്കു നോക്കുന്നു.

**ചാത്തുണ്ണി:** എടാ, നിനക്കെന്റെ സ്ഥിതി വല്ലതും നിശ്ച്യേണ്ടോ? ഉണ്ടോ?

**രാമൻ:** (കൂടുതൽ പരുങ്ങി) കുറച്ചൊക്കെ നിശ്ച്യേണ്ട്.

**ചാത്തുണ്ണി:** എന്തു നിശ്ചയുണ്ടെന്നെടാ? അന്ന് ഈ കൈകൊണ്ടു തല്ലു വാങ്ങാത്തവർ ചുരുങ്ങും. ചാത്തുണ്ണിഹേഡെന്നു പറഞ്ഞാൽ കിടുകിടെ വിറയ്ക്കാത്തവരില്ല... എന്നിട്ട് ഈ പടിപ്പുരയ്ക്കൽ വികൃതി കാണിക്കാൻ പിള്ളരാണ്, അല്ലേ... കാലത്തിന്റെ ഒരു മാറ്റം... എടാ രാമാ.

രാമൻ വീണ്ടും പരിഭ്രമിച്ചു നോക്കുന്നു.

**ചാത്തുണ്ണി:** ഇനി വല്ലവരും ഈ പടിക്കൽവെച്ചു തോന്നിവാസം കാട്ടിയാൽ പിടിച്ചു തല്ലിക്കോ. ആരായാലും വേണ്ടില്ല. കുട്ടികളായും വലിയവരായാലും വെറുതെ വിടേണ്ട.

**രാമൻ:** ഇല്ല.

**ചാത്തുണ്ണി:** ചാത്തുണ്ണിഹേഡിനോടാകളി അല്ലേ... എടാ എന്തേ ആ പിള്ളേര് കാണിച്ചത്

**രാമൻ:** അവര്... പിന്നെ... ഞാൻ...

**ചാത്തുണ്ണി:** എടോ വിഴുങ്ങി വിഴുങ്ങിക്കഴിക്കാതെ മുഴുവനിങ്ങടു പറ.

**രാമൻ:** അവരാ ബോർഡ്...

**ചാത്തുണ്ണി:** അതെടുത്തു കൊണ്ടുപോയോ?... (തിരിഞ്ഞുനോക്കുന്നു. നോക്കും തോറും മുഖത്തെ ഭാവം കൂടുതൽ രൂക്ഷമാകുന്നു. ചുമരിന്നടുത്തു ചെല്ലുന്നു. ബോർഡ് കൈയിലെടുക്കുന്നു. സൂക്ഷിച്ചു നോക്കുന്നു. മുഖമുയർത്തി ഉഗ്രസ്വരത്തിൽ അലറുന്നു.) എടാ, ഇതു നീ കണ്ടില്ലേ, കഴുതേ?

**രാമൻ:** (ഒന്നും മനസ്സിലാവാത്ത മട്ടിൽ) എന്ത്?

**ചാത്തുണ്ണി:** നിന്റെ തലമണ്ട! (തന്നത്താൻ) ആ കുരുത്തംകെട്ട പിള്ളർ ഇതിലെ അക്ഷരം മാറ്റിയിരിക്കുന്നു. നിനക്കു മുഖത്തു കണ്ണില്ലേടാ?

**രാമൻ:** ഉണ്ടായിട്ടെന്താ? എനിയ്ക്കെഴുത്തറിയില്ലല്ലോ. അതല്ലേ കുഴപ്പം.

**ചാത്തുണ്ണി:** ഓ! അറിഞ്ഞാൽ പിന്നെ ചോദിക്കേണ്ട! (വീണ്ടും ബോർഡിലേയ്ക്കു നോക്കുന്നു. ആലോചനാമഗ്നനാവുന്നു. ക്രമേണ ക്രോധഭാവം അല്പം ശമിക്കുന്നു.) എടെ, രാമാ.

രാമൻ അടുത്തേക്കു ചെല്ലുന്നു.

**ചാത്തുണ്ണി:** (സ്വരം താഴ്ത്തി) നീയിതു വാങ്ങിക്കൊണ്ടുവരുന്നത് ആരെങ്കിലും കാണാറുണ്ടോ?

**രാമൻ:** (മനസ്സിലാവാതെ മിഴിക്കുന്നു.) ഏത്?

**ചാത്തുണ്ണി:** (വലതുകൈയിന്റെ തള്ളവിരൽ ചരിച്ചു വായിലേക്കു കാട്ടി മദ്യം കഴിക്കുന്ന ഭാവം അഭിനയിക്കുന്നു.) ഇത്.

**രാമൻ:** എസ്സൻസ് വാങ്ങുന്നതോ?

**ചാത്തുണ്ണി:** പതുക്കെ പറ, കഴുതേ;

**രാമൻ:** ഒരു പ്രാണി അറിയാറില്ല.

**ചാത്തുണ്ണി:** പിന്നെ എന്താ ഈ പിള്ളരിങ്ങനെ എഴുതിവെക്കാൻ? (മുഖത്തു കോപം സ്ഫുരിക്കുന്നു.) എന്റെ നല്ലകാലത്തായിരുന്നെങ്കിൽ ഇതെഴുതിയവന്റെ കയ്യ് തിളച്ച എണ്ണയിൽ മുക്കുമായിരുന്നു. (നെടുവീർപ്പ്) പോയില്ലേ. ചാത്തുണ്ണി ഹേഡിന്റെ വിഷപ്പല്ലു് പോയില്ലേ? എടാ രാമാ.

**രാമൻ:** ഓ...

**ചാത്തുണ്ണി:** ഏതു നിലയിലും ഇതെഴുതിയവനെ നീ കണ്ടു പിടിക്കണം. രാമൻ തല കുലുക്കുന്നു.

**ചാത്തുണ്ണി:** ഇനി ഈ പടിക്കൽ നിന്നു പരുങ്ങുന്നവരെക്കണ്ടാൽ, ആരായാലും വേണ്ടില്ല, തലമണ്ട തകർത്തിവിട്ടോ (വടിയും കുത്തി അകത്തേക്കു പോകാൻ തുടങ്ങുന്നു.)

**രാമൻ:** (ചാത്തുണ്ണിനായരുടെ കൈയിലുള്ള ബോർഡ് ചൂണ്ടി) അതവിടെ തൂക്കണ്ടേ?

**ചാത്തുണ്ണി:** പോടാ മരമണ്ടൻ! ഇതിനി അവിടെ തൂക്കാൻ നന്നോ? ആ വാതിലടച്ച സാക്ഷയിട്ടു് ഇങ്ങട്ടു് പോന്നോ. നിന്നങ്ങനെ മിഴിക്കുന്നു! (അകത്തേക്കു കടന്നുപോകുന്നു.)

രാമൻ അകത്തുകടന്നു വാതിലടച്ച സാക്ഷയിടുന്നു.

— യവനിക —

3

## രംഗം 2

ചാത്തുണ്ണിനായരുടെ വീട്ടിന്റെ പുറംതളം. ഒരു കട്ടിൽ, ഒരു മേശ, ഒരു ചാരുകസേര എന്നിങ്ങനെ അത്യാവശ്യത്തിനുള്ള സാധനങ്ങൾ മാത്രം. ചുമരിൽ വാതിലിനു വലത്തുവശത്തായി ഒരു കോട്ട് സ്റ്റാന്റുള്ളതിൽ ഏതാനും പഴയ രോമക്കുപ്പായങ്ങളും കാക്കിയുടുപ്പുകളും തുങ്ങിക്കിടക്കുന്നുണ്ട്. ചാത്തുണ്ണിനായർ വിചാരമഗ്നനായി ചാരുകസേരയിൽ ഇരിക്കുകയാണ്. ചൂരൽവടി ചാരുകസേരയോടു ചേർത്തുവെച്ചിട്ടുണ്ട്.

രാമൻ ഒരു കപ്പിൽ ചായ കൊണ്ടുവന്നു കൊടുക്കുന്നു. ചാത്തുണ്ണിനായർ നിവർന്നിരുന്ന് അതു വാങ്ങി കുടിക്കുന്നു. ആദ്യത്തെ കവിൾ അകത്തായതോടെ മുഖഭാവം മാറുന്നു. ചാത്തുണ്ണിനായർ രൂക്ഷമായി നോക്കുന്നു.

**രാമൻ:** (പതിഞ്ഞ സ്വരത്തിൽ) ഇവിടെ പഞ്ചസാരയില്ല

**ചാത്തുണ്ണി:** (പല്ലുകടിച്ച്) വാങ്ങായിരുന്നില്ലേ?

**രാമൻ:** അതിനു കാശുവേണ്ടേ?

ചാത്തുണ്ണിനായർ അസുഖകരമായ ആ സത്യം വേണ്ടത്ര മനസ്സിലാക്കി ചായ ഒരു വീർപ്പിന് അകത്താക്കുന്നു.

**രാമൻ:** കുറച്ചുകൂടി കൊണ്ടുവരട്ടേ?

ചാത്തുണ്ണിനായർ ദഹിപ്പിക്കാൻ പാകത്തിൽ രാമന്റെ മുഖത്തു നോക്കുന്നു. കപ്പു ശക്തിയോടെ നീട്ടുന്നു.

**രാമൻ:** (കപ്പു വാങ്ങിക്കൊണ്ടു പതുക്കെ) ഇനിയും കഴിയണം നാല് ദിവസം.

**ചാത്തുണ്ണി:** (രാമന്റെ മുഖത്തുതന്നെ നോക്കിക്കൊണ്ട്) എന്തിന്?

**രാമൻ:** പെൻഷ്യൻ കിട്ടാൻ.

ചാത്തുണ്ണിനായർ രാമന്റെ മുഖത്തുനിന്നു പിന്നെയും അസുഖകരമായ സത്യം കേൾക്കുന്നു. ഒന്നും മിണ്ടാതെ ചാരുകസേരയിലേക്കു മലർന്നു കിടക്കുന്നു.

**രാമൻ:** എങ്ങനെ കഴിച്ചുകൂട്ടണന്ന് എനിക്കറിയില്ല;

**ചാത്തുണ്ണി:** ഇങ്ങനെ കഴിച്ചുകൂട്ടിയാൽ മതി (നേരിയൊരു നെടുവീർപ്പ്).

**രാമൻ:** അരിയും തീർന്നിരിക്കു. ഇന്നു രാത്രി കഷ്ടിയാണ്.

**ചാത്തുണ്ണി:** നീ അകത്തേക്കു പോണുണ്ടോ?

രാമൻ രണ്ടടി പിന്നാക്കം മാറി, അവിടെ നിന്നു തല ചൊറിയുന്നു.

**ചാത്തുണ്ണി:** എന്തെടാ പോകാത്തത്?

**രാമൻ:** നാളേക്ക് അരി വേണ്ടേ?

**ചാത്തുണ്ണി:** (അല്പം ശാന്തസ്വരത്തിൽ) വേണ്ട.

രാമൻ അമ്പരന്നു നോക്കുന്നു.

**ചാത്തുണ്ണി:** പട്ടിണി കിടക്കാം. (നിശ്ശബ്ദത) നിനക്കു പട്ടിണികിടക്കാൻ വയ്യെങ്കിൽ എവിടെ വേണന്നിച്ചാൽ പൊയ്ക്കോ.

**രാമൻ:** എന്റെ കാര്യം വിചാരിച്ചിട്ടല്ല.

**ചാത്തുണ്ണി:** പിന്നെ? എന്റെ കാര്യം വിചാരിച്ചാണോ? എടാ, എനിക്കു പട്ടിണി കിടക്കാനും അറിയാം.

രാമൻ മിണ്ടാതെ നില്ക്കുന്നു.

**ചാത്തുണ്ണി:** എന്തെടാ പിന്നേം നില്ക്കുന്നത്.

**രാമൻ:** ഇങ്ങനെ വാശിപിടിക്കുന്നതെന്തിനാ?

**ചാത്തുണ്ണി:** എന്തു വാശി?

**രാമൻ:** ഇന്നലേം വന്നു ഒരു മണിയോഡർ.

**ചാത്തുണ്ണി:** അതുകൊണ്ട്?

**രാമൻ:** ഇനി ഇന്നോ നാളെയോ ഒന്നു വേറേം ഉണ്ടാവും.

**ചാത്തുണ്ണി:** ഞാനെന്തു വേണെടാ അതിന്?

**രാമൻ:** അതു വാങ്ങീരുന്നെങ്കിൽ ഇങ്ങനെ കഷ്ടപ്പെടണോ?

**ചാത്തുണ്ണി:** മനസ്സില്ല.

**രാമൻ:** അവനവന്റെ മക്കളോടെന്തിനാ ഇങ്ങനെ വാശിപിടിക്കുന്നത്?

**ചാത്തുണ്ണി:** (നിവർന്നിരിക്കുന്നു. മുഖത്തു കോപവും നൈരാശ്യവും നിഴലിക്കുന്നു.) എന്തെടാ നീ പറഞ്ഞത്? മക്കളെന്നോ? ഏതു മക്കൾ? ഞാൻ പറഞ്ഞിട്ടില്ലേ, എനിക്കങ്ങനെ ഒരു മകനും മകളും ഇല്ലെന്ന്! സ്നേഹംകെട്ട വക?

**രാമൻ:** അങ്ങനെ പറയരുത്.

**ചാത്തുണ്ണി:** പിന്നെ എങ്ങനെ പറയണം?

**രാമൻ:** അവര്ക്കിപ്പോം ഇവിടത്തോടു വല്യ സ്നേഹാണ്.

**ചാത്തുണ്ണി:** എടാ, നീ മിണ്ടരുത്. (പതുക്കെ എഴുന്നേല്ക്കുന്നു.) അവരെപ്പറ്റി നീയിവിടെ ഒരക്ഷരം മിണ്ടരുത്. സ്നേഹാണത്രേ, സ്നേഹം! (അസ്വസ്ഥനാവുന്നു. വടിയുംകുത്തി രാമൻ നിൽക്കുന്നതിന്റെ എതിർവശത്തേക്ക് പോകുന്നു. ഒന്നാം രംഗത്തിൽ കണ്ടതിലേറെ അസ്വാസ്ഥ്യം നടക്കുമ്പോൾ പ്രത്യക്ഷപ്പെടുന്നുണ്ട്.)

**രാമൻ:** എന്താ ഇവിടുന്നിങ്ങനെ പറയുന്നത്.

**ചാത്തുണ്ണി:** (തിരിഞ്ഞുനിന്ന്) എടാ, നിനക്കെന്തറിയും? അറിയാത്തകാര്യത്തെപ്പറ്റി ഒരക്ഷരം മിണ്ടരുത്.

**രാമൻ:** ഞാനവിടുത്തെ മക്കളെപ്പറ്റിയല്ലേ പറയുന്നത്?

**ചാത്തുണ്ണി:** (കാലിന്റെ അസ്വാസ്ഥ്യം അവഗണിച്ച് ഒരു രണ്ടടി ധൃതിയിൽ മുൻപോട്ടു വരുന്നു. എന്നിട്ടല്പം വേദന സഹിച്ചു കൊണ്ട് രാമനോടു കയർക്കുന്നു) മക്കളേ? എന്തു മക്കളെടാ. ഞാൻ പറഞ്ഞില്ലേ, അവരെന്റെ മക്കളല്ലെന്ന്? (അല്പം മൗനമായി നിന്ന് തന്നോടെന്നപോലെ) എന്റെ മക്കളാണെങ്കിൽ എന്നെ അനുസരിക്കും. എന്നെ അവരെന്നു ധിക്കരിച്ചോ, അന്നുമുതൽ അവരെന്റെ മക്കളല്ല.

**രാമൻ:** അങ്ങന്യൊന്നും മക്കള് മക്കളല്ലാതാവില്ല;

**ചാത്തുണ്ണി:** (ശുണ്ഠിപിടിച്ചു പിന്നെയും കാലിന്റെ അസ്വാസ്ഥ്യം മറന്നു മുൻപോട്ടടുക്കുന്നു.) രാമാ, നിന്നെ... (പെട്ടെന്നു കാലിന്റെ വേദന അനുഭവപ്പെട്ടു നില്ക്കുന്നു. പതുക്കെ ചെന്നു കസേരയിലിരിക്കുന്നു.)

കുറച്ചു നിശ്ശബ്ദത.

**രാമൻ:** എന്താ അവിടുന്നൊന്നും മിണ്ടാത്തത്?

**ചാത്തുണ്ണി:** എടാ, നീയെന്നെ അതിരം പിടിപ്പിക്കരുത്. നീ യാതൊന്നും അറിയില്ല... അവരെ ഞാനെങ്ങനെ വളർത്തിയെന്നു നീ അറിയ്യോ?... ഇല്ല... നീ അറിയില്ല... ആരും അറിയില്ല... ആ നന്ദികെട്ട കഴുതകളും അറിഞ്ഞിട്ടില്ല;

**രാമൻ:** എന്തൊക്ക്യാ ഈ പറയുന്നത്? അവരതൊക്കെ അസ്സലായിട്ടു മനസ്സിലാക്കിയിരിക്കുന്നു... സ്നേഹല്ലേങ്കിൽ ആരെങ്കിലും മാസംപ്രതി ഇങ്ങനെ പണം അയക്ക്യോ? ഇവിടുന്നു വാങ്ങാഞ്ഞിട്ടും അവരയയ്ക്കുന്നില്ലേ?

**ചാത്തുണ്ണി:** (പുച്ഛരസത്തിൽ) അവരുടെ പണം! ആർക്കുമവേണെടാ അവരുടെ പണം?... സ്വന്തം അച്ഛനെ ചവുട്ടിത്തേച്ചവരുടെ പണം!

**രാമൻ:** അയ്യോ, ഇങ്ങന്യൊന്നും പറയരുത്;

**ചാത്തുണ്ണി:** (ശുണ്ഠിയെടുത്ത് കൈ പൊക്കിക്കൊണ്ട്) എടാ, നീയെന്റെ കൈ കൊണ്ടൊന്ന് വാങ്ങും.

**രാമൻ:** ന്നാലും വേണ്ടില്ല;

**ചാത്തുണ്ണി:** എടാ, നീയീ ചാത്തുണ്ണിഹേഡിനെപ്പറ്റി എന്തറിയും! (അല്പനേരം മിണ്ടാതെ കുനിഞ്ഞിരിക്കുന്നു. എന്നിട്ടു രാമന്റെ മുഖത്തുനോക്കി പതിഞ്ഞ സ്വരത്തിൽ) ഞാൻ ഒരുപാടു കൈക്കൂലി വാങ്ങീട്ടുണ്ടെന്നു കേട്ടിട്ടില്ലേ?

രാമൻ മിണ്ടുന്നില്ല.

**ചാത്തുണ്ണി:** ഇല്ലേടാ, കേട്ടിട്ടില്ലേ? സത്യം പറഞ്ഞോ.

**രാമൻ:** (പതുക്കെ) കേട്ടിട്ടുണ്ട്.

**ചാത്തുണ്ണി:** ഞാൻ ആളുകളെ കലശലായി ദ്രോഹിച്ചെന്നു നീ കേട്ടിട്ടില്ലേ?

രാമൻ മിണ്ടാതെ പരുങ്ങുന്നു.

**ചാത്തുണ്ണി:** എന്തിനു നീ പരുങ്ങുന്നു? കേട്ടതു പറഞ്ഞോ. നീ യാതൊന്നും കേട്ടിട്ടില്ലേ?

**രാമൻ:** (പതുക്കെ) ഉണ്ട്.

**ചാത്തുണ്ണി:** ആളുകളെ തല്ലിക്കൊന്നെന്നു കേട്ടിട്ടില്ലേ?

**രാമൻ:** എന്നോടൊന്നും ചോദിക്കരുത്

**ചാത്തുണ്ണി:** ഉണ്ടട, നീ കേട്ടിട്ടുണ്ട്. നീ മാത്രമല്ല, ഇന്നാട്ടിലെല്ലാരും കേട്ടിട്ടുണ്ട്. ഈ പാപങ്ങളൊക്കെ ചെയ്തിട്ടു ഞാൻ സമ്പാദിച്ച കാശെവിടെ എവിടെയെടാ?

**രാമൻ:** ഞാനെങ്ങനെയറിയും?

**ചാത്തുണ്ണി:** ഇവിടെ ഞാൻ സൂക്ഷിച്ചിട്ടുണ്ടോ?

**രാമൻ:** ഇല്ല

**ചാത്തുണ്ണി:** ബാങ്കിലിട്ടിട്ടുണ്ടോ?

**രാമൻ:** അറിയില്ല.

**ചാത്തുണ്ണി:** ബാങ്കിൽ പണമുണ്ടെങ്കിൽ ഇങ്ങനെ പട്ടിണികിടക്കാൻ എനിക്കു പ്രാന്തുണ്ടോ? എടാ, ഇന്നു ജീവിക്കാൻ എനിക്കെന്റെ പെൻഷൻ വേണം. അതു നിനക്കറിയില്ലേ

**രാമൻ:** അറിയും

**ചാത്തുണ്ണി:** പെൻഷ്യൻ തീരുന്നവരെ ആഹാരം കഴിക്കും. ഇല്ലാത്ത ദിവസം പട്ടിണി കിടക്കും. എവിടെപ്പോയെടാ എന്റെ കാശത്രയും? ഏ? എവിടെപ്പോയി? (രാമനെ ഇമവെട്ടാതെ നോക്കുന്നു.)

**രാമൻ:** ഞാനെങ്ങനെ അറിയും?

**ചാത്തുണ്ണി:** അതാണ് പറഞ്ഞത്, നിനക്കൊന്നും അറിയില്ലെന്ന്. ഞാനെന്റെ കാശത്രയും അവറ്റയ്ക്കുവേണ്ടി തുലച്ചു—മക്കളെന്നു പറയുന്ന ആ നായ്ക്കൾക്കുവേണ്ടി! (തന്നോടെന്നപോലെ, ശുണ്ഠിയും വേദനയും കലർന്ന സ്വരത്തിൽ.) ഞാനെങ്ങനെ അവരെ വളർത്തിയെന്നോ? ഒരു രാജാവിന്റെ മക്കളെപ്പോലെ അന്നു സൂപ്രണ്ട് സായ്പിന്റെ മക്കൾക്കുംകൂടി അത്ര പദവിയുണ്ടായിരുന്നില്ല... (അല്പം നേരം മിണ്ടാതിരുന്ന രാമനെ നോക്കി) എന്തെടാ മിണ്ടാത്തത്?

**രാമൻ:** ഞാനെന്താ മിണ്ടേണ്ടത്?

**ചാത്തുണ്ണി:** നീയെന്നല്ല, ആരും ഒന്നും മിണ്ടരുത്. ഈ ചാത്തുണ്ണിഹേഡ് ഒന്നു തീർച്ചപ്പെടുത്തിയാൽ അതിളകില്ല... (വീണ്ടും തന്നോടെന്നപോലെ) അങ്ങനെ സകലതും തുലച്ചു. ഞാനവരെ പോറ്റി, പഠിപ്പിച്ചു, ഉദ്യോഗത്തിലാക്കി. (രാമനോടു കലശലായ ശുണ്ഠിയോടെ) എന്നിട്ടവരെന്തെടാ ചെയ്തത്? ഏ? എന്താ ചെയ്തത്? അവറ്റ് തിരിഞ്ഞുനിന്ന് എന്റെ നെഞ്ചിൽ ചവുട്ടി... എന്നെ ധിക്കരിച്ചു... എന്റെ മുഖത്തവർ കാറിത്തുപ്പി... അവരുടെ പണം! എടാ പട്ടിണികിടന്നു മരിച്ചാലും എനിക്കതു വേണ്ട... നീ കേൾക്കുന്നുണ്ടോ?

രാമൻ ഒന്നും മിണ്ടുന്നില്ല.

**ചാത്തുണ്ണി:** നീയവരെപ്പറ്റി എന്നോടൊരക്ഷരം മിണ്ടരുത്. മിണ്ടിയാൽ നിന്റെ തലമണ്ട ഞാനുടയ്ക്കും. നിനക്ക് ഈ ചാത്തുണ്ണി ഹേഡിനെ വേണ്ടപോലെ മനസ്സിലായിട്ടില്ല...

അകലത്തു പടിവാതിലിൽ ആരോമുട്ടിവിളിക്കുന്ന ശബ്ദം. രാമനും ചാത്തുണ്ണി നായരും ഒപ്പം ശ്രദ്ധിക്കുന്നു.

(അകലത്തുനിന്ന് ശബ്ദം) ഹേ... . ഒന്നു വാതിൽ തുറക്കു. ഹേ... ഹേ...

**ചാത്തുണ്ണി:** (കഠിനമായ ശുണ്ഠിയോടെ) ചെന്നു പറ, വാതിൽ തുറക്കില്ലെന്ന്; ഇവിടാരും കടക്കേണ്ടെന്ന്. എനിക്കാരേയും കാണേണ്ട. എന്നെയാരും കാണുകയും വേണ്ട. ഉം. വേഗം ചെല്ല്. (കസേരയിൽ മലർന്നുകിടക്കുന്നു.)

രാമൻ പോകുന്നു.

**ചാത്തുണ്ണി:** (അസ്വസ്ഥനായി വീണ്ടും നിവർന്നിരിക്കുന്നു. മനസ്സിലുള്ള വിചാരങ്ങളിൽ ചിലത് അസ്പഷ്ടമായും മുറിഞ്ഞും പുറത്തേക്കു വരുന്നു!) എന്നെ കാണാൻ വരുന്നു. ആരു കാണാൻ? എന്തിനു കാണാൻ. കണ്ടുകണ്ട് എനിക്കു മടുത്തു... ഒരിത്തിരി സ്നേഹമുള്ള ഒരാളും വരുന്നില്ലല്ലോ... അതെന്റെ മക്കൾക്കുകൂടിയില്ല... ഉം... (നീട്ടിമൂളുന്നു വീണ്ടും ചാരിയിരിക്കുന്നു?)

രാമൻ തിരിച്ചുവന്നു തലചൊറിഞ്ഞു നില്ക്കുന്നു.

**ചാത്തുണ്ണി:** എന്തെ?

**രാമൻ:** അയാൾ...

**ചാത്തുണ്ണി:** ആരെടാ അത്?

**രാമൻ:** തപൽശിപ്പായി

**ചാത്തുണ്ണി:** പൂവ്വാൻ പറഞ്ഞില്ലേ?

**രാമൻ:** പറഞ്ഞു.

**ചാത്തുണ്ണി:** എന്നിട്ട്?

**രാമൻ:** പോണില്ല.

**ചാത്തുണ്ണി:** (വടിയെടുക്കുന്നു) എന്ത്? പോണില്ലേ?

**രാമൻ:** അയാൾക്കു കണ്ടേ കഴിയൂ എന്ന്.

**ചാത്തുണ്ണി:** ഞാനെല്ലാറ്റിനേയും തല്ലിയോടിക്കും. പറഞ്ഞാൽ മനസ്സിലാവില്ലേ

**രാമൻ:** അയാൾക്കു പറഞ്ഞിട്ട് മനസ്സിലാവുന്നില്ല.

**ചാത്തുണ്ണി:** എന്നാൽ രണ്ടു കിട്ടണം.

**രാമൻ:** അയാൾ മണിയോഡർ മടക്കുന്നയാളെകണ്ടിട്ടില്ലത്രേ

**ചാത്തുണ്ണി:** ആഹാ കണ്ടിട്ടില്ലേ... പോയി വിളിച്ചുകൊണ്ടുവാ. ഇന്നു കാണിച്ചു കൊടുത്തുകളയാം.

രാമൻ പോകുന്നു. ചാത്തുണ്ണിനായർ വടി നിലത്തുന്നി അതിന്മേൽ താടിയും താങ്ങി മുഖവും വീർപ്പിച്ചിരിക്കുന്നു.

മുൻപിൽ രാമനും പിൻപിൽ പോസ്റ്റ്മേനും കടന്നുവരുന്നു. ചാത്തുണ്ണിനായർ പോസ്റ്റ്മേനെ രൂക്ഷമായി നോക്കുന്നു. പോസ്റ്റ്മേൻ അല്പം അടുത്തേക്കു വന്ന് ഒരു സലാം വെക്കുന്നു. ചാത്തുണ്ണിനായർ ശ്രദ്ധിക്കുന്നില്ല.

**പോസ്റ്റ്മേൻ:** ഒരു മണിയോഡർ ഉണ്ട്.

**ചാത്തുണ്ണി:** (തല നിവർത്തി) ആഹാ ഉണ്ടോ? ഉണ്ടെങ്കിൽ വാങ്ങാൻ മനസ്സില്ല. മടക്കിക്കളയൂ.

**പോസ്റ്റ്മേൻ:** (അല്പം ശങ്കിച്ചു) നിങ്ങൾക്ക്...

**ചാത്തുണ്ണി:** (പറഞ്ഞുതീർക്കാൻ സമ്മതിക്കാതെ) മിണ്ടരുത്. വേണ്ടെന്നു പറഞ്ഞാൽ വേണ്ട.

പോസ്റ്റ്മേൻ അമ്പരന്നു നോക്കുന്നു.

**ചാത്തുണ്ണി:** (വടിയും കുത്തി എഴുന്നേല്ക്കുന്നു) എന്താ മലയാളം മനസ്സിലാവില്ലേ? വാങ്ങാൻ മനസ്സില്ലെന്നു പറഞ്ഞു് മടക്കികളയൂ. (അകത്തേക്കുള്ള വാതിലിനു നേരെ നടക്കുന്നു.) എടാ, രാമാ എനിയ്ക്കു് കുളിക്കാൻ വെള്ളം ചൂടാക്കീട്ടില്ലേ?

**രാമൻ:** ഉണ്ടു്.

**ചാത്തുണ്ണി:** ശരി. വേഗത്തിലവനെ പുറത്താക്കി പടിവാതിലടച്ചു് ഇങ്ങുവാ. (അകത്തേക്കു പോകുന്നു.)

**പോസ്റ്റ്മേൻ:** (ചാത്തുണ്ണിനായർ പോയ വഴിയേതന്നെ അമ്പരന്നു നോക്കുന്നു. തെല്ലിട കഴിഞ്ഞു) ഏതാ ഈ മനുഷ്യൻ?

**രാമൻ:** (ശബ്ദം താഴ്ത്തി) പതുക്കെ പറഞ്ഞോളൂ.

**പോസ്റ്റ്മേൻ:** പത്തുപതിനഞ്ചു കൊല്ലമായി ഞാനീ ജോലിനോക്കുന്നു. ഇതിനിടയ്ക്കു് ഇങ്ങനെയൊരാളെ ഞാൻ കണ്ടിട്ടില്ല.

**രാമൻ:** നിങ്ങളിവിടെ നടാടെയല്ലേ?

**പോസ്റ്റ്മേൻ:** ഞാൻ രണ്ടു ദിവസത്തെ ബദൽ നോക്കാൻ വന്നതാണ്. ഇന്നിവിടെ എത്തിയതേയുള്ളൂ. ഈ മണിയോർഡർ എടുക്കുമ്പോൾ തന്നെ ആപ്പീസിൽ നിന്നു പറഞ്ഞു. എങ്കിലും ആളെ ഒന്നു കണ്ടുകളയാമെന്നുവെച്ചു കയ്യിലെടുത്തതാണ്. എന്താ ഭ്രാന്താണോ?

**രാമൻ:** പതുക്കെ പറയിൻ. നമ്മൾക്കു രണ്ടാൾക്കും കിട്ടും

**പോസ്റ്റ്മേൻ:** ആരാ ഈ പണമയയ്ക്കുന്നതു്?

**രാമൻ:** നിങ്ങൾ നടക്കിൻ. ഞാൻ പറയാം. ഇവിടെനിന്നു പറയുന്ന ശബ്ദമെങ്ങാനും കേട്ടാൽ എന്നെ കൊല്ലും.

**പോസ്റ്റ്മേൻ:** കുളിക്കാൻ പോയതല്ലേ? തിരിച്ചുവരാൻ താമസിക്കും. നിങ്ങൾ പറയിൻ.

**രാമൻ:** പണമയയ്ക്കുന്നതു് മക്കളാണ്, ഒരു മകനും മകളും ജോലിയിലുണ്ടു്. മാസത്തിലവർ പണമയയ്ക്കും.

**പോസ്റ്റ്മേൻ:** ഇയാളെന്താ വാങ്ങാത്തതു്.

**രാമൻ:** അതു വലിയൊരു കഥയാണ്. (പരിഭ്രമിച്ചു് ഇടയ്ക്കിടെ അകത്തേക്കു നോക്കുന്നു.) മക്കൾ കല്യാണം കഴിച്ചതാണ് കാരണം, ഇദ്ദേഹത്തിനിഷ്ടമില്ലാതെ രണ്ടാളും കല്യാണം കഴിച്ചു. അന്നു തുടങ്ങി പിണക്കം.

**പോസ്റ്റ്മേൻ:** ഭാര്യയില്ലേ.

**രാമൻ:** അന്നുമുതൽ അവരേയും പുറത്താക്കി. അവർ മകന്റെ ഒന്നിച്ചാണ്.

**പോസ്റ്റ്മേൻ:** ഭ്രാന്തുതന്നെ മുഴുത്ത ഭ്രാന്തു്. പേടിക്കണം.

**രാമൻ:** ഇപ്പോളിവിടെ തനിച്ചാണ്. എപ്പോഴും പടിവാതിൽ അടച്ചു പൂട്ടിയിടും. ഒരാളെ ഇങ്ങോട്ടു കടത്തില്ല; എവിടെയും പോവില്ല.

**പോസ്റ്റ്മേൻ:** ആട്ടെ, നിങ്ങളാരാ?

**രാമൻ:** ഞാനിവിടെ സമീപമാണ്. ഇയാൾക്കൊരു സഹായത്തിനു വേണ്ടി ഇവിടെ വന്നു.

**പോസ്റ്റ്മേൻ:** നങ്ങൾക്കും ഭ്രാന്തായിരിക്കണം. ഇല്ലെങ്കിൽ എങ്ങനെ ഇവിടെ കഴിച്ചുകൂട്ടും എന്തൊക്കെ ജാതി മനുഷ്യരാണപ്പാ.

**രാമൻ:** അതൊക്കെ പിന്നെ തീർച്ചപ്പെടുത്താം. നിങ്ങൾ നടക്കിൽ. എനിക്കു പടി വാതിലടയ്ക്കണം.

**പോസ്റ്റ്മേൻ:** അതു തുറന്നിട്ടാൽത്തന്നെ ഒരബദ്ധം വരില്ല; ഇവിടെ ആരു കേറും? (നടക്കുന്നു. പിന്നാലെ രാമനും.)

— യവനിക —

— 4 —

# രാഗം 3

ചാത്തുണ്ണിനായരുടെ മകൻ വിജയന്റെ വീട്ട്, യവനിക നീങ്ങുമ്പോൾ വിജയൻ മേശപ്പുറത്തുള്ള വലിയ കണ്ണാടിയിൽ നോക്കി തലമുടി ചീകുകയാണ്. മുണ്ടും കയ്യില്ലാത്തൊരു ബനിയനും മാത്രമേ ധരിച്ചിട്ടുള്ളൂ. തലമുടി ചീകിയൊതുക്കി, ചീർപ്പു താഴെ വെച്ച്, കൈവിരൽകൊണ്ടു മീശയൊന്നു തടവിയൊതുക്കി, പുരികങ്ങൾ ഒന്നു ഭാഷപ്പെടുത്തി, മേശപ്പുറത്തുള്ള പാക്കറ്റിൽനിന്ന് ഒരു സിഗററ്റെടുത്തു കൊളുത്തുന്നു. വിജയന്റെ ഭാര്യ, ഭാനു അലക്കിത്തേച്ച ഒരു ബുഷർട്ടും എടുത്തുകൊണ്ടു വരുന്നു.

**വിജയൻ:** (ഷർട്ടു വാങ്ങി ഇട്ടുകൊണ്ട്) ഭാനു, ഞാനിനി ഉച്ചയ്ക്ക് ഉണ്ണാൻ വരില്ല.

**ഭാനു:** ഏ? അതെന്താ?

**വിജയൻ:** ഈ വേനല്ക്കാലം കഴിഞ്ഞല്ലാതെ ഉച്ചയ്ക്കു വരാൻ പറ്റില്ല എന്തൊരു ചൂടാണ്.

**ഭാനു:** എന്നിട്ട് ഉച്ചയ്ക്കെന്തു ചെയ്യും?

**വിജയൻ:** രാവിലെ ഉണ്ടിട്ടു പോകാം. ഉച്ചയ്ക്കു വല്ല ചായയോ പലഹാരമോ മതി.

**ഭാനു:** രാവിലെ ഉണ്ണാൻ സാധിക്കയില്ല; അതു ശീലിച്ചിട്ടില്ലല്ലോ.

**വിജയൻ:** ശരിയാണ്. എന്തായാലും ഈ വെയിലത്തു നടക്കാൻ വയ്യ. അല്ലെങ്കിൽ ഉച്ചയ്ക്കു ഹോട്ടലിൽനിന്നുണ്ടാലോ?

**ഭാനു:** അതു വേണ്ട. ഹോട്ടലിലെ ഊണു വയറിനു പിടിക്കില്ല വയറു തകരാറാവും.

**വിജയൻ:** ഇതിനെന്തെങ്കിലും ഒരു പോംവഴി കാണണം. (ഷർട്ടിന്റെ കുടുക്കുകൾ ഇട്ടുകഴിഞ്ഞു.) അല്ലാ എന്റെ വാച്ചെവിടെ?

ഭാനു മേശയുടെ അടുത്തേക്കു നീങ്ങുന്നു.

**വിജയൻ:** ആ മേശയിലുണ്ടാവും ഒന്നു നോക്കു.

ഭാനു മേശ തുറന്നു വാച്ചെടുത്തു കൊടുക്കുന്നു.

**വിജയൻ:** (വാച്ചു മേടിക്കുന്നു.) അവിടെ ഏതാനും കടലാസുകൂടി കാണാം. അതും ഇങ്ങട്ടെടുക്കു.

ഭാനു കടലാസുകൾ എടുക്കുന്നു. വിജയൻ വാച്ചു കൈക്കു കെട്ടുന്നു. ഭാനു കടലാസെടുത്തു കൊണ്ടുവന്നു കൊടുക്കുന്നു. വിജയൻ കടലാസുകൾ ഒന്നൊന്നായി നോക്കി കീശയിലിടുന്നു. കൂട്ടത്തിൽ ഒരു കടലാസു പ്രത്യേകമായി പരിശോധിക്കുന്നു. മുഖഭാവം മാറുന്നു. തെല്ലൊരു ശോകച്ഛായ.

**ഭാനു:** (വിജയന്റെ മുഖഭാവം സൂക്ഷിച്ചുനോക്കുന്നു) എന്താണത്?

**വിജയൻ:** ഭാനു, ഇത്തവണയും അച്ഛൻ പണം മടക്കി.

**ഭാനു:** വഴങ്ങിയില്ലാ?

**വിജയൻ:** ഇല്ല. എന്താണിനി ചെയ്യേണ്ടതെന്നു എനിക്കു മനസ്സിലാവുന്നില്ല.

**ഭാനു:** നമുക്കെല്ലാവർക്കുംകൂടി അങ്ങോട്ടു പോകാം.

**വിജയൻ:** എങ്ങോട്ട്?

**ഭാനു:** അച്ഛന്റെ അടുക്കലേക്ക്.

**വിജയൻ:** നിനക്കെന്റെ അച്ഛനെപറ്റി യാതൊന്നുമറിയില്ല; അറിയുമെങ്കിൽ നീയിതു പറയില്ല. ഓ! എന്തൊരു വാശിയാണെന്നോ ഇതാ, എനിക്കിന്നലെ അവിടെനിന്നൊരു കത്തുണ്ടായിരുന്നു.

അസ്വസ്ഥതയോടെ ഒരു കസേരയിൽ ചെന്നിരിക്കുന്നു.

**ഭാനു:** (അടുത്തേക്കു ചെന്നു) ആരുടെ കത്ത്?

**വിജയൻ:** എന്റെ ഒരു സ്നേഹിതന്റെ! എന്തൊക്കെയാണ് അച്ഛനവിടെ കാണിക്കുന്നത്? വീട്ട് അടച്ചുപൂട്ടി തനിച്ചവിടെ കഴിച്ചുകൂട്ടുകയാണത്രേ. ആരേയും അങ്ങട്ടു ചെല്ലാനനുവദിക്കില്ല. അച്ഛൻ പുറത്തെവിടേയും പോകാറില്ല. ഏകാന്തവാസം.

**ഭാനു:** കഷ്ടംതന്നെ!

**വിജയൻ:** വയസ്സുകാലമാണ്... (നിശ്ശബ്ദത) അച്ഛനു മറ്റുള്ളവരുടെ സഹായം എത്രയും ആവശ്യമായ കാലമാണിത്... ശേഷിയായ മക്കളുണ്ട്. എന്റെ അമ്മയും ഇന്നു ജീവിച്ചിരിക്കുന്നുണ്ട്... എന്നിട്ടും അച്ഛനിന്ന് ഏകനാണ്.

**ഭാനു:** ഒരു കാര്യം ചെയ്യൂ.

വിജയൻ: എന്തു കാര്യം ഭാനു? ചെയ്യാൻ കഴിവുള്ളത്രയും ഞാൻ ചെയ്യുന്നുണ്ട്. അച്ഛൻ സ്വീകരിക്കാനൊരുക്കമില്ല... ഇതാ ഇത്തവണയും മണിയോർഡർ മടക്കി ഭാനു, നീയറിയില്ല; അച്ഛന്റെ പെൻഷ്യൻ തുച്ഛമായൊരു സംഖ്യയാണ്. അതുകൊണ്ട് ഒരു മാസം കഴിച്ചുകൂട്ടാൻ സാധിക്കില്ല;

ഭാനു: ഇതൊന്നും ഇവിടെ ഇരുന്ന് പറഞ്ഞിട്ട് കാര്യമില്ല.

വിജയൻ: പിന്നെ ഞാനെന്തു വേണമെന്നാണ് ഭാനു പറയുന്നത്?

ഭാനു: ഉടനെ നമുക്കെല്ലാവർക്കുംകൂടി അങ്ങട്ടു പോകാം.

വിജയൻ: എന്നിട്ട്?

ഭാനു: അച്ഛനെ ശുശ്രൂഷിച്ചുകൊണ്ട് അവിടെ പാർക്കാം.

വിജയൻ: ഭാനുവിന് എന്റെ അച്ഛനെ മനസ്സിലായിട്ടില്ല. അച്ഛനൊന്നു തീർച്ചപ്പെടുത്തിയാൽ അതിനിളക്കമില്ല; ശരിയായാലും, തെറ്റായാലും അച്ഛനതിൽ ഉറച്ചു നില്ക്കും... നമ്മളവിടെ ചെന്നാൽ പടിവാതിലിനു പുറത്തു നിന്നു വ്യസനിച്ചു മടങ്ങിപ്പോരേണ്ടിവരും. അച്ഛൻ അകത്തു കടത്തില്ല

ഭാനു: ഇങ്ങനെ അവിടെയിരുന്ന് അച്ഛനും ഇവിടെയിരുന്നു മക്കളും വേദനിച്ചിട്ടെന്തു ഫലം?

വിജയൻ: എനിക്ക് അച്ഛന്റെ ഭാവിയെക്കുറിച്ചു വലിയ ഭയമുണ്ട്.

ഭാനു: അച്ഛന്റെ സ്വഭാവം ഇങ്ങനെയൊക്കെയാണെന്നു കണ്ടിട്ടും ഈ വയ്യാവേലിക്കു മുതിരേണ്ടിയിരുന്നില്ല.

വിജയൻ: ഏതു വയ്യാവേലി?

ഭാനു: നമ്മുടെ വിവാഹം.

വിജയൻ: നമ്മുടെ വിവാഹം ഇതിലൊന്നും ചെയ്തിട്ടില്ല. ഏതു വിവാഹമായാലും ഇതൊക്കെ സംഭവിക്കും. അച്ഛന്റെ ഇഷ്ടത്തിനനുസരിച്ച് ഒരു വിവാഹത്തിന് ഒരിക്കലും ഞാൻ മുതിരുമായിരുന്നില്ല.

ഭാനു: എന്നാൽപിന്നെ, കുഴപ്പമില്ലാതെ കഴിക്കാൻ അവിവാഹിതനാവാമായിരുന്നില്ലേ?

വിജയൻ: ഭാനുവിനെ കണ്ടതുകൊണ്ട് അങ്ങനെ ആവാനും കഴിഞ്ഞില്ല.

ഭാനു: പക്ഷേ, അതിനുപകരം മറ്റൊരു വിഷാദം അനുഭവിക്കേണ്ടിവന്നു.

വിജയൻ: എന്തുതന്നെ പറഞ്ഞാലും ഈ വിഷാദത്തിന് ഒരു മധുരമുണ്ട്. അതെന്താണെന്നു വിവരിക്കാൻ എനിക്കു വയ്യ. സ്നേഹത്തിന്റെ പേരിൽ സഹിക്കേണ്ടിവരുന്ന വിഷമങ്ങൾ തീർച്ചയായും കയ്പുള്ളവയല്ല. എല്ലാം എനിക്കു സഹിക്കാമെന്നുണ്ട്; ഒരു കാര്യം മാത്രം വയ്യ.

ഭാനു: എന്താണത്?

വിജയൻ: അമ്മയുടെ കാര്യം! അച്ഛനെ പിരിഞ്ഞതിനുശേഷം അമ്മ ഉള്ളിൽത്തട്ടിയൊന്നു ചിരിച്ചിട്ടില്ല; സ്വാദറിഞ്ഞു ഭക്ഷിച്ചിട്ടില്ല. എപ്പോഴും അച്ഛനെക്കുറിച്ചുള്ള വിചാരം.

**ഭാനു:** അതെന്തായാലും അങ്ങനെയല്ലാതെ വരില്ല; എത്ര കൊല്ലം പഴക്കമുള്ള ദാമ്പത്യമാണ്.

**വിജയൻ:** ഭാനു, ഈ സ്നേഹമെന്നു പറയുന്നതു വല്ലാത്തൊരു വസ്തുവാണ്. അതിന്നതാണെന്നു പറയാൻ വയ്യ. സത്യം പറഞ്ഞാൽ, അമ്മയുടെ ദാമ്പത്യജീവിതം അത്രയൊന്നും സുഖകരമായിരുന്നില്ല. അച്ഛൻ ചില്ലറക്കാര്യങ്ങൾക്കു കോപിക്കും. തരംകിട്ടുമ്പോഴൊക്കെ കുടിക്കുകയും ചെയ്യും. ഒരിക്കലെങ്കിലും അമ്മയോടൊരു നല്ലവാക്കു പറഞ്ഞു ഞങ്ങൾ കേട്ടിട്ടില്ല. എന്നിട്ടും അമ്മയ്ക്ക് അച്ഛനെച്ചൊല്ലി എന്തൊരു മനോവേദനയാണിന്ന്.

**ഭാനു:** സ്നേഹം നമ്മളാരും വിചാരിക്കുന്ന തരത്തിലല്ല

**വിജയൻ:** അല്ല. ഈ വയസ്സുകാലത്ത് അമ്മയെ അച്ഛൻ പുറത്താക്കി. അതും മക്കൾ ചെയ്ത കുറ്റത്തിന് എന്നിട്ടും അമ്മ അച്ഛനെച്ചൊല്ലി വേദനിക്കുന്നു.

**ഭാനു:** ഇതുപോലെ അച്ഛൻ അമ്മയെച്ചൊല്ലിയും വേദനിക്കുന്നുണ്ടാവും.

**വിജയൻ:** എന്തോ?

**ഭാനു:** അദ്ദേഹത്തിന്റെ മർക്കടമുഷ്ടിയും അഭിമാനവും അദ്ദേഹത്തെ കീഴടക്കിക്കളഞ്ഞതുകൊണ്ട് ഒന്നും ചെയ്യുന്നില്ലെന്നു മാത്രം.

**വിജയൻ:** ശരിയായിരിക്കാം. അച്ഛനു വാതരോഗത്തിന്റെ ഉപദ്രവം കുറേശ്ശെ തുടങ്ങീട്ടുണ്ടെന്നു കേട്ടു. ഞാനമ്മയോടതു പറഞ്ഞിട്ടില്ല. പറഞ്ഞാൽ അമ്മ കൂടുതൽ വ്യസനിക്കും... ഭാനു, എല്ലാ സുഖവും ഒരുമിച്ച മനുഷ്യർക്കുണ്ടാവുകയില്ല അല്ലെങ്കിൽ നമ്മുടെ കുടുംബം ഇന്നിങ്ങനെ വിഷമിക്കേണ്ടതില്ല. ജോലിയുള്ള മക്കൾ. അച്ഛനും അമ്മയും സ്വസ്ഥമായിരുന്നു സുഖിക്കേണ്ട കാലമാണിത്. നോക്കൂ, എന്തൊരു വിധി.

ഭാനു എന്തോ പറയാൻ ഭാവിക്കുമ്പോൾ അകത്തുനിന്ന് അമ്മ വിളിച്ചുകൊണ്ടുവരുന്നു. തലമുടി നരച്ച്, മുഖത്തു ചുളിവുകൾ വീണ്, വിഷാദച്ഛായ പരന്ന കഠിനദുഃഖത്തിന്റെ ഒരു പ്രതീകംപോലെയാണ് കാർത്ത്യായിനി അമ്മ. പ്രായം അമ്പതിനു മേലെ.

**കാർത്ത്യായനി അമ്മ:** (വിളിച്ചുകൊണ്ടു വരുന്നു) വിജയാ, മോനേ, വിജയാ;

**വിജയൻ:** (തിരിഞ്ഞുനോക്കി) അമ്മേ, എന്താണമ്മേ? (അമ്മ വരുന്ന ഭാഗത്തേക്കു പതുക്കെ നടന്നുചെല്ലുന്നു?

**കാർത്ത്യായനി അമ്മ:** (മുൻപോട്ടു വന്ന്) ഒന്നൂല്ല. നീ പോയോന്ന് അറിയാൻ വേണ്ടി വിളിച്ചുനോക്കിയതാണ്.

കുറച്ചുകൂടി മുൻപോട്ടു നീങ്ങി ഒരു കസേരയിൽ ചെന്നിരിക്കുന്നു. എന്നിട്ട് അല്പനേരം ഒന്നും മിണ്ടുന്നില്ല. വിജയനും ഭാനുവും അമ്മയെത്തന്നെ സൂക്ഷിച്ചു നോക്കുന്നു. കാർത്ത്യായനി അമ്മ എന്തോ പറയാൻ ഭാവിക്കുന്നുണ്ട്. പക്ഷേ, വാക്കുകൾ പുറത്തുവരുന്നില്ല. ഒടുവിൽ ബുദ്ധിമുട്ടി പറയാൻ തുടങ്ങുന്നു.

**കാർത്ത്യായനി അമ്മ:** പിന്നെ, വിജയാ!

**വിജയൻ:** (അമ്മ പറയുന്നതെന്തെന്നു കേൾക്കാനുള്ള ബദ്ധപ്പാടോടെ അടുത്തേക്കു ചെല്ലുന്നു.) എന്താണമ്മേ?

**കാർത്ത്യായനി അമ്മ:** (വാക്കുകൾ മുറിച്ചു മുറിച്ചു സംസാരിക്കുന്നു.) പിന്നെ ഞാൻ... തീരുമാനിച്ചു.

**വിജയൻ:** എന്തു തിരുമാനിച്ചു, അമ്മേ?

ഭാനു ഉത്കണ്ഠയോടെ കാർത്ത്യായനി അമ്മയെ നോക്കുന്നു.

**കാർത്ത്യായനി അമ്മ:** (പ്രയാസപ്പെട്ട്) പോകാൻ.

**ഭാനു:** എങ്ങട്ടു പോകാനമ്മേ?

**വിജയൻ:** പറയൂ അമ്മേ, എന്താണെന്നു പറയൂ.

**കാർത്ത്യായനി അമ്മ:** മോനേ, പന്ത്രണ്ടാമത്തെ വയസ്സിലാണ് നിന്റെ അച്ഛൻ എന്റെ കഴുത്തിൽ താലികെട്ടിയത്. (കണ്ഠം അല്പാല്പം ഇടറുന്നു) ഇന്നെനിക്ക് അമ്പത്തിരണ്ട് വയസ്സായി. (തെല്ലിട നിശ്ശബ്ദത. ഇമവെട്ടാതെ അകലത്തേക്കു നോക്കിയിരിക്കുന്നു. ആരും അന്യോന്യം നോക്കുന്നില്ല. വിജയൻ ഒരു ഭാഗത്തേക്ക് ഭാനു മറ്റൊരു ഭാഗത്തേക്ക്, എല്ലാവരും വിദൂരതയിലേക്ക് നോക്കുകയാണ്. കനക്കെ ചിന്തിക്കുകയാണ്. കാർത്ത്യായിനി അമ്മ തുടരുന്നു) നീ കേൾക്കുന്നുണ്ടോ?

**വിജയൻ:** (ഞെട്ടിത്തിരിഞ്ഞ്) ഉണ്ടമ്മേ, കേൾക്കുന്നുണ്ട്.

**കാർത്ത്യായനി അമ്മ:** ഈ ബന്ധത്തിന് അത്ര പഴക്കമുണ്ട്. നിന്റെ അച്ഛൻ ജീവിച്ചിരുക്കുമ്പോൾ ഞാനവിടെയാണ് വേണ്ടത്.

**ഭാനു:** (അല്പമൊരു പരിഭ്രമത്തോടെ) അമ്മ, അമ്മ ഇതിപ്പോൾ പറയുന്നത് ഇവിടെ വല്ല അസുഖവും തോന്നീട്ടാണോ?

**കാർത്ത്യായനി അമ്മ:** (ഭാനുവിനെ തിരിഞ്ഞുനോക്കി ഒന്നു ചിരിക്കാൻ ശ്രമിക്കുന്നു.) മോളേ, ഇപ്പോൾ നിനക്കിതു പറഞ്ഞാൽമനസ്സിലാവില്ല; നിങ്ങൾ രണ്ടാളോടുമാണ് ഞാൻ പറയുന്നത്. എനിക്കിവിടെ ഒന്നിനും ഒരു കുറവില്ല. സുഖമാണ്. നിങ്ങളെയൊക്കെ കണ്ടുകൊണ്ടിരിക്കുന്നതിലും വലിയ സുഖം എനിക്കില്ല. പക്ഷേ, മോളേ, വിജയന്റെ അച്ഛൻ അവിടെ തനിച്ചാണ്. ഈ വയസ്സുകാലത്തു തനിച്ചു കഴിഞ്ഞുകൂട്ടുമ്പോൾ എന്തൊക്കെ വിഷമമുണ്ടാകും? ആരാണൊരു സഹായം? വല്ല രോഗവും വന്നുപോയാൽ... എന്താണ് സ്ഥിതി?

**വിജയൻ:** അമ്മേ ഇതൊന്നും നമ്മുടെ കുറ്റംകൊണ്ടു വന്നതല്ലല്ലോ.

**കാർത്ത്യായനി അമ്മ:** വാദിച്ചാൽ നിന്നോടു ഞാൻ ജയിക്കില്ല എന്നാലും എന്റെ മനസ്സു സമ്മതിക്കുന്നില്ല മോനേ, കുറ്റപ്പെടുത്താൻ എളുപ്പമാണ്. നിന്റെ അച്ഛൻ നിനക്കും എനിക്കും വേണ്ടി പാടുപെട്ടത് എത്രയാണെന്നു നിനക്കറിയാമോ? ഇല്ല. ഈ കണ്ണ് അതെല്ലാം കണ്ടറിഞ്ഞതാണ്. അദ്ദേഹം തെറ്റുചെയ്തുവെന്നു നിനക്കു തോന്നും, എനിക്ക് തോന്നില്ല.

**വിജയൻ:** അമ്മേ, ഞാനാണ് അച്ഛനോടു തെറ്റുചെയ്തത്. അതുപോലെ വിലാസിനിയും ചെയ്തു. ഞങ്ങൾ രണ്ടുപേരും ഞങ്ങൾക്കിഷ്ടമുള്ളവരെ വിവാഹംകഴിച്ചത് ഒരു തെറ്റാണോ?

**കാർത്ത്യായനി അമ്മ:** അല്ല (ഭാനുവിനെ നോക്കി) ഇവളെപോലെ ഇത്രയും നല്ല സ്വഭാവമുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുന്നത് ഒരിക്കലും ഒരു തെറ്റല്ല. പക്ഷേ...

**വിജയൻ:** എന്താണമ്മേ?

**ഭാനു:** അതമ്മയെക്കൊണ്ട് നിർബന്ധിച്ചു പറയിക്കേണ്ട. അമ്മയതു ഞാനുള്ളപ്പോൾ പറയില്ല.

**കാർത്ത്യായനി അമ്മ:** നിനക്കു കേൾക്കാൻ പാടില്ലാത്തത് ഇനി ഞങ്ങളുടെ കുടുംബത്തിൽ യാതൊന്നുമില്ല. നീയിന്നു ഞങ്ങളുടെ കൂട്ടത്തിൽ ഒരാളാണ്. ഞാനുദ്ദേശിച്ചതു മറ്റൊന്നുമല്ല. വിജയാ, നിന്റെ അച്ഛൻ ഒരു പഴയ മനുഷ്യനാണ്. അദ്ദേഹത്തിനു നിങ്ങളുടെ ഈ സമ്പ്രദായമൊന്നും രുചിക്കില്ല.

**വിജയൻ:** അമ്മേ, രുചിക്കില്ലെങ്കിൽ അച്ഛൻ ഞങ്ങളെ ശിക്ഷിച്ചോട്ടെ അമ്മയെ വീട്ടിൽനിന്നു പുറത്താക്കിയതെന്തിന്? അമ്മയിതിലെന്തുപിഴച്ചു?

**കാർത്ത്യായനി അമ്മ:** ഞാൻ പറഞ്ഞില്ലേ നിന്നോടു വാദിച്ചു ജയിക്കാൻ ഞാനാളല്ലെന്ന്! നിന്റെ ഭാഗത്തു ധാരാളം ന്യായമുണ്ട്; അതുപോലെ നിന്റെ അച്ഛന്റെ ഭാഗത്തും. നിന്റെ അച്ഛന് എന്നെ ശിക്ഷിക്കാനധികാരമുണ്ട്. എനിക്കതിൽ വേദനയില്ല. ഞാനിതുപോലെ എത്രയോ ശിക്ഷ അനുഭവിച്ചിട്ട്. എന്നാൽ അദ്ദേഹം എന്നെ പുറത്താക്കിയപ്പോൾ ഞാനെന്തിന് ഇറങ്ങിപ്പോന്നെന്നാണ് ഞാനാലോചിക്കുന്നത്.

**വിജയൻ:** പിന്നെ അമ്മ എന്തു ചെയ്യേണ്ടിരുന്നു?

**കാർത്ത്യായനി അമ്മ:** ഞാൻ പോരാൻ പാടില്ലായിരുന്നു. അദ്ദേഹം ചെയ്യുന്നതൊക്കെ അനുഭവിച്ച് അവിടെ കൂടി അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ടതായിരുന്നു. (ഭാനുവിനെ നോക്കി) മോളേ ഭാനു, ഈ വിജയൻ നിന്നെ ശുണ്ഠിപിടിപ്പിച്ച് ഈ വീട്ടിൽനിന്ന് ഇറക്കിവിട്ടെന്നു വരട്ടെ. നീ കടന്നു പോയ്ക്കളയുമോ?

**ഭാനു:** അങ്ങനെയൊരു നില വന്നാൽ ഞാൻ മറ്റെന്തു ചെയ്യുമമ്മേ?

**വിജയൻ:** അന്ന് അമ്മ ചെയ്തപോലെ ഭാനുവും ചെയ്യും.

**കാർത്ത്യായനി അമ്മ:** നിങ്ങൾ രണ്ടാളും അതിനപ്പുറം ആലോചിച്ചിട്ടില്ല. ശുണ്ഠിപിടിക്കുമ്പോഴൊക്കെ പിരിഞ്ഞുപോവുകയാണെങ്കിൽ ഒരു പുരുഷന് എത്ര ഭാര്യ വേണ്ടിവരും? അതുപോലെ ഒരു സ്ത്രീക്ക് എത ഭർത്താവും! മക്കളേ, ഇക്കാണുന്നതൊന്നുമല്ല ശരി... അതുകൊണ്ടു ഞാൻ തീരുമാനിച്ചു.

**വിജയൻ:** അവിടെ ചെന്നു തിരിച്ചുപോരേണ്ടിവരും.

**കാർത്ത്യായനി അമ്മ:** ഇല്ല.

**വിജയൻ:** അച്ഛൻ അകത്തു കടത്തില്ല.

**കാർത്ത്യായനി അമ്മ:** ഞാനാ പടിപ്പുറത്തു കിടക്കും.

**വിജയൻ:** വേണ്ടമ്മേ, വേണ്ട.

**കാർത്ത്യായനി അമ്മ:** മോനേ, ഈ അസുഖോം മറ്റും ഇന്ന് നാളെ കഴിയുന്ന വിചാരിച്ച് ഇതുവരെ കഴിച്ചുകൂട്ടി ഇനി ഇങ്ങനെ പോയാൽ ഇതിനൊരവസാനോല്ല.

**ഭാനു:** അമ്മ ഈ വയസ്സുകാലത്തു എന്തിനിങ്ങനെ ബുദ്ധിമുട്ടാൻപോണം?

**കാർത്ത്യായനി അമ്മ:** വിജയന്റെ അടുത്തു നിന്നുകൊണ്ടാ നീയിതു പറയുന്നത് (കണ്ഠമിടറി) അതു നീ മറക്കരുത്.

**വിജയൻ:** അമ്മ വാശിപിടിക്കില്ലെങ്കിൽ ഞാനൊന്നു പറയാം.

**കാർത്ത്യായനി അമ്മ:** പോകാൻ പാടില്ലെന്നാ പറയുന്നതെങ്കിൽ വേണ്ട. ഞാൻ തീരുമാനിച്ചു കഴിഞ്ഞു. ഇന്നലെ ഞാനുറങ്ങീട്ടില്ല. കണ്ണടയ്ക്കുമ്പോഴൊക്കെ ദുഃസ്വപ്നം (അല്പം ഞെട്ടി) ഹൊ! അതു വിചാരിക്കാൻ വയ്യ.

**ഭാനു:** എന്തായിരുന്നു, അമ്മേ?

**കാർത്ത്യായനി അമ്മ:** ഇന്നലെ ഞാൻ ചെന്നു കിടന്നു. കുറച്ചു ദിവസമായിട്ട് എനിക്ക് ഉറക്കം കുറവാണ്. ഓരോന്നു വിചാരിച്ചു കിടക്കും. ഉറക്കം വരില്ല.

**വിജയൻ:** ഈ നിമിഷങ്ങളൊക്കെ അധികം ആലോചിക്കുന്നതു കൊണ്ടാണമ്മേ.

**കാർത്ത്യായനി അമ്മ:** ആലോചന കുറച്ചാലും വിഷമങ്ങളുണ്ടാവും

**ഭാനു:** എന്നിട്ടോ അമ്മേ, സ്വപ്നത്തിന്റെ കാര്യം പറഞ്ഞില്ലല്ലോ?

**കാർത്ത്യായനി അമ്മ:** അങ്ങനെ ആലോചിച്ചാലോചിച്ചു കിടന്നു. വളരെ വൈകുന്നവരെ കിടന്നു. പിന്നെ എപ്പഴാണൊന്നു മയങ്ങ്യേതെന്നറിഞ്ഞതില്ല ആ മയക്കത്തിൽ... ആരോ ഒരാൾ എന്നെ വന്നു വിളിച്ചു. 'കാർത്ത്യായനീ' എന്ന് (തൊണ്ടയിടറി) പണ്ടൊക്കെ ജോലി കഴിഞ്ഞു വളരെ വൈകീട്ടു വീട്ടിൽ തിരിച്ചെത്താറുണ്ട്. അതുവരെ കാത്തിരുന്ന ഞാൻ അപ്പോഴൊന്നു മയങ്ങീട്ടുണ്ടാവും. ആ മയക്കത്തിൽ ഞാൻ കേൾക്കാറുള്ള അതേ വിളി. ആ ശബ്ദത്തിന് എന്തൊരു ശക്തിയാണെന്നോ! (കാർത്ത്യായനി അമ്മ സ്വപ്നത്തിലെ കഥ വിവരിക്കുമ്പോൾ വിജയന്റെയും ഭാനുവിന്റെയും മുഖത്തു സന്ദർഭത്തിനനുസരിച്ച വികാരങ്ങൾ മാറിമാറി വരുന്നു.)

**കാർത്ത്യായനി അമ്മ:** (തുടരുന്നു) വിളികേട്ടതും ഞാൻ ഞെട്ടി? എഴുന്നേറ്റു. (തൊണ്ടയിടറി) എന്റെ മുൻപിൽ അദ്ദേഹം നില്ക്കുന്നു. മെലിഞ്ഞു കോലുപോലെയുണ്ട് ശരീരം. ക്ഷീണംകൊണ്ട് കിതയ്ക്കുന്നു! ആ കോലം കണ്ട് ഞാൻ പൊട്ടിപ്പൊട്ടിക്കരഞ്ഞു. (കണ്ണീർ തുടയ്ക്കുന്നു) അദ്ദേഹത്തിന്റെ കണ്ണിലും വെള്ളോണ്ടായിരുന്നു. അതു രണ്ടു കവിളിലുംകൂടി ഒഴുകിനിലത്തു വീണു. അദ്ദേഹം ഒന്നും മിണ്ടിയില്ല. കരയാൻ പാടില്ലെന്നു കൈകൊണ്ടു കാട്ടി. തിരിഞ്ഞു നടക്കുമ്പോൾ ആ കാലിനൊരു മന്തുണ്ട്... ഹോ! അതു വിചാരിക്കാൻ വയ്യ. (കണ്ണുപൊത്തി തേങ്ങുന്നു.)

**വിജയൻ:** അമ്മേ, അമ്മ എന്തൊക്കെയാണ്? കാണിക്കുന്നത്?

**കാർത്ത്യായനി അമ്മ:** ഇല്ല മോനേ, ഇനി അവിടെ ചെന്നല്ലാതെ എനിക്ക് സമാധാനമില്ല. അദ്ദേഹത്തിന് എന്തോ സുഖക്കുറവുണ്ട്.

**വിജയൻ:** ഒന്നുമില്ലമ്മേ. ഇന്നലേക്കൂടി എനിക്കവിടെനിന്നു കത്തുണ്ടായിരുന്നു.

**കാർത്ത്യായനി അമ്മ:** ഇല്ലെങ്കിൽ ഇങ്ങനെയൊരു സ്വപ്നം കാണില്ല;

**വിജയൻ:** അമ്മേ, അമ്മ സ്വസ്ഥമായവിടെ ഇരിയ്ക്കു. ഞാനിന്ന് ആപ്പീസുവിട്ടു നേരെ അങ്ങട്ടുപോകാം.

**കാർത്ത്യായനി അമ്മ:** എന്നിട്ട്?

**വിജയൻ:** കാര്യങ്ങളൊക്കെ ഞാൻ നേരിട്ടന്വേഷിക്കാം. എന്നിട്ട് വേണമെങ്കിൽ അമ്മയ്ക്ക് പോകാം.

**കാർത്ത്യായനി അമ്മ:** നേരിട്ടുതന്നെ അന്വേഷിക്കണം. (അല്പം ആലോചിച്ച്) അല്ലെങ്കിൽ നിനക്കുതന്നെ ഒന്നവിടെ പോയാലെന്താണ്

**വിജയൻ:** ഒന്നുമില്ലമ്മേ. എനിക്ക് പോകാനിഷ്ടമാണ്. എനിക്കച്ഛനെ കാണാൻ വലിയ കൊതിയുണ്ട്.

**കാർത്ത്യായനി അമ്മ:** എന്നാൽ നീയവിടെ ചെല്ലൂ.

**വിജയൻ:** എന്നെ അങ്ങട്ടു കടത്തിയില്ലെങ്കിലോ?

**ഭാനു:** അവിടെ പടിവാതിലും മറ്റും അടച്ച്— (വിജയൻ സൂത്രത്തിൽ പറയരുതെന്നാംഗ്യം കാട്ടുന്നു. ഭാനു മനസ്സിലാക്കുന്നു.)

**കാർത്ത്യായനി അമ്മ:** (ഭാനുവിനോട്ട്) പടിവാതിലും മറ്റും അടച്ച്...

**ഭാനു:** (പകുതി വിഴുങ്ങി പറഞ്ഞി) പിന്നെ, പടിവാതിലും മറ്റും അടച്ചുകണ്ടാൽ വെറുതെയിങ്ങു തിരിച്ചുപോരരുതെന്ന്.

**കാർത്ത്യായനി അമ്മ:** നേരാണ്, വിളിച്ച് തുറപ്പിക്കണം. വേണ്ടപോലെ അന്വേഷിക്കണം.

**വിജയൻ:** എല്ലാം ഞാൻ വേണ്ടപോലെ അന്വേഷിച്ചു വരാം. എന്നിട്ടെന്തും ആലോചിക്കാം. (വിജയൻ പോകാൻ തുടങ്ങുന്നു. കാർത്ത്യായനി അമ്മ പിന്നാലെ ചെല്ലുന്നു)

**കാർത്ത്യായനി അമ്മ:** മോനേ, എല്ലാം നീ വേണ്ടപോലെ അന്വേഷിച്ചു വരണം... പിന്നെ അച്ഛനെ കണ്ടുവെങ്കിൽ ആ കാലിൽകെട്ടിപ്പിടിച്ചു എല്ലാം പൊറുക്കാൻ പറയൂ. അച്ഛനല്ലേ? എന്താ നിനക്കു മാപ്പു ചോദിച്ചാൽ?

**വിജയൻ:** അമ്മേ ഞാൻ ആയിരം പ്രാവശ്യം കാൽപിടിക്കാനൊരുക്കമാണ്. മാപ്പ് ചോദിക്കാനും.

**കാർത്ത്യായനി അമ്മ:** എന്നാൽ അച്ഛൻ കഴിഞ്ഞതൊക്കെ മറക്കും; കേട്ടോ (വിജയൻ പോകുന്നു. കാർത്ത്യായനി അമ്മ വിജയൻ പോയവഴി നിശ്ചലമായി നോക്കിനില്ക്കുന്നു. ഭാനു കാർത്ത്യായനിയമ്മയെ നിർന്നിമേഷയായി നോക്കിനില്ക്കുന്നു.)

— യവനിക —

— 5 —

# രംഗം 4

ചാത്തുണ്ണിനായരുടെ വീട്. രണ്ടാംരംഗത്തിലെ അതേ സ്ഥലം. ചാത്തുണ്ണിനായർ കട്ടിലിൽ ഇരിക്കുന്നു. വലത്തുകാലിൽ ഒരു രോമത്തുണി ചുറ്റുകയാണ്. മുഖത്ത് അല്പമൊരു പാരവശ്യമുണ്ട്. തുണി ചുറ്റുമ്പോൾ കാലിന്റെ വേദന സഹിക്കുന്നതായി മുഖഭാവംകൊണ്ടു തെളിയിക്കുന്നു. ചുറ്റിക്കൊണ്ടിരിക്കുമ്പോൾ അല്പാല്പമായി ചില വാക്കുകൾ പിറുപിറുക്കുന്നു.

**ചാത്തുണ്ണി:** എനിക്കുള്ളതു ഞാൻതന്നെ അനുഭവിക്കണം… കൂടാതെ കഴിയില്ല… ഈ രോഗം എന്നെ കുഴക്കിക്കളയുന്ന മട്ടാണ്… കിടന്നുപോയാൽ എന്താണ് ഗതി… ആരുണ്ടൊരു സഹായം… (ആലോചനാമഗ്നനായി മുൻപോട്ടു നോക്കി മിണ്ടാതെ അല്പനേരം ഇരിക്കുന്നു.)… ആരും വേണ്ട…

**രാമൻ:** (ചെറിയ ഒരു പാത്രത്തിൽ കുറച്ചു കുഴമ്പുംകൊണ്ടു വരുന്നു) അല്ലാ ഇതു പുരട്ടണ്ടേ?

**ചാത്തുണ്ണി:** (ഉറച്ച സ്വരത്തിൽ) വേണ്ട.

**രാമൻ:** കുറച്ചു പുരട്ടിയിട്ടു ശീലചുറ്റുന്നതാ നല്ലത്.

**ചാത്തുണ്ണി:** (രുചിക്കാത്ത മട്ടിൽ മുഖത്തുനോക്കി) വേണ്ടെന്നു പറഞ്ഞില്ലേ…

**രാമൻ:** ഇതു വാതമാണ്.

**ചാത്തുണ്ണി:** അതുകൊണ്ട്?

**രാമൻ:** കളിപ്പിക്കാൻ പറ്റില്ല.

**ചാത്തുണ്ണി:** (പുച്ഛസ്വരത്തിൽ) ആഹാ!

**രാമൻ:** ഞാനൊരു കാര്യം ചെയ്യട്ടെ.

**ചാത്തുണ്ണി:** എന്തു കാര്യം?

**രാമൻ:** ഞാൻ പോയിട്ട് അവരെ ഇങ്ങട്ടു കൂട്ടിക്കൊണ്ടുവരട്ടെ?

**ചാത്തുണ്ണി:** എടാ, എന്റെ കാലിനു സുഖമില്ലാത്തതു കണക്കാക്കേണ്ട. അനാവശ്യം പറഞ്ഞാൽ ചവിട്ടും.

**രാമൻ:** ദണ്ഡം വന്നാൽ...

**ചാത്തുണ്ണി:** വന്നാൽ?

**രാമൻ:** പറയുംപോലെ ഒക്കെ കേൾക്കണം.

**ചാത്തുണ്ണി:** ആഹാ! അല്ലാഞ്ഞാൽ പറ്റില്ലേ? എടാ നിനക്കിവിടെ താമസിക്കണെന്നിച്ചാൽ ഞാൻ പറയുമ്പോലെ കേട്ടോ അതാണ് നിനക്കു നല്ലത്.

**രാമൻ:** ഇവിടെ താമസിക്കുന്നത് എനിക്കു വേണ്ടീട്ടാണോ?

**ചാത്തുണ്ണി:** (കോപം) എന്തേ നീ പറഞ്ഞത്? പിന്ന്യാർക്കുവേണ്ടീട്ടാണു നീ താമസിക്കുന്നത്? എനിക്കു വേണ്ടീട്ടോ? എടാ, നീയും തുടങ്ങ്യോ അധികപ്രസംഗം? ഹോ , ഇനി നിന്നെപേടികട്ടെ (എഴുന്നേറ്റു ദേഷ്യത്തോടെ അടുത്തുചെല്ലുന്നു. പല്ലു കടിച്ചുകൊണ്ട്.) ഞാൻ പറയാം, നീയെന്നെ ഉപദേശിക്കാൻ വരരുത്. വരരുതെന്നാ പറഞ്ഞത്.

**രാമൻ:** (തികച്ചും കേൾക്കാത്തമട്ടിൽ പിറുപിറുക്കുന്നു) ഞാൻ എനിക്കു വേണ്ടിട്ടല്ലല്ലോ പറഞ്ഞത്.

**ചാത്തുണ്ണി:** (പാത്രത്തിലെ കുഴമ്പ് കൈനീട്ടി വാങ്ങീട്ട്) എനിക്കു വേണ്ടീട്ടാണ്, അല്ലേ? ആഹാ... എന്നാൽ ഇനിമിണ്ടരുത്... (കുഴമ്പും പാത്രവും വലിച്ചെറിയുന്നു) എനിക്കു വേണ്ടിട്ടാണത്രേ! എനിക്കുവേണ്ടി ഒരാളും ഒന്നും പറയണ്ട ആവശ്യമില്ല. ഞാനെന്റെ ഇഷ്ടംപോലെ കഴിഞ്ഞോളാം. പോ. എവിടെ വേണന്നിച്ചാൽ പോ...

രാമൻ മിണ്ടാതെ നില്ക്കുന്നു.

**ചാത്തുണ്ണി:** പോവാനല്ലെ പറഞ്ഞത്? ഉം! കടന്നുപോ!

രാമൻ പതുക്കെ കടന്നുപോകുന്നു.

**ചാത്തുണ്ണി:** (തിരിച്ചുവന്ന് കട്ടിലിലിരിക്കുന്നു) എന്നോടെല്ലാവർക്കുമൊരു ദയ... എന്താണാവോ എനിക്ക്... മനസ്സിലാവുന്നില്ല... ദയ കാണിക്കുന്നു... ഹോ! ഈ മനുഷ്യരുടെ ദയയില്ലെങ്കിൽ എന്തു ചുക്കാണ്?... അതില്ലാതെതന്നെ ഞാൻ കഴിഞ്ഞോളും... (ചിന്താഗ്രസ്തനായി മിണ്ടാതെ മിഴിച്ചിരിക്കുന്നു) കാലം മാറിയ മാറ്റം! ഈ ചാത്തുണ്ണിഹേഡിന്റെ ദയയ്ക്ക് ഒരു കാലത്ത് എത്ര ആളുകളാണ് കാത്തിരുന്നത്? (രാമൻ പോയ വഴി നോക്കി) എടാ, നീയെന്റെ സ്ഥിതി മനസ്സിലാക്കീട്ടില്ല... എത്ര പറഞ്ഞാലും നിനക്കതു മനസ്സിലാവില്ല... നീ നാട്ടിലെ കൊലകൊമ്പന്മാരെ മുഴുവനും ഈ ചാത്തുണ്ണി കിടുകിടെ വിറപ്പിച്ചിട്ടുണ്ട്...

(അല്പനേരം മിണ്ടാതിരിക്കുന്നു. പഴയ ഉദ്യോഗകാലവും പദവിയും ഓരോന്നായി ഓർമയിലേക്കു കടന്നുവരുന്നു. വർത്തമാനകാലം പാടെ മറക്കുന്നു. വിചാരത്തിനനുസരിച്ച് മുഖത്തെ ഭാവവും മാറി വരുന്നു. സാക്ഷാൽ ചാത്തുണ്ണിഹേഡിന്റെ നേരിയൊരു നിഴൽ ആ കട്ടിലിൽ സ്ഥലം പിടിക്കുന്നു. ഭാവത്തിനൊത്ത അന്തസ്സും ഗൗരവവും കലർന്ന സ്വരത്തിൽ വിളിക്കുന്നു) **എടാ രാമാ!**

**രാമൻ:** (അകത്തുനിന്ന്) **ഓ...**

**ചാത്തുണ്ണി:** **ഇവിടെ വാ.**

രാമൻ വരുന്നു

**ചാത്തുണ്ണി:** (തന്റെ മുമ്പിൽ ഏതോ കുറ്റം ചെയ്തൊരു പുള്ളിയാണ് വന്നു നിൽക്കുന്നതെന്നു തികച്ചും ധരിക്കുന്നു. ഉപബോധ മനസ്സിൽ മായാതെ കിടക്കുന്ന പഴയ വിക്രമങ്ങൾ തലപൊക്കുന്നു. രാമനെ ചോദ്യം ചെയ്യാൻ തുടങ്ങുന്നു. മറ്റെല്ലാം മറക്കുന്നു) **ഇങ്ങുവാ... എന്റെ മുമ്പിൽ വന്നുനില്ക്ക്...**

രാമൻ ചാത്തുണ്ണിഹേഡിന്റെ പുതിയ ഭാവം കണ്ട് അമ്പരക്കുന്നു

**ചാത്തുണ്ണി:** **എടാ, കൈതാഴ്ത്തിയിട്.** (മുഖത്തു സൂക്ഷിച്ചുനോക്കുന്നു. തീപ്പറക്കുന്ന നോട്ടം)

രാമൻ മറ്റൊരാൾ തന്റെ മുഖത്തു രൂക്ഷമായി നോക്കുമ്പോൾ ആർക്കുമുണ്ടാവാറുള്ള പരുങ്ങലോടെ നില്ക്കുന്നു.

**ചാത്തുണ്ണി:** **കള്ളലക്ഷണം! കള്ളലക്ഷണം!** (വളരെ ഗൗരവം ഭാവിച്ച്) **എടാ, നിനക്കു ചാത്തുണ്ണിഹേഡിനെ മനസ്സിലായിട്ടുണ്ടോ?**

രാമൻ മിണ്ടുന്നില്ല.

**ചാത്തുണ്ണി:** (ഉറക്കെ) **മനസ്സിലായിട്ടുണ്ടോന്ന്?** (വീണ്ടും രാമന്റെ മുഖത്ത് സൂക്ഷിച്ചുനോക്കുന്നു) **ഉണ്ടോ? മനസ്സിലായിട്ടുണ്ടോ? നിനക്കു മര്യാദയ്ക്കു പോണന്നിച്ചാൽ സത്യം പറഞ്ഞോ! ഉം! വേഗത്തിൽ?**

രാമൻ അന്തംവിട്ടു നോക്കുന്നു.

**ചാത്തുണ്ണി:** **എടാ, എട്ടും ചത്തും കൊലപാതകം നടത്തിയവനെ ഈ ചാത്തുണ്ണി വെറുംകയ്യോടെ പിടിച്ചിട്ടുണ്ട്. എന്റെ ഒരു ഇടി കിട്ടിയാൽ...** (മുഷ്ടി ചുരുട്ടിപ്പിടിച്ചു പല്ലുകടിച്ചുകൊണ്ട് എഴുന്നേല്ക്കുന്നു. കാലിന്റെ വേദന മറക്കുന്നു. പതുക്കെ രാമനെ സംഹരിക്കാനെന്ന മട്ടിൽ ഓരോ അടിവെച്ചു മുൻപോട്ടടുക്കുന്നു.)

രാമൻ പതുക്കെ ഓരോ അടി പിന്നിലേക്കു നീങ്ങുന്നു.

**ചാത്തുണ്ണി:** (പല്ലുകടിച്ച്) ഒരു അടി കിട്ടിയാൽ നിന്റെ തലമണ്ട കുപ്പി വീണ്ടയും പോലെ ഉടയും... അങ്ങനെ പല തലമണ്ടകളും ഉടഞ്ഞിട്ടുണ്ട്; (മുന്നോട്ടു പതുക്കെ നടക്കുന്നു) ഞാനുടച്ചിട്ടുണ്ട്. (രൂക്ഷമായി നോക്കിക്കൊണ്ടു വീണ്ടും അടുക്കുന്നു.) സത്യം പറഞ്ഞേ സത്യം! അതാണ് നല്ലത്?

രാമൻ പിന്നോട്ടു നടന്നു ചുമരിനടുത്തെത്തുന്നു.

**ചാത്തുണ്ണി:** പറഞ്ഞോ, സത്യം... ഇല്ലെങ്കിൽ...

രാമൻ തീരെ തളർന്ന് അവശനാവുന്നു.

**ചാത്തുണ്ണി:** നീ പറയില്ലേ, സത്യം? എന്റെ... (മുഷ്ടി ഉയർത്തിക്കാണിക്കുന്നു) ഈ കൈകൊണ്ട് ഒന്നു കിട്ടിയാൽ...

**രാമൻ:** (പെട്ടെന്ന്) എന്തൊക്കെയാ ഈ കാണിക്കുന്നത്? എന്തു സത്യം പറയാൻ? ഇതു നല്ല കൂത്തായല്ലോ... എന്നെക്കൊണ്ടു കഴിയില്ല... ഞാനിത്തിരി കുഴമ്പു പുരട്ടാനല്ലേ പറഞ്ഞത്. അതിലെന്തു കളവാണ്?

ചാത്തുണ്ണിനായർ പെട്ടെന്നു ബോധം വന്ന് അല്പമൊരിളിഭ്യതയോടെ തിരിഞ്ഞ് അകലത്തു നോക്കി നില്ക്കുന്നു. പിന്നീടു സാവധാനം നടക്കുന്നു.

**രാമൻ:** ഇങ്ങനെ തുടങ്ങ്യാൽ ആരെങ്കിലും ഇവിടെ താമസിക്ക്യോ?

**ചാത്തുണ്ണി:** (തിരിഞ്ഞുനിന്ന്) നിന്നോടാരാ ഇവിടെ വരാൻ പറഞ്ഞത്?

**രാമൻ:** എന്നെ വിളിച്ചിട്ടല്ലേ ഞാനിപ്പഴ് വന്നത്?

ചാത്തുണ്ണിനായർ പിന്നേയും പിൻതിരിയുന്നു.

**രാമൻ:** വെറുതെയല്ല മക്കളുംകൂടി വെറുത്തത്.

ചാത്തുണ്ണിനായർ കട്ടിലിൽ വന്നിരിക്കുന്നു. തലയ്ക്കു കൈകൊടുത്തു താഴോട്ടു നോക്കിയിരുന്ന് ആലോചിക്കുന്നു.

**രാമൻ:** (അധികാരസ്വരത്തിൽ) അവനവനു വയ്യാതായാൽ മറ്റുള്ളവര് പറയുന്നത് കേൾക്കണം. വാശിപിടിക്കരുത്...

പെട്ടെന്ന് അണിയറയിൽനിന്ന് ഒരു കുട്ടിയുടെ ശബ്ദം.

**ബാബു:** (അണിയറയിൽനിന്ന്) അവിടെ നിന്നോളൂ, സതീ ഞാൻ പറിച്ചെറിഞ്ഞു തരാം. ഹായ്, എത്രയാണ് പഴുത്തു തുങ്ങിക്കിടക്കുന്നത്.

രാമൻ ശ്രദ്ധിക്കുന്നു

**രാമൻ:** പിള്ളരാരോ തൊടിയിൽ വന്നിട്ടുണ്ടെന്നാ തോന്നുന്നത്. സ്കൂളിൽ പോണ പിള്ളർക്ക് ആ പേരയ്ക്കാമരത്തിലാ കണ്ണ്.

**ബാബു:** (വീണ്ടും അണിയറയിൽനിന്ന്) ഒന്ന്— രണ്ട്— മൂന്ന്— അയ്യയ്യോ! ഒരു കയ്യുംകണക്കുമില്ല; പഴുത്തുകിടക്കുന്നു.— സതീ! സതീ! കണ്ടാൽ കൊതി തോന്നും!

**രാമൻ:** അതേ, ഇവിടുത്തെ തൊടിയിൽനിന്നുതന്നെ. തലമണ്ട ഞാൻ ഇന്ന് ഉടച്ചുവിടും. (ധൃതിയിൽ ഓടിപ്പോവുന്നു)

**ചാത്തുണ്ണി:** (തലയുയർത്തി നെടുവീർപ്പിടുന്നു) എന്തൊക്ക്യാ ഞാനീ കാണിച്ചത്? എനിക്കുതന്നെ നിശ്ച്യേല്ല. ആരും സഹായത്തിനില്ലാതായിട്ടും ഞാനെന്റെ മുൻകോപം ഉപേക്ഷിക്കുന്നില്ല. (എഴുന്നേറ്റ് അസ്വസ്ഥതയോടെ അങ്ങുമിങ്ങും നടക്കുന്നു.) ശരിയല്ലേ രാമൻ പറഞ്ഞത്? എല്ലാവരും എന്നെ വിട്ടുപോയി. ആർക്കും എന്നെ വേണ്ട... എന്നിട്ടും ഞാൻ പഠിക്കുന്നില്ല... അല്ലെങ്കിൽ എന്തു പഠിക്കാൻ? എനിക്കാരും വേണ്ട... ഞാനിങ്ങനെ ഒറ്റയ്ക്കിരുന്നു... പതുക്കെ... പതുക്കെ... (അസ്വസ്ഥതയോടെ ചുണ്ടു കടിച്ചമർത്തുന്നു.)

രാമന്റെ ശുണ്ഠിപിടിച്ച സ്വരം കേട്ടുതുടങ്ങുന്നു.

**രാമൻ:** (അണിയറയിൽനിന്ന്) നടക്കെടാ, നടക്ക്, വേഗം നടക്ക്. ആഹ, നീ വിചാരിച്ചു, എന്നെ തോല്പിച്ചു ചാടിക്കളയാന്ന്. (ബാബുവിന്റെ കഴുത്തിൽ പിടിച്ചു തള്ളിക്കൊണ്ടു കടന്നു വരുന്നു) വയസ്സിത്രയേ ആയിട്ടുള്ളു; കക്കാൻ തുടങ്ങി. വലുതായാൻ അറമുറിക്കും.

തികച്ചും തന്റെ വിചാരത്തിൽനിന്നു വിട്ടുപോന്നിട്ടില്ല. രണ്ടുപേരേയും നിർവികാരനായി നോക്കുന്നു.

**രാമൻ:** ഇന്നെങ്കിലും നിന്നെ കിട്ടിയല്ലോ...

ചാത്തുണ്ണിനായർ ഒന്നും മനസ്സിലാവാത്തപോലെ കട്ടിലിൽ ചെന്നിരിക്കുന്നു.

**രാമൻ:** ഇദാ, ഇവനെ വെറുതെ വിട്ടാൽ പറ്റില്ല. (പിടിച്ചു മുൻപോട്ട് കൊണ്ടുവരാൻ ശ്രമിക്കുന്നു. ബാബു കൂട്ടാക്കുന്നില്ല.)

**ചാത്തുണ്ണി:** (അല്പം ശാന്തസ്വരത്തിൽ) നീ പടിവാതിലടച്ചിട്ടില്ലേ രാമ?

**രാമൻ:** അടച്ചിട്ടെന്തു കാര്യം എവൻ പെരുച്ചാഴിക്കള്ളനാണ്. (ബാബു പിടിയിൽ നിന്നൊഴിയാൻ ശ്രമിക്കുന്നു. രാമൻ മുറുക്കി പിടിക്കുന്നു) ഇവന്റെ കൂടെ ഒരു പെണ്കുട്ടിയും ഉണ്ടായിരുന്നു.

**ചാത്തുണ്ണി:** അവളും തൊടിയിൽ കേറിയോ?

**രാമൻ:** ഇല്ല. പുറത്തു വെട്ടുവഴിയിലായിരുന്നു.

ബാബു അപ്പോഴും രാമന്റെ പിടിയിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. രാമൻ പിടി മുറുക്കുന്തോറും അവനു വിഷമം വർധിക്കുന്നുണ്ട്.

**ചാത്തുണ്ണി:** (ഇമവെട്ടാതെ ആ കുട്ടിയെത്തന്നെ അല്പനേരം നോക്കിക്കൊണ്ടിരിക്കുന്നു.) രാമാ, നീയവന്റെ കഴുത്തിലെ പിടുത്തം വിട്ട്.

**രാമൻ:** വിട്ടാൽ ഇവനോടും. തിരിമുറിച്ച കള്ളനാണ്.

**ചാത്തുണ്ണി:** പിടിവിട്ടാൽ നീയോടിപ്പോവ്വോ?

**ബാബു:** (അലക്ഷ്യഭാവത്തിൽ) ഇല്ല,

**ചാത്തുണ്ണി:** വിട്ടുകളയൂ, രാമാ

രാമൻ പിടി വിടുന്നു. ബാബു അനങ്ങാതെ നില്ക്കുന്നു.

**ചാത്തുണ്ണി:** (ബാബുവിനോട്) നിന്റെ കൂടെ മറ്റാരുണ്ടായിരുന്നു.

**ബാബു:** സതി

**ചാത്തുണ്ണി:** ആരാണ് സതി.

**ബാബു:** എന്റെ അമ്മാമ്മന്റെ മകൾ.

**രാമൻ:** അവളെ പിടിക്കാൻ കിട്ടിയില്ല. അന്നു പടിക്കൽനിന്നു പോക്കിരിത്തം കാട്ടിയതും ഇവരാണ്?

**ചാത്തുണ്ണി:** നീ മിണ്ടാതെ നില്ക്ക്. അവൻ പറയട്ടെ (ബാബുവിനോട്ട്) സതി വീട്ടിലേയ്ക്ക് പോയോ?

**ബാബു:** ഉണ്ടാവില്ല

**ചാത്തുണ്ണി:** (രാമനോട്ട്) നീ ചെന്ന് അവളെ കൂട്ടിക്കൊണ്ടുവാ. അവളുടെ ഏട്ടൻ വിളിക്കണെന്നു പറ.

**രാമൻ:** ആ കുട്ടി വരില്ല.

**ചാത്തുണ്ണി:** നീ ചെല്ല്.

രാമൻ പോകുന്നു.

**ചാത്തുണ്ണി:** (ബാബുവിനോട്ട്) നീ സ്കൂളിൽ പഠിക്കുന്നുണ്ടോ?

**ബാബു:** ഉണ്ട്.

**ചാത്തുണ്ണി:** ഏതു ക്ലാസിലാണ്?

**ബാബു:** ആറാം ക്ലാസ്സിൽ.

**ചാത്തുണ്ണി:** ആറാംക്ലാസ്സിൽ കക്കാൻ പാടില്ലാന്നു പഠിപ്പിക്കുന്നില്ലേ?

**ബാബു:** ഉണ്ട്.

**ചാത്തുണ്ണി:** എന്നിട്ട് നീയെന്തിനെ ഇവിടെ കക്കാൻ വന്നത്?

**ബാബു:** ഞാൻ കക്കാൻ വന്നിട്ടില്ല.

**ചാത്തുണ്ണി:** ആരാന്റെ തൊടിയിൽ വേലി ചാടി കടന്നുവരുന്നത് പിന്നെന്തിനാണ്?

**ബാബു:** ഇവിടെ കടക്കാൻ വേറെ വഴിയില്ലാഞ്ഞിട്ടാണ് വേലി ചാടിയത്. പടിവാതിൽ എപ്പോഴും അടച്ചിട്ടും.

**ചാത്തുണ്ണി:** (അല്പം അസ്വസ്ഥനാവുന്നു. ബാബുവിന്റെ പെരുമാറ്റവും ഒട്ടും പതറാത്ത ഉത്തരവും കേട്ടു ശുണ്ഠിക്കു പകരം അവനോടു തെല്ലൊരു സ്നേഹമാണ് തോന്നുന്നത്. പടിയടച്ചിരുന്നത് ഒരു കുറ്റമാണെന്ന് അത്രയും ചെറിയൊരു കുട്ടി പറഞ്ഞു കേട്ടപ്പോൾ ഒരാത്മപരിശോധന നടത്താനാണ് തോന്നുന്നത്. ഒന്നും പകരം പറയാൻ കാണുന്നില്ല. ബുദ്ധിമുട്ടി വിഷയംമാറ്റി ചോദിക്കുന്നു.) നിന്റെ പേരെന്താണ്?

**ബാബു:** വിജയൻ

ചാത്തുണ്ണിനായർ ആ പേരു കേട്ടു ചെറുതായൊന്നു ഞെട്ടുന്നു.

**ബാബു:** ബാബുവെന്നാണ് വീട്ടിൽ എല്ലാവരും വിളിക്കുന്നത്.

**ചാത്തുണ്ണി:** (ഒടുവിൽ പറഞ്ഞത് കേൾക്കാതെ) വിജയനെന്നോ?

**ബാബു:** അതേ. എല്ലാവരും വിളിക്കുന്നത് ബാബൂന്നാണ്.

**ചാത്തുണ്ണി:** (അല്പം വാത്സല്യം സ്ഫുരിക്കുന്ന സ്വരത്തിൽ) മറ്റുള്ളവരുടെ സാധനം എടുക്കുമ്പോൾ സമ്മതം ചോദിക്കണ്ടേ വിജയാ?

**ബാബു:** വേണം.

**ചാത്തുണ്ണി:** എന്നിട്ട്?

**ബാബു:** ഇവിടെ ആരേം കാണാറില്ല. പിന്നെ എങ്ങനെ ചോദിക്കും? അതുകൊണ്ടു കേറിപ്പറിച്ചതാണ്.

**ചാത്തുണ്ണി:** ആ പറഞ്ഞതു കളവല്ലേ?

**ബാബു:** അല്ല. ഇവിടെ ആർക്കും പേരയ്ക്ക ആവശ്യല്ലല്ലോ?

**ചാത്തുണ്ണി:** ആരു പറഞ്ഞു.

**ബാബു:** ഇവിടെ കുട്ടികളാരുല്ലല്ലോ.

**ചാത്തുണ്ണി:** ആരാ നിന്നോടിത് പറഞ്ഞത്.

**ബാബു:** സ്കൂളിൽ നിന്നൊരു കുട്ടി പറഞ്ഞതാണ്.

**ചാത്തുണ്ണി:** എന്തു പറഞ്ഞു?

**ബാബു:** ഇവിടെ കുട്ടികളാരും ഇല്ല. എല്ലാവരേയും നിങ്ങൾ തല്ലിയോടിച്ചെന്ന്.

**ചാത്തുണ്ണി:** (അസ്വസ്ഥത ഭാവിക്കുന്നു. ആരുടെ മുൻപിലും അന്നുവരെ തലകുനിക്കാത്ത അഹന്ത ബാബുവിന്റെ മുൻപിൽനിന്നു പരുങ്ങുകയാണ്; ഉത്തരം കിട്ടാൻ വിഷമിക്കുകയാണ്) എന്ത്? തല്ലി ഓടിക്കുകയോ? ഇവിടെ കുട്ടികളാരുമുണ്ടായിരുന്നില്ല; പിന്നെ എങ്ങനെ തല്ലി ഓടിക്കാൻ?

**ബാബു:** മക്കളെയൊക്കെ നിങ്ങൾ തല്ലിയോടിച്ചതല്ലേ?

ആ ചോദ്യത്തിനു മുൻപിൽ ചാത്തുണ്ണിനായരുടെ തല കുനിയുന്നു. നെറ്റിത്തടം കൈകൊണ്ടു താങ്ങുന്നു. മിണ്ടാതെ കുനിഞ്ഞിരിക്കുന്നു.

**ബാബു:** (ഒന്നും സംഭവിക്കാത്ത മട്ടിൽ ചുറ്റുപുറവും ആകാശവും ഭൂമിയുമൊക്കെ നോക്കുന്നു. എന്നിട്ട്) ഞാൻ പോട്ടേ?

**ചാത്തുണ്ണി:** (തലയുയർത്തിനോക്കുന്നു. കഴിയുന്നത്ര മുഖഭാവം മാറ്റാൻ ശ്രമിക്കുന്നു. ചുണ്ടുകൾ പതുക്കെ ഇളക്കുന്നു. ഒരു ദീനസ്വരം പുറത്തുവരുന്നു.) നീ പേരയ്ക്ക പറിച്ചോ?

**ബാബു:** പറിച്ചു.

**ചാത്തുണ്ണി:** എന്നിട്ടെവിടെ?

**ബാബു:** കുറെ സതിക്കെറിഞ്ഞുകൊടുത്തു. ബാക്കീതാ (ട്രൗസറിന്റെ കീശയിൽനിന്നു നാലഞ്ചു പഴുത്ത പേരയ്ക്ക എടുത്തുകാട്ടുന്നു.)

**ചാത്തുണ്ണി:** പോരെങ്കിൽ ഇനിയും ചെന്നു പറിച്ചോളു.

**ബാബു:** വേണ്ട, എനിക്കിതു മതി.

ചാത്തുണ്ണി ബാബുവിനെത്തന്നെ നോക്കിയിരിക്കുന്നു. തെല്ലിട മനം.

**ബാബു:** ഞാൻ പോട്ടേ?

**ചാത്തുണ്ണി:** നിന്റെ അനിയത്തി വന്നിട്ടു പോയാൽപ്പോരെ?

**ബാബു:** അവളിങ്ങട്ടു വരില്ല

**ചാത്തുണ്ണി:** വിളിക്കാൻ പോയിട്ടില്ലേ?

**ബാബു:** എന്നാലും അവൾ വരില്ല വന്നാൽ...

**ചാത്തുണ്ണി:** വന്നാൽ?

**ബാബു:** വന്നാൽ നിങ്ങളവളെ തല്ലിക്കൊല്ലും. അതാണവൾക്കു പേടി.

**ചാത്തുണ്ണി:** (വീണ്ടും അവശനാവുന്നു.) ആരേ കുട്ടികളെ, ഈ നുണയൊക്കെ നിങ്ങളോട്ട് പറഞ്ഞത്.

**ബാബു:** ഇതു നുണയല്ല. ഇന്നാട്ടിൽ ഇതെല്ലാർക്കും അറിയാം...

ചാത്തുണ്ണിനായർ മിണ്ടുന്നില്ല.

**ബാബു:** ഞാൻ പോട്ടെ...

**ചാത്തുണ്ണി:** ഉം.

ബാബു തിരിഞ്ഞുനടക്കാൻ തുടങ്ങുന്നു.

**ചാത്തുണ്ണി:** (വിളിക്കുന്നു) വിജയാ!

ബാബു വാത്സല്യംനിറഞ്ഞ ആ വിളി കേട്ടു. പെട്ടെന്നു തിരിഞ്ഞു നാലഞ്ചടി മുൻപോട്ടു വരുന്നു.

**ചാത്തുണ്ണി:** (കൈ നീട്ടി) വരു, വരു.

ബാബു നില്ക്കുന്നു

**ചാത്തുണ്ണി:** ഇങ്ങട്ടുവരു... (കട്ടിലിൽ തൊട്ടുകാണിച്ചു) ഇവിടെ വന്നിരിക്ക...

**ബാബു:** (നിന്ന നിലയിൽ നിന്നിളകാതെ) ഞാൻ വരില്ല.

**ചാത്തുണ്ണി:** എന്റെ വിജയനല്ലേ?

**ബാബു:** അല്ല.

**ചാത്തുണ്ണി:** (ക്രൂരമായ ആ ഉത്തരം ചാത്തുണ്ണിനായരെ വേദനിപ്പിക്കുന്നു. വളരെ താണപേക്ഷിക്കുന്നു.) ഇവിടെ വരു; കുട്ടീ!

**ബാബു:** വേണ്ട; എന്നെ തല്ലാനല്ലേ?

**ചാത്തുണ്ണി:** (മാപ്പുചോദിക്കുന്ന സ്വരത്തിൽ) ഞാൻ നിന്നെ തല്ലില്ല. നി എന്റെ വിജയനല്ലേ, അടുത്തുവരൂ. ഈ അമ്മാമേടെ അടുത്തു വന്നിരിക്കൂ.

**ബാബു:** ഞാൻ വരില്ല. നിങ്ങടെ മകനെ വിളിച്ചോളു.

ചാത്തുണ്ണിനായരുടെ നിയന്ത്രണശക്തി നിശ്ശേഷം തകരുന്നു. അതുവരെ അടക്കിനിർത്തിയ വികാരങ്ങളുടെ ചിറ പൊട്ടുന്നു. വീണ്ടും തല കുനിയുന്നു.

**ബാബു:** ഞാൻ പൂവ്വാണ്. സതി കാത്തുനില്ക്കുന്നുണ്ടാവും.

ചാത്തുണ്ണിനായർ എഴുന്നേല്ക്കുന്നു. പതുക്കെ മുൻപോട്ടു നടക്കുന്നു. ബാബു പോകുന്നു.

**ചാത്തുണ്ണി:** (ബാബു പോയ വഴിയിലേക്കു നോക്കി) നില്ലു, കുട്ടി അവിടെ നില്ക്കു. അടുത്തു വരില്ലെങ്കിൽ വേണ്ട... വിജയാ... വിജയാ... (ഉറക്കെ) നീയിനി എന്നും പേരയ്ക്ക പറിക്കാൻ വന്നോളൂ. നിന്നെ ആരും ഒന്നും ചെയ്യില്ല. (വിരൽ കടിച്ചു കലശലായ ദുഃഖം ഭാവിച്ചുകൊണ്ടു തിരിച്ചുവരുന്നു. കട്ടിലിൽ വന്നു കിടക്കുന്നു. വീണ്ടും എഴുന്നേറ്റിരിക്കുന്നു. ബാബു പോയ വഴിയിലേക്കു നോക്കുന്നു. പിറുപിറുക്കുന്നു.) ഓ, എന്തൊരു വേദന എനിക്കിതു സഹിക്കാൻ വയ്യ... (കട്ടിലിന്റെ തണ്ടിൽ തലചാച്ച് ഇരിക്കുന്നു.)

**രാമൻ:** (പിറുപിറുത്തുകൊണ്ട്) ആ പൊട്ടിത്തെറിച്ച പെണ്കുട്ടിയെ കിട്ടിയില്ല! ശരംവിട്ടതുപോലെ ഒരോട്ടം. (രംഗം മുഴുവനുമൊന്നു നോക്കുന്നു. വിസ്മയത്തോടെ) അല്ല ആ കള്ളനും ചാടിപ്പോയോ? (ചാത്തുണ്ണിനായരുടെ അടുത്തു ചെല്ലുന്നു.) എവിടെ ആ ചെക്കൻ? ചാടിപ്പോയോ?

ചാത്തുണ്ണിനായർ തലയുയർത്താതെ മൂളുന്നു.

**രാമൻ:** ഞാൻ പറഞ്ഞില്ലേ തിരിമുറിച്ച കള്ളനാണത്. (ചാത്തുണ്ണി നായരുടെ കിടപ്പുകണ്ട്) എന്താ കാല്വ വേദനിക്കുന്നുണ്ടോ?

ചാത്തുണ്ണിനായർ പതുക്കെ തലപൊക്കി രാമനെ നോക്കുന്നു. ആ കണ്ണുകൾ നനഞ്ഞിട്ടുണ്ട്. മുഖത്തു കലശലായ വേദനയനുഭവിക്കുന്നതിന്റെ ലക്ഷണമുണ്ട്.

**രാമൻ:** ആ കുഴമ്പു തേച്ചിരുന്നെങ്കിലോ? നല്ല വേദനയുണ്ട് ഇല്ലേ? (നിലത്ത് ഇരുന്നു കാല്വ പതുക്കെ തലോടുന്നു.)

**ചാത്തുണ്ണി:** കലശലായ വേദനയുണ്ട്. അല്ലെങ്കിൽ ഞാൻതന്നെ ഇപ്പഴൊരു വേദനയാണ്.

**രാമൻ:** (മനസ്സിലാവാത്ത മട്ടിൽ മുഖത്തേക്കു നോക്കുന്നു.) ആ ചെക്കന്റെ പിന്നാലെ ഓടീരുന്നോ?

ചാത്തുണ്ണിനായർ ഇല്ലെന്നർഥത്തിൽ തലയാട്ടുന്നു.

**രാമൻ:** പിന്നെന്തേ ഇങ്ങനെ വേദനിക്കാൻ?

**ചാത്തുണ്ണി:** രാമാ, എനിക്കു ദാഹിച്ചിട്ടുവയ്യ. കുറച്ചു വെള്ളം വേണം. രാമൻ എഴുന്നേറ്റു വെള്ളം കൊണ്ടുവരാൻ പോകുന്നു.

**ചാത്തുണ്ണി:** രാമാ

രാമൻ തിരിഞ്ഞു നില്ക്കുന്നു.

**ചാത്തുണ്ണി:** ആ പടിവാതിലടച്ചിട്ടുണ്ടോ?

**രാമൻ:** ഉണ്ട്. അതുകൊണ്ടു കാര്യമില്ല. വേലി ചാടിക്കടന്നല്ലേ പിള്ളരകത്തു വരുന്നത്. ഇവിടെ നല്ലൊരു പട്ടിയെ പോറ്റണം.

**ചാത്തുണ്ണി:** (വിഷാദം പുരണ്ടൊരു ചിരി) വേണ്ട, രാമാ ഉപ്പുഴുള്ളതു തന്നെ മതി. നീയൊരു കാര്യം ചെയ്യ്.

രാമൻ ഒന്നും മനസ്സിലാവാതെ മിഴിച്ചുനോക്കുന്നു.

**ചാത്തുണ്ണി:** നീ ചെന്ന് ആ പടിവാതില്ല് തുറന്നിട്ട്! അതിനി ഒരിക്കലും അടയ്ക്കേണ്ട.

**രാമൻ:** (അദ്ഭുതത്തോടെ) ഏ?

**ചാത്തുണ്ണി:** തുറന്നു കിടക്കട്ടെ. ചെല്ല്. അതു ചെയ്തിട്ടു മതി എനിക്കു വെള്ളം.

രാമൻ തെല്ലിട ശങ്കിച്ചു നില്ക്കുന്നു. ചാത്തുണ്ണിനായരുടെ മുഖത്ത് ഒരു തവണ കൂടി നോക്കുന്നു. പടിവാതിൽ തുറക്കാൻവേണ്ടി പോകുന്നു. ചാത്തുണ്ണിനായർ പഴയപടി തല കട്ടിലിന്റെ തണ്ടിൽ ചാച്ചുവെച്ച് ഇരിക്കുന്നു.

— യവനിക —

## രംഗം 5

നാലാംരംഗത്തിലെ അതേ സ്ഥലം. രംഗസജ്ജീകരണങ്ങളൊക്കെ അതുതന്നെ. ചാത്തുണ്ണിനായർ കട്ടിലിൽ കിടക്കുന്നു. അരവരെ ഒരു കമ്പിളികൊണ്ടു മൂടീട്ടുണ്ട്. രാമൻ കാലുഴിയുകയാണ്. രണ്ടുപേരും ഒന്നും സംസാരിക്കുന്നില്ല. അല്പനേരം അങ്ങനെ കഴിയുന്നു. ചാത്തുണ്ണിനായരുടെ കിടപ്പു കണ്ടാൽ നല്ല ഉറക്കമാണെന്നു തോന്നും. രാമൻ കാലുഴിയുന്നതു നിർത്തി ചാത്തുണ്ണിനായരുടെ മുഖത്തേക്കു നോക്കുന്നു. പതുക്കെ വിളിക്കുന്നു.

**രാമൻ:** പിന്നെയ്... പിന്നെയ്...

ഉത്തരമില്ല; ചലനമില്ല

**രാമൻ:** (തന്നത്താൻ) ഉറങ്ങീന്നാ തോന്നുന്നത്. (പതുക്കെ അകത്തേക്കു പോകാൻ തുടങ്ങുന്നു.)

അകലത്തുനിന്നു നേർത്തൊരു വേണുനാദം കേൾക്കുന്നു. രാമൻ ശബ്ദം കേട്ട ഭാഗത്തേക്കു നോക്കി കൈകൊണ്ട് നിഷേധാർഥം സൂചിപ്പിക്കുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ കൈയിലൊരു ഓടക്കുഴലുമായി ബാബു വരുന്നു.

**ബാബു:** എത്തി.

**രാമൻ:** (ശബ്ദം താഴ്ത്തി) പതുക്കെപ്പറയൂ. അദ്ദേഹം ഉറങ്ങ്വാണ്. ശബ്ദമുണ്ടാക്കിയാൽ ഉണരും. എത്ര ദിവസായെന്നോ ഉറങ്ങീട്ട്! വേദന തന്നെ വേദന.

**ബാബു:** എന്നാൽ ഞാൻ പൂവ്വാണ്.

**രാമൻ:** ഞാനിതുവരെ കാലുഴിഞ്ഞുകൊടുത്തു. ആ സുഖംകൊണ്ട് ഉറങ്ങിയതാവും. ഇങ്ങട്ടു പോന്നോളൂ... അമ്മാമ്മ ഉറങ്ങിക്കോട്ടെ.

ബാബു തലകുലുക്കി സമ്മതിക്കുന്നു. രാമൻ അകത്തേക്കും ബാബു പുറത്തേക്കും പോകുന്നു.

രംഗത്തിനു യാതൊരു മാറ്റവുമില്ല. ഉറക്കത്തിനു ശക്തി കൂടുംതോറും ചാത്തുണ്ണിനായരുടെ മാറിടം ശ്വാസഗതികൊണ്ടു വീർക്കുകയും ചുരുങ്ങുകയും ചെയ്യുന്നതു കാണാം. രംഗത്തിന്റെ നിറം മങ്ങിവരുന്നു. ക്രമേണ എങ്ങുമൊരു ഇളംനീല നിറം പരക്കുന്നു. പശ്ചാത്തലത്തിൽ നേർത്തൊരു സംഗീതം. ചാത്തുണ്ണിനായരുടെ ശ്വാസഗതി വേഗത്തിലാവുന്നു. പെട്ടെന്നു വാതിൽ കടന്നു കാർത്ത്യായനി അമ്മപുറത്തേക്കു വരുന്നു. മൂന്നാംരംഗത്തിൽ കണ്ട സ്ത്രീയാണ്. പക്ഷേ, പ്രായത്തിനു വ്യത്യാസമുണ്ട്. ഒരു ഇരുപതു കൊല്ലം ചുരുങ്ങിയിരിക്കുന്നു. നല്ലൊരു സാരിചുറ്റിയിരിക്കുന്നു. കൂടെ ഒന്നാംരംഗത്തിൽ പ്രത്യക്ഷപ്പെട്ട ബാബുവുമുണ്ട്. വളരെ ഓമനിച്ചും താലോലിച്ചും വളർത്തുന്ന കുട്ടിയെപ്പോലെ ബാബുവിനെ കെട്ടിച്ചമയിക്കണം. വേഷാലങ്കാരങ്ങൾ പുതിയതും മോടിയുള്ളതുമായിരിക്കണം.

കാർത്ത്യായനി അമ്മയും ബാബുവും മറ്റു കഥാപാത്രങ്ങളുടെ നിലയിൽ രംഗത്തു പെരുമാറാൻ പാടില്ല. ആ നീലവെളിച്ചത്തിലൂടെ അധികം അംഗചലനങ്ങളൊന്നുമില്ലാതെ പതുക്കെയാണവർ ചാത്തുണ്ണിനായരെ സമീപിക്കുന്നത്. ഏതാണ്ട് ഒഴുകിവരുന്ന മട്ടിൽ.

രണ്ടുപേരും കട്ടിലിനടുത്തെത്തിയപ്പോൾ ചാത്തുണ്ണിനായരുടെ ശ്വാസഗതി ഒന്നുകൂടി വേഗത്തിലാവുന്നു. തല അങ്ങുമിങ്ങും ഇളകുന്നു. തിരിഞ്ഞുകിടക്കാൻ ഭാവിക്കുന്നു. പക്ഷേ, കഴിയുന്നില്ല. കാർത്ത്യായനി അമ്മയും ബാബുവും ഒരു നേർവരയിലെന്നപോലെ കട്ടിലിന്റെ ഒരു ഭാഗത്തു നില്ക്കുന്നു. ചാത്തുണ്ണിനായർ കാലുവെച്ച ഭാഗത്താണ്. നേരെ വടിപോലെയാണ് നില്പ്. ശരീരം തീരെ ചലിക്കുന്നില്ല. നോട്ടം മുൻപോട്ടുമാത്രം. തല ഇരുവശങ്ങളിലേക്കും ഇളക്കുന്നില്ല.

**കാർത്ത്യായനി അമ്മ:** (ശരീരം ഇളക്കാതെ ഒരു യുവതിയുടെ സ്വരത്തിൽ) എന്താ സുഖമില്ലേ?

**ചാത്തുണ്ണി:** (സ്വന്തം ശബ്ദത്തിന്റെ പ്രതിധ്വനിയെന്നപോലെ) ഏ? എന്ത്?

**കാർത്ത്യായനി അമ്മ:** സുഖമില്ലേ?

**ചാത്തുണ്ണി:** ഇല്ല. തീരെ വയ്യ...

**കാർത്ത്യായനി അമ്മ:** എന്താ?

**ചാത്തുണ്ണി:** കാലിനു തീരെ വയ്യ... നീ വന്നതു നന്നായി... ഏ? ഇല്ലേ?

**കാർത്ത്യായനി അമ്മ:** നന്നായി.

**ചാത്തുണ്ണി:** കുട്ടികളൊക്കെ തടിച്ചിട്ടുണ്ടോ?

**കാർത്ത്യായനി അമ്മ:** ഏതായാലും മെലിഞ്ഞിട്ടില്ല; ഇപ്പഴെങ്കിലും വാശി മതിയാക്കാറായില്ലേ? എന്തിനും വാശി! വാശികൊണ്ടാ ഇതൊക്കെ വന്നത്?

**ചാത്തുണ്ണി:** എന്ത് നീയെന്താ പറയുന്നത്?

**കാർത്ത്യായനി അമ്മ:** വാശി... വാശി... വേണ്ടാത്ത വാശി...

**ചാത്തുണ്ണി:** (ആ വാക്കുകൾ ആവർത്തിക്കുന്നു.) വാശി, വാശി, വാശി.

അങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അകലത്തെവിടെയോ നിന്നു നാഗസ്വരത്തിന്റെ ശബ്ദം കേൾക്കുന്നു. അത് ഉച്ചത്തിൽ മുഴങ്ങുന്നു. പെട്ടെന്നു രംഗമാകെ ഇരുളുന്നു. ചാത്തുണ്ണി നായരുടെ തലയ്ക്കു പിന്നിൽ— അല്പം മാറി വൃത്താകൃതിയിൽ ഒരു ചെറിയ വെളിച്ചം. ആ വെളിച്ചത്തിൽ കഴുത്തിൽ പൂമാലയുമിട്ടു കല്യാണവേഷവുമണിഞ്ഞു മൂന്നാംരംഗത്തിൽ കണ്ട വിജയൻ നില്ക്കുന്നു.

നാഗസ്വരം നിലയ്ക്കുന്നു.

**ചാത്തുണ്ണി:** (ബീഭത്സമായൊരു ശബ്ദം പുറത്തുവിടുന്നു. തുടർന്നു ശകാരവും).പോഫെ... കടന്നുഫോ... നീയെന്റെ മകനല്ല. ഫോ ഫോ... (രംഗം മുഴുവനായി ഇരുളുന്നു. അകത്തു നിന്നു രാമന്റെ ശബ്ദം ഉറക്കെ കേൾക്കുന്നു.)

**രാമൻ:** (അണിയറയിൽനിന്ന്) ആരാ അവിടെ എന്താത്?

രംഗം തുടക്കത്തിലെന്നപോലെ പ്രകാശമാനമാവുന്നു.

**രാമൻ:** (ബദ്ധപ്പെട്ട് കടന്നുവരുന്നു.) ആരോടാണ് ദേഷ്യപ്പെട്ടത്. ഏ! (ഉറക്കെ വിളിക്കുന്നു.)

ചാത്തുണ്ണിനായർ തലപൊക്കി നോക്കുന്നു.

**രാമൻ:** ഇവിടെ ആരേ വന്നത്?

**ചാത്തുണ്ണി:** (കിതപ്പു നല്ലപോലെ ഒതുങ്ങീട്ടില്ല. ശബ്ദം ഇടറുന്നുണ്ട്.) ആരും വന്നില്ല.

**രാമൻ:** ദേഷ്യപ്പെട്ടത് പിന്നെ ആരോടായിരുന്നു.

**ചാത്തുണ്ണി:** ഉം. (ആരോടുമില്ലെന്ന അർത്ഥത്തിൽ മൂളുന്നു.)

**രാമൻ:** ഉറക്കത്തു പറഞ്ഞതാണോ?

**ചാത്തുണ്ണി:** ഉം. (അനുസരിച്ച് മൂളുന്നു.)

**രാമൻ:** പകലെങ്കിൽ പകൽ, കുറച്ചുറങ്ങിയാൽ നന്നായിരുന്നു. ഉറക്കത്തു വല്ലതും കണ്ടോ?

**ചാത്തുണ്ണി:** ഉം. (സമ്മതിച്ചു മൂളുന്നു.)

**രാമൻ:** കുറച്ചെരു ഉറക്കം കിട്ട്യേത് അങ്ങനേയും പോയി. പകലുറങ്ങുന്നതു ദോഷായിരിക്കും. ഇനീന്നാലുറങ്ങേണ്ട.

ചാത്തുണ്ണിനായർ മിണ്ടുന്നില്ല. വീണ്ടും അകലത്തുനിന്നു വേണുഗാനം കേൾക്കുന്നു. ചാത്തുണ്ണിനായർ തല പൊക്കുന്നു.

**ചാത്തുണ്ണി:** (അവശസ്വരത്തിൽ) രാമാ...

**രാമൻ:** ഓ!

**ചാത്തുണ്ണി:** (പ്രയാസപ്പെട്ടു എഴുന്നേല്ക്കുന്നു. തലയണയെടുത്തു കട്ടിലിന്റെ തണ്ടിൽ ചാരുന്നു. എന്നിട്ട് ചാരിയിരിക്കുന്നു. ഓടക്കുഴലിന്റെ ശബ്ദം കേട്ട ഭാഗത്തേക്കു ചൂണ്ടി) നീയാ കുട്ടിയെ, വിജയനെ ഒന്നു വിളിച്ചുകൊണ്ടുവാ.

രാമൻ പുറത്തേക്കു പോകുന്നു. ചാത്തുണ്ണിനായർ ഓടക്കുഴലിന്റെ ശബ്ദം കേൾക്കുന്ന ഭാഗത്തേക്ക് ഇമവെട്ടാതെ നോക്കിക്കൊണ്ടിരിക്കുന്നു.

രാമനും പിന്നാലെ ബാബുവും കടന്നുവരുന്നു. രാമൻ അകത്തേക്കു പോകുന്നു. ബാബു കുറച്ചു വിട്ടുനില്ക്കുന്നു. ചാത്തുണ്ണിനായർ പ്രയാസപ്പെട്ട് ഒന്നു ചിരിക്കുന്നു.

**ചാത്തുണ്ണി:** വരൂ, മോനേ; ഇങ്ങട്ടു വരൂ.

**ബാബു:** (ചാത്തുണ്ണിനായരെ സൂക്ഷിച്ചുനോക്കി) അമ്മാമയ്ക്കെന്താ, സുഖക്കേടധികാണോ?

**ചാത്തുണ്ണി:** അധികായിരുന്നു. ഇപ്പോൾ ഭേദമുണ്ട്.

**ബാബു:** അതെങ്ങിനെ?

**ചാത്തുണ്ണി:** നിന്നെ കണ്ടതുകൊണ്ട്.

**ബാബു:** ഞാനെന്താ സുഖക്കേടിനുള്ള മരുന്നാണോ?

**ചാത്തുണ്ണി:** എന്റെ സുഖക്കേടിനുള്ള മരുന്നു നീയാണ്. നീ അടുത്തു വരൂ. (കൈ നീട്ടുന്നു.)

**ബാബു:** വേണ്ട.

**ചാത്തുണ്ണി:** നീയെന്റെ മടിയിൽ വന്നിരിക്കു.

ബാബു നിഷേധാർഥത്തിൻ തലയാട്ടുന്നു.

**ചാത്തുണ്ണി:** ഇങ്ങടുത്തു വരൂ. നീയെന്റെ മടിയിലിരിക്കുമെന്ന് പറഞ്ഞിട്ടില്ലേ?

**ബാബു:** ഇരിക്കും.

**ചാത്തുണ്ണി:** എപ്പോൾ?

**ബാബു:** ആയിട്ടില്ല

**ചാത്തുണ്ണി:** നിനക്കെന്നെ വിശ്വാസമായിട്ടില്ലേ, ഇല്ലേ മോനേ?

**ബാബു:** അതേ... അതുപിന്നെ... അമ്മാമ്മയ്ക്കു കുട്ടികളെ ഇഷ്ടമല്ല

**ചാത്തുണ്ണി:** ആരു പറഞ്ഞു നിന്നോടിതു് വിജയാ? കളവാണു്, മോനെ അതൊക്കെ.

**ബാബു:** അല്ല, നേരാണു്. ഇഷ്ടാണെങ്കിൽ നിങ്ങൾ നിങ്ങളുടെ മക്കളെ... (പറഞ്ഞു തീരുന്നതിനുമുൻപു് ചാത്തുണ്ണിഹെഡ്‌ ചെവിപൊത്തുന്നു. മുഖത്തു ദുസ്സഹമായ വേദന നിഴലിക്കുന്നു.)

**ചാത്തുണ്ണി:** ഇല്ല. ഞാനാരേം അടിച്ചോടിച്ചിട്ടില്ല; എന്റെ വിജയനെങ്കിലും അതു് വിശ്വസിക്കില്ല?

**ബാബു:** നിങ്ങളെന്താ എന്നെ വിജയനെന്നു വിളിക്കുന്നതു്?

**ചാത്തുണ്ണി:** എനിക്കങ്ങനെ വിളിക്കാനാണിഷ്ടാ!

**ബാബു:** എനിക്കു ബാബൂന്നു വിളിച്ചുകേൾക്കാനാണിഷ്ടം! വിജയൻ അതു പൊട്ട പ്പേരാണു്.

ചാത്തുണ്ണിനായർ എന്തോ ആലോചിച്ചു നെടുവീർപ്പിടുന്നു.

**ബാബു:** അല്ലേ പൊട്ടപ്പേരല്ലേ?

**ചാത്തുണ്ണി:** (സ്വപ്നത്തിലെന്നപോലെ) അല്ല... (വീണ്ടും വിജയന്റെ നേരെ കൈ നീട്ടി) നീ വരില്ലേ? എന്റെ കാലിനു സുഖമുണ്ടായിരുന്നെങ്കിൽ ഞാൻ നിന്നെ വാരിയെടുത്തു് എന്റെ മടിയിലിരുത്തുമായിരുന്നു.

**ബാബു:** (രണ്ടടി പിന്നാക്കം നിന്നു്) നിങ്ങളുടെ കാലിനുസുഖമില്ലെന്നറിഞ്ഞുതു കൊണ്ടാണു് ഞാനിവിടെ വന്നതു്. അല്ലെങ്കിൽ വരില്ലായിരുന്നു.

**ചാത്തുണ്ണി:** കഷ്ടം! (തൊണ്ടയിടറുന്നു.) നിനക്കെന്നോടു സ്നേഹമില്ല അല്ലേ (കണ്ണിൽ വെള്ളം നിറയുന്നു. ബാബുവിനെത്തന്നെ ദയനീയമായി നോക്കുന്നു.)

**ബാബു:** അല്ലേ, നിങ്ങൾ കരയുന്നോ?

ചാത്തുണ്ണിനായർ കണ്ണു തുടയ്ക്കുന്നു.

**ബാബു:** ഞാനടുത്തുവരാഞ്ഞിട്ടാണോ കരയുന്നതു്?

ചാത്തുണ്ണിനായർ ബാബുവിന്റെ മുഖത്തുനിന്നു കണ്ണു പറിക്കാതെ തല കുലുക്കുന്നു; അതേ എന്ന അർത്ഥത്തിൽ.

**ബാബു:** എന്നാൽ ഞാൻ അടുത്തുവരാം; മടിയിലിരിക്കില്ല.

**ചാത്തുണ്ണി:** (തൊണ്ടയിടറി) വേണ്ട.

ബാബു ശങ്കിച്ചു ശങ്കിച്ചു് അടുത്തുചെല്ലുന്നു.

**ചാത്തുണ്ണി:** (ആശ്വാസഭാവത്തിൽ ബാബുവിന്റെ പുറം തലോടുന്നു.) അമ്മാമേടെ മടീലിരിക്കാൻ വിരോധമാണെങ്കിൽ ഇതാ ഈ കട്ടിലിലിരുന്നോളൂ.

**ബാബു:** വേണ്ട, ഇവിടെ നിന്നാൽ മതി

**ചാത്തുണ്ണി:** മോനേ, നിനക്കിപ്പഴെന്നെ വിശ്വാസമായില്ലേ...

ബാബു സമ്മതഭാവത്തിൽ തലകുലുക്കുന്നു.

**ചാത്തുണ്ണി:** ഞാനാരേം ദ്രോഹിക്കില്ല. നീ കുറച്ചുകൂടി അടുത്തേക്കു നില്ക്കു.

ബാബു അടുത്തേക്കു നില്ക്കുന്നു. ചാത്തുണ്ണിനായർ ബാബുവിനെ നെഞ്ചോടടുപ്പിച്ചു മൂർധാവിൽ മുകരുന്നു. കണ്ണിൽനിന്നു വെള്ളം ധാരയായൊഴുകുന്നു.

**ബാബു:** എന്തിനാ അമ്മാമ്മ കരയുന്നത്?

**ചാത്തുണ്ണി:** ഊഹും. (നിഷേധാർഥത്തിൽ തലയാട്ടുന്നു.)

**ബാബു:** (ചാത്തുണ്ണിനായരുടെ മുഖത്തേക്കു നോക്കി) ഞാൻ മടിയിലിരിക്കാഞ്ഞിട്ടാണോ?

ചാത്തുണ്ണിനായർ ഒന്നും മിണ്ടുന്നില്ല. നിശ്ചലനായിരിക്കുന്നു.

**ബാബു:** ഞാൻ മടിയിലിരുന്നാൽ അമ്മാമേടെ കാല് വേദനിക്കില്ലേ?

**ചാത്തുണ്ണി:** ഇല്ല മോനേ; അമ്മാമേടെ വേദന മാറും.

**ബാബു:** എന്നാൽ ഞാനിരിക്കാം. (മടിയിൽ കേറിയിരിക്കുന്നു.)

ചാത്തുണ്ണിനായർ ബാബുവിനെ കെട്ടിപ്പിടിച്ചു തെരുതെരെ മൂർധാവിൽ ചുംബിക്കുന്നു. കണ്ണിൽനിന്നു വെള്ളം ധാരധാരയായൊഴുകുന്നു.

**ബാബു:** അമ്മാമ്മ എന്തിനാ കരയുന്നത്

ചാത്തുണ്ണിനായർ മിണ്ടുന്നില്ല.

**ബാബു:** കാലു വേദനിച്ചിട്ടാണോ?

പിന്നെയും ചാത്തുണ്ണിനായർ മിണ്ടുന്നില്ല.

**ബാബു:** ആയിരിക്കും. ഞാനെഴുന്നേറ്റുകളയാം.

**ചാത്തുണ്ണി:** (ബാബുവിനെ പിടിച്ചുനിർത്തി) അല്ല മോനേ; മോനിരുന്നോളൂ.

**ബാബു:** അമ്മാമേടെ കാലിനു ചികിത്സയൊന്നും ചെയ്യുന്നില്ലേ.

**ചാത്തുണ്ണി:** ഇല്ല.

ബാബു: അതെന്താ, ചികിത്സ ചെയ്യാത്തതു്?

ചാത്തുണ്ണി: ഒന്നും വേണ്ടാഞ്ഞിട്ടുതന്നെ. നീ ദിവസോം വന്നു് അമ്മാമേടെ മടിയിൽ കുറച്ചിങ്ങനെയിരുന്നാൽ ചികിത്സിക്കാതെ തന്നെ അമ്മാമയ്ക്കിതുമാറും.

ബാബു: എന്നാൽ ഞാൻ ദിവസോം വന്നിരിക്കാം. അമ്മാമേടെ മക്കളിരിക്കാത്തതുകൊണ്ടാണോ ഈ സുഖക്കേടു് വന്നതു്? )

ചാത്തുണ്ണിനായർ ചുണ്ടു കടിച്ചമർത്തി ദുഃഖം അടക്കുന്നു. നെഞ്ചുഴിയുന്നു.

ബാബു: അമ്മാമേടെ നെഞ്ചിനും വേദനയുണ്ടോ?

ചാത്തുണ്ണി: (തൊണ്ടയിടറി) നെഞ്ചിനാണധികം വേദന.

ബാബു: (ചാടിയിറങ്ങി) ഞാനുഴിഞ്ഞുതരാം. (ചാത്തുണ്ണിനായർ ഉഴിഞ്ഞ സ്ഥലത്തു തൊട്ടു്) ഇവിടെയല്ലേ വേദന?

ചാത്തുണ്ണി: അതേ.

ബാബു ഉഴിഞ്ഞുകൊടുക്കുന്നു. ചാത്തുണ്ണിനായർ കണ്ണടച്ചിരിക്കുന്നു.

ബാബു: സുഖമില്ലേ അമ്മാമേ?

ചാത്തുണ്ണി: ഉണ്ടു്.

ബാബു: പുറത്തു വേദനയുണ്ടോ?

ചാത്തുണ്ണി: അതു സാരമില്ല, അകത്താണു് കലശലായ വേദന.

ബാബു: അകത്തുഴിയാൻ കഴിയില്ലല്ലോ, അമ്മാമേ.

ചാത്തുണ്ണി: നീ ഉഴിയുമ്പോൾ അകത്തേ വേദനകൂടി മാറുന്നുണ്ടു്. ആട്ടെ സതിയെന്തുകൊണ്ടു് വന്നില്ല.

ബാബു: അവൾക്കു് നല്ല സുഖമില്ല; ജലദോഷമാണ്.

ചാത്തുണ്ണി: അവൾ വരാഞ്ഞതു് കഷ്ടമായി

ബാബു: ഏ? എന്താണമ്മാമേ?

ചാത്തുണ്ണി: നിങ്ങൾക്കു രണ്ടാൾക്കും ഞാനിന്നു സമ്മാനം തരാൻ തീരുമാനിച്ചിരുന്നു.

ബാബു: എന്തു സമ്മാനം?

ചാത്തുണ്ണി: അതു പറയില്ല, സതികൂടി വരട്ടെ.

ബാബു: അതു ഞാൻ സമ്മതിക്കില്ല; എന്റേതെനിക്കു കിട്ടണം.

ചാത്തുണ്ണി: നിർബന്ധമാണോ?

ബാബു: അതേ.

ചാത്തുണ്ണി: എന്നാലിവിടെ നില്ക്കു. (പ്രയാസപ്പെട്ടു എഴുന്നേറ്റു് അകത്തു പോവാൻ തുടങ്ങുന്നു. നടക്കാൻ തീരെ വയ്യ. ഒന്നു രണ്ടടിവെച്ചു കലശലായ വേദന സഹിക്കുന്നു.)

**ബാബു:** വേണ്ടമ്മാമേ; അമ്മാമ്മയ്ക്കു നടക്കാൻ വയ്യ.

**ചാത്തുണ്ണി:** നിനക്കു സമ്മാനം വേണ്ടേ?

**ബാബു:** വേണ്ട.

**ചാത്തുണ്ണി:** എന്നാൽ നീയൊരു കാര്യം ചെയ്യൂ. അകത്തു പോയി അകത്തെ മേശപ്പുറത്തു ചെറിയൊരു സഞ്ചിയുണ്ട്. അതിങ്ങട്ടെടുത്തുകൊണ്ടുവരൂ...

ബാബു അകത്തേക്കോടിപ്പോകുന്നു. ചാത്തുണ്ണിനായർ പ്രയാസപ്പെട്ടു വീണ്ടും കട്ടിലിലേക്കു തിരിച്ചുപോകുന്നു. ബാബു തിരിച്ചുവന്നു വാതിലിനടുത്തു നില്ക്കുന്നു.

**ചാത്തുണ്ണി:** സഞ്ചി കണ്ടില്ലേ?

ബാബു ഇല്ലെന്ന അർത്ഥത്തിൽ തലകുലുക്കുന്നു; പക്ഷേ, മുഖത്തൊരു കള്ളച്ചിരിയുണ്ട്.

**ചാത്തുണ്ണി:** മേശപ്പുറത്തു നോക്കിയോ?

**ബാബു:** നോക്കി.

**ചാത്തുണ്ണി:** കണ്ടില്ലേ.

**ബാബു:** ഇല്ല (അടുത്തേക്കു ചെല്ലുന്നു.)

**ചാത്തുണ്ണി:** എന്നാൽ ഞാൻതന്നെ എടുത്തുകൊണ്ടുവരാം.

**ബാബു:** (ചിരിച്ചുകൊണ്ട്) വേണ്ടമ്മാമേ.

**ചാത്തുണ്ണി:** (അല്പം ചിരിയോടെ) എന്നാൽ നിനക്കു കിട്ടീട്ടുണ്ട്. സഞ്ചിയെവിടെ?

ബാബു ട്രൗസറിന്റെ മുഴച്ചുനില്ക്കുന്ന കീശ രണ്ടും തൊട്ടുകാണിക്കുന്നു.

**ചാത്തുണ്ണി:** മിടുക്കൻതന്നെ. മുഴുവനും നീയെടുത്തോ?

ബാബു തലകുലുക്കുന്നു.

**ചാത്തുണ്ണി:** അതു പറ്റില്ല; സതിക്കു കൊടുക്കണം. അവളുടെ ഓഹരി അവിടെ കൊണ്ടുവയ്ക്കൂ.

**ബാബു:** (പോക്കറ്റിൽനിന്നു നല്ലപോലെ പഴുത്ത ഒരു പേരയ്ക്കയെടുത്തു നോക്കി) ആയ്, എത്ര വലിയ പഴം! (ചാത്തുണ്ണി നായരുടെ സമീപത്തേക്കു ചെല്ലുന്നു.)

**ചാത്തുണ്ണി:** അതു മുഴുവൻ നീ തിന്നാൻ പറ്റില്ല; സതിക്കു കൊടുക്കണം.

**ബാബു:** അമ്മാമേ, സതീടെ ജലദോഷം മാറുമ്പോഴേക്ക് ഇതു കെട്ടുപോകും.

**ചാത്തുണ്ണി:** എന്നാൽ മുഴുവനും നീയെടുത്തോളൂ. സതിക്ക് ഇനി പഴുത്തിട്ട് കൊടുക്കാം.

ബാബു: (പഴം കഴിക്കാൻ നോക്കി പെട്ടെന്നു നിർത്തീട്ട്) അമ്മമ്മേ അമ്മാമ്മ പേരയ്ക്ക തിന്നാറില്ലേ?

ചാത്തുണ്ണി: ഇല്ല.

ബാബു: അതെന്താ അമ്മാമ്മേ?

ചാത്തുണ്ണി: ഒന്നും ഉണ്ടായിട്ടല്ല;

ബാബു: എന്നാൽ അമ്മാമ്മയിന്നു തിന്നണം.

ചാത്തുണ്ണി: എന്റെ വിജയൻ തന്നാൽ തിന്നാം.

ബാബു: (കട്ടിലിൽ ചാത്തുണ്ണിനായരുടെ അരികിൽ കേറിയിരുന്നു കള്ളക്കണ്ണിട്ടു നോക്കിക്കൊണ്ട്.) പിന്നേം അമ്മാമ്മ എന്നെ വിജയനെന്നു വിളിക്കുന്നു?

ചാത്തുണ്ണി: എനിക്കങ്ങനെ വിളിക്കാനാണിഷ്ടം.

ബാബു: ആഹാ... എന്നാൽ ഇതാ നോക്കിക്കോളൂ... (പേരയ്ക്കയുടെ ഒരു പാതി തോടുകളഞ്ഞ്) ഉം. അമ്മാമ്മ വായ തുറക്കു.

ചാത്തുണ്ണി: വേണ്ട, വിജയൻ തിന്നു.

ബാബു: അമ്മാമ്മ തിന്നല്ലാതെ ഞാൻ തിന്നില്ല.

ചാത്തുണ്ണിനായർ ഒന്നും മിണ്ടാതെ ഇരിക്കുന്നു. ബാബു ചാത്തുണ്ണി നായരുടെ താടി പിടിച്ചു വായ പൊളിച്ച് അതിൽ ഒരു കഷണം പേരയ്ക്ക വെച്ചുകൊടുക്കുന്നു. ബാക്കി കഷണം തന്റെ വായിലേക്കിട്ടു ചവയ്ക്കാൻ തുടങ്ങുന്നു. ചാത്തുണ്ണി നായർ പതുക്കെ ചവയ്ക്കുന്നു. എന്തൊക്കെയോ പഴയ ആലോചനകൾ മനസ്സിൽ തിങ്ങിവിങ്ങുന്നു. മുഖത്തു ദുഃഖച്ഛായ പരക്കുന്നു. കണ്ണിൽ വെള്ളം നിറയുന്നു. അതു കവിളിലൂടെ ഒഴുകിവീഴാൻ തുടങ്ങുന്നു.

ബാബു: എന്തു കടുംമധുരം! പഞ്ചാരപ്പഴംതന്നെ... അമ്മാമേ, പേരയ്ക്ക തിന്നുമ്പോഴും അമ്മാമ്മയ്ക്കു വേദനയുണ്ട്?

ചാത്തുണ്ണി: എല്ലായ്പോഴും വേദനയാണ്.

ബാബു: എന്നാൽ ഞാൻ ചെന്നു വീട്ടിൽ വല്ല മരുന്നുമുണ്ടൊ എന്നു ചോദിക്കട്ടെ.

ചാത്തുണ്ണി: വേണ്ട, മോനേ വേണ്ട. അമ്മാമ്മയ്ക്കുതങ്ങു മാറും. (പിടിച്ചടുപ്പിച്ച് മൂർധാവിൽ ചുംബിക്കുന്നു.)

ബാബു: അമ്മാമേ ഞാൻ പോയി കൊണ്ടുവരാം.

ചാത്തുണ്ണി: (മുഖമുയർത്തി) പോയാൽ വരണം കേട്ടൊ. അമ്മാമ്മ കാത്തിരിക്കും.

ബാബു: (ചാടിയെണീറ്റ്) വേഗത്തിൽ വരും.

ചാത്തുണ്ണി: വീട്ടിൽ മരുന്നിനൊന്നും ചോദിക്കരുതേ?

ബാബു: അതെന്താ, അമ്മാമേ?

ചാത്തുണ്ണി: അമ്മാമ്മയ്ക്ക് വേണ്ടാഞ്ഞിട്ടാണ്. മരുന്നൊക്കെ ഇവിടെയുണ്ട്.

**ബാബു:** ഉണ്ടോ?

**ചാത്തുണ്ണി:** ഉണ്ട്.

**ബാബു:** എന്നിട്ടെന്തേ അമ്മാമ്മ കഴിക്കാത്തത്?

**ചാത്തുണ്ണി:** സമയമായാൽ അമ്മാമ്മ എടുത്തു കഴിച്ചോളും. വിജയൻ വീട്ടിൽ പോയിട്ടു വരൂ.

**ബാബു:** എന്നാൽ ഞാൻ ചോദിക്കുന്നില്ല. (ഒന്നുരണ്ടടി നടന്നു തിരിഞ്ഞുനിന്ന്) അമ്മാമ്മ മരുന്നെടുത്ത് കഴിക്കണേ?

ചാത്തുണ്ണിനായർ തലകുലുക്കുന്നു. ബാബു പോകുന്നു.

**ചാത്തുണ്ണി:** (ബാബു പോയ വഴിതന്നെ നോക്കി കുറേനേരം അനങ്ങാതിരിക്കുന്നു. എന്നിട്ടു കണ്ണു തുടയ്ക്കുന്നു. അല്പം കഴിഞ്ഞ് അകത്തേക്കു നോക്കി വിളിക്കുന്നു.) രാമാ... രാമാ...

രാമൻ ബദ്ധപ്പെട്ട് വന്നു നില്ക്കുന്നു.

**ചാത്തുണ്ണി:** പിന്നേയ്... (എന്തോ പറയാൻ ഭാവിച്ച് നിർത്തുന്നു)

രാമൻ ഉത്കണ്ഠയോടെ മുഖത്തു നോക്കുന്നു.

**ചാത്തുണ്ണി:** പിന്നെ... ആ കമ്പി വന്നത്... ഏതു ദിവസമായിരുന്നു... നിനക്കോർമയുണ്ടോ?

**രാമൻ:** (മനസ്സിലാവാത്ത മട്ടിൽ) ഏതു കമ്പി?

**ചാത്തുണ്ണി:** എടാ അന്നൊരു കമ്പി വന്നില്ലേ...

**രാമൻ:** ആരുടെ കമ്പി?

**ചാത്തുണ്ണി:** വിജയന്റെ കമ്പി... അവന്റെ...

**രാമൻ:** (സന്തോഷിച്ച്) അതതേ... കുട്ടി പിറന്ന വിവരത്തിനുള്ള കമ്പിയല്ലേ?

**ചാത്തുണ്ണി:** അതേ, ആ കമ്പിതന്നെ.

**രാമൻ:** അതു ഞാൻ വെച്ചിട്ടുണ്ട്. എടുത്തുകൊണ്ടുവരാം.

**ചാത്തുണ്ണി:** വേണ്ട. അവനിന്നൊരു കത്തെഴുതണം... (മിണ്ടാതെ അല്പനേരം ആലോചിക്കുന്നു.) വേണ്ടേ രാമാ?

**രാമൻ:** വേണം. നിശ്ച്യായിട്ടും വേണം.

ചാത്തുണ്ണിനായർ പിന്നേയും ആലോചനാമഗ്നനായി മിണ്ടാതിരിക്കുന്നു.

**രാമൻ:** എന്തു വിവരത്തിനാ എഴുതുന്നത്?

**ചാത്തുണ്ണി:** (ഉറക്കത്തിൽനിന്നു ഞെട്ടിയിട്ടെന്നപോലെ) ഏ? എന്താ നീ ചോദിച്ചത്?

**രാമൻ:** എന്തു വിവരത്തിനാ എഴുതുന്നത്?

**ചാത്തുണ്ണി:** (പിന്നേയും ആലോചിക്കുന്നു. തന്നോടെന്നപോലെ പറയുന്നു.) ഇന്നുതന്നെ എഴുതിക്കളയാം. ഇനി താമസിക്കേണ്ട.

**രാമൻ:** (ബദ്ധപ്പെട്ട്) ഞാൻ ചെന്നു കടലാസ്സും മഷീം എടുത്തു കൊണ്ടുവരാം.

**ചാത്തുണ്ണി:** അവിടെ നില്ക്ക്. ആ കമ്പി വന്നത് എന്നായിരുന്നു?

**രാമൻ:** കഴിഞ്ഞ മാസം ഒന്നാം തീയതി പെൻഷ്യൻ കിട്ടിയ ദിവസം.

**ചാത്തുണ്ണി:** (മൂളുന്നു.) ഉം. ഇന്നു പതിനെട്ടല്ലേ രാമാ, തീയതി?

**രാമൻ:** അതെ.

**ചാത്തുണ്ണി:** കഴിഞ്ഞമാസം മുപ്പത്. ഈ മാസം പതിനെട്ട് നാല്പത്തെട്ടു ദിവസമായി. ഇനിയവർക്കു വന്നൂടെ?

**രാമൻ:** (അമ്പരന്നു മിഴിക്കുന്നു) ആർക്ക്?

**ചാത്തുണ്ണി:** (ഒന്നും കേൾക്കാത്ത മട്ടിൽ) ഇപ്പോൾ പുറപ്പെടാൻ വിരോധമുണ്ടാവില്ല. (പഴയ ഉത്സാഹത്തോടെ എഴുന്നേല്ക്കാൻ തുടങ്ങുന്നു) രാമാ അകത്തുചെന്നിരുന്നിട്ടു കത്തെഴുതാം. (കാലുകുത്തി എഴുന്നേൽക്കാൻ തുടങ്ങുന്നു. വേദന സഹിക്കുന്നില്ല.)

**രാമൻ:** ഞാൻ പിടിക്കാം. (ചേർന്നുനില്ക്കുന്നു.)

ചാത്തുണ്ണിനായർ രാമന്റെ തോളിൽ കൈ ചേർക്കുന്നു.

— യവനിക —

# രംഗം 6

അഞ്ചാംരംഗത്തിലെ സ്ഥലംതന്നെ. ചാത്തുണ്ണിനായർ കട്ടിലിൽ ചാരിയിരിക്കുന്നു. വിചാരമഗ്നനാണ്. സമീപത്തെവിടെയോനിന്നു കുട്ടികളാരോ കൃത്രിമമായി പൂച്ച കരയുന്ന ശബ്ദം. ചാത്തുണ്ണിനായർ അതു ശ്രദ്ധിക്കുന്നു.

**ബാബു:** (അല്പം അകലെ ഒളിഞ്ഞുനിന്ന്) മ്യാവൂ, മ്യാവൂ...

ചാത്തുണ്ണിനായർ പതുക്കെ ഒന്ന് ചിരിക്കുന്നു.

**ബാബു:** (വീണ്ടും ശബ്ദം) മ്യാ.

ചാത്തുണ്ണിനായർ ശബ്ദം പുറപ്പെടുന്ന സ്ഥലത്തേക്കു നോക്കി വീണ്ടും ചിരിക്കുന്നു.

**ബാബു:** (അതേ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു വരുന്നു.) മ്യാ, മ്യാ... (കട്ടിലിനരികിലേക്ക് വന്ന്) അമ്മാമേ, ഇതെന്താണെന്നറിയാമോ ഈ ശബ്ദം?

**ചാത്തുണ്ണി:** (മന്ദഹസിച്ചു.) രണ്ടു കാലുള്ള ഒരു പൂച്ചക്കുട്ടിയുടെ ശബ്ദം.

**ബാബു:** ഈ ശബ്ദം കുറുഞ്ഞിപ്പൂച്ചേടേതോ, കണ്ടംപൂച്ചേടേതോ? പറയൂ! അതാണ് ചോദിച്ചത്.

**ചാത്തുണ്ണി:** കണ്ടംപൂച്ചേടെ.

**ബാബു:** അല്ല! കുറിഞ്ഞിപ്പൂച്ചേടെ ശബ്ദാണ്. അമ്മാമയ്ക്ക് കാണണോ കുറിഞ്ഞിപ്പൂച്ചയെ?

**ചാത്തുണ്ണി:** കാണണം.

ബാബു താൻ വന്ന വഴിയിലേക്കു വിരൽചൂണ്ടി കണ്ണിറുക്കി, കുസൃതി ച്ചിരി ചിരിക്കുന്നു.

ചാത്തുണ്ണിനായരുടെ മുഖം സന്തോഷംകൊണ്ടു് കൂടുതൽ വികസിക്കു ന്നു.

സതി, ഒന്നാംരംഗത്തിൽ ബാബുവിനൊപ്പം സ്കൂൾ വിട്ടു വീട്ടിലേക്കു മട ങ്ങുന്നതായിക്കണ്ട പെണ്കുട്ടി, പതുക്കെ അല്പമൊരു ലജ്ജയും പരി ഭ്രമവുമുള്ള മട്ടിൽ കടന്നുവരുന്നു.

**ബാബു:** ഇതാ, ഇതാണമ്മാമേ, കുറിഞ്ഞിപ്പൂച്ച.

**സതി:** (ബാബുവിന്റെ മുഖത്തേക്കു ചാഞ്ഞുനോക്കി) വേണ്ട ബാബൂ.

**ചാത്തുണ്ണി:** വരൂ മോളേ, ഇങ്ങട്ടു വരു.

സതി ശങ്കിച്ചു നില്ക്കുന്നു.

**ബാബു:** വന്നോളൂ പേടിക്കേണ്ട. അമ്മാമ്മ ഒന്നും ചെയ്യില്ല! (ചാത്തുണ്ണിനായരോ ട്) അമ്മാമേ, അമ്മാമ്മ എത്ര ദിവസമായി ഈ കുറിഞ്ഞിപ്പൂച്ചയെ വിളിച്ചു കൊ ണ്ടുവരാൻ നിർബന്ധിക്കുന്നു.

**സതി:** വേണ്ട, ബാബു ഞാൻ പൂവ്വാണ്. (തിരിഞ്ഞുനടക്കുന്നു.)

**ചാത്തുണ്ണി:** മോളിങ്ങട്ടു വരൂ. ഇനി വിജയൻ പരിഹസിക്കില്ല;

സതി തിരിഞ്ഞുനില്ക്കുന്നു.

**ബാബു:** ആട്ടെ, അമ്മാമ്മ സതിയെ കണ്ടില്ലേ?

**ചാത്തുണ്ണി:** കണ്ടു. എനിക്കു വളരെ സന്തോഷമായി. ഇനി നിങ്ങൾ രണ്ടുപേരും കൂടി ഈ കട്ടിലിൽ കേറിയിരുന്നാൽ അമ്മാമ്മക്കിനിയും സന്തോഷവും.

**ബാബു:** ഇദാ, ഞാനിപ്പഴേ കേറിയിരുന്നുകഴിഞ്ഞു. (കേറി ഒരു ഭാഗത്തിരിക്കുന്നു. എന്നിട്ട് സതിയെ നോക്കി)

**സതി:** (തലയും കഴുത്തും കുടഞ്ഞ് കലശലായി പരിഭവിച്ച മട്ടിൽ) ഞാനിവിടെ നില്ക്കില്ല. ഇങ്ങനെണ്ടോ ഒരു പരിഹാസം!

**ചാത്തുണ്ണി:** സതി, ഇങ്ങട്ടു വന്നോളൂ. ഇനി വിജയൻ പരിഹസിക്കില്ല. എന്താ, വിജയൻ പറഞ്ഞാലനുസരിക്കാത്തത്?

**ബാബു:** ഇല്ലമ്മാമേ.

**ചാത്തുണ്ണി:** അനുസരണയില്ലാത്ത കുട്ടികളോട് എനിക്ക് പിണക്കാണ്.

**ബാബു:** അമ്മാമ്മ തല്ല്വോ?

ചാത്തുണ്ണിനായർ ഒട്ടൊന്നു വല്ലാതാവുന്നു.

സതി ചാത്തുണ്ണിനായരെ അമ്പരന്നു നോക്കുന്നു.

**ചാത്തുണ്ണി:** (വല്ലായ്മ ആവുന്നതും മറച്ചുപിടിച്ച്) വരൂ, മോളേ, ഇങ്ങട്ടടുത്തു വരൂ.

സതി ശങ്കിച്ചു നില്ക്കുന്നു.

**ബാബു:** വന്നോളൂ, സതീ; ഈ അമ്മാമ്മ ഒന്നും ചെയ്യില്ല;

സതി പതുക്കെ വരുന്നു; ബാബുവിന്റെ അടുത്തു നില്ക്കുന്നു.

**ബാബു:** ഇവിടെ കേറി ഇരുന്നോളൂ.

**ചാത്തുണ്ണി:** വേണ്ട. ഇവിടെ അമ്മാമേടെ അടുത്തു വന്നിരിക്കട്ടെ.

സതി ചാത്തുണ്ണിനായരെ സൂക്ഷിച്ചു നോക്കുന്നു.

**ചാത്തുണ്ണി:** (കൈ നീട്ടി) ഉം. വരൂ. ഇവിടെ വരൂ. (കട്ടിലിൽ സ്ഥലം കാണിച്ചുകൊണ്ട്) ഇവിടെ ഇരിക്കു.

**ബാബു:** (സതിയെപ്പിടിച്ചു മുൻപോട്ട് തള്ളി) ചെല്ലൂ, സതീ.

സതി മനമല്ലാമനസ്സോടെ ചാത്തുണ്ണിനായരുടെ അടുത്തേക്ക് ചെല്ലുന്നു.

**ചാത്തുണ്ണി:** (വലിയ ആശ്വാസത്തോടെ) ഇവിടെ കേറിയിരിക്കു.

സതി ചാത്തുണ്ണിനായരുടെ സമീപം ഇരിക്കുന്നു.

**ബാബു:** (കൈകൊണ്ട് മുഖം പൊത്തി) മ്യാ, മ്യാ.

**ചാത്തുണ്ണി:** (സതിയെ പിടിക്കുന്നു) അവനെന്തെങ്കിലും കാണിക്കട്ടെ അങ്ങട്ടു നോക്കേണ്ട... പിന്നെ, സതി കളിക്കാറില്ലേ?

സതി തല കുലുക്കുന്നു.

**ചാത്തുണ്ണി:** എന്തൊക്ക കളികളാണ്?

**സതി:** കൈക്കൊട്ടിക്കളി കുമ്മി, തൊട്ടുളി, പൂത്താംകല്ല്, സോസി അതൊക്കെ കളിക്കും.

**ചാത്തുണ്ണി:** ഇന്നു അമ്മാമ്മ പുതിയൊരു കളി പഠിപ്പിച്ചു തരട്ടെ?

സതി സമ്മതഭാവത്തിൽ തലയാട്ടുന്നു.

**ചാത്തുണ്ണി:** വിജയാ, അകത്തെ മേശപ്പുറത്തു ചെന്ന് ആ സഞ്ചിഎടുത്തുകൊണ്ടു വരു.

ബാബു ഓടിപ്പോകുന്നു.

**ചാത്തുണ്ണി:** (ബാബുവിനോട്) സഞ്ചി തുറന്നുനോക്കാൻ പാടില്ല!

**ബാബു:** (ഒരോട്ടത്തിനു തിരിച്ചുവരുന്നു) സഞ്ചിമലർത്തി സതിയെ കാണിക്കുന്നു. (അകന്നു നില്ക്കുന്നു.)

**സതി:** (കട്ടിലിൽനിന്നു ചാടിയിറങ്ങുന്നു.) ഇങ്ങട്ടു തരു.

**ബാബു:** മ്യാ, മ്യാ.

**സതി:** എന്നാൽ ഞാൻ കളിക്കില്ല. ഞാൻ പൂവ്വാണ്.

**ബാബു:** (സഞ്ചിയിൽനിന്നു രണ്ടുമണി നിലക്കടല വാരി വായിലാക്കി ചവച്ചുകൊണ്ട്) മ്യാ, മ്യാ.

**സതി:** വീട്ടിലെത്തട്ടെ, ഞാനച്ഛനോടിതൊക്കെ പറഞ്ഞുകൊടുക്കും. എന്തൊരു കൊതിയാണ്;

**ബാബു:** നിനക്ക് കൊതീട്ടില്ലതാനും.

**സതി:** എനിക്കിത്രേം കൊതീല്ല.

**ബാബു:** ഓ ഹോ, അതു ഞാനറിഞ്ഞില്ല; എന്നാലിത് (സഞ്ചിവെച്ചു നീട്ടുന്നു.)

സതി കൈയും നീട്ടി വാങ്ങാനടുക്കുന്നു.

**ബാബു:** (സഞ്ചി കൊടുക്കാതെ പിന്നിലോട്ടു മാറിനിന്ന്) മ്യാവ്, മ്യാവ്.

**സതി:** ഇനി ഞാനതു വാങ്ങില്ല. ഞാൻ പൂവ്വാണ് ഞാനച്ഛനോടു മുഴുവനും പറയും. ഇവിടെ വന്നതറിഞ്ഞാൽത്തന്നെ അച്ഛൻ തല്ലും.

അതുവരെ കുട്ടികളുടെ കളികണ്ടു സന്തോഷിച്ച ചാത്തുണ്ണിനായർ പെട്ടെന്നു ഞെട്ടുന്നു. മുഖഭാവം മാറുന്നു.

**ബാബു:** തല്ലു നിനക്കും കൊള്ളും.

**സതി:** ആർക്കാ കൊള്ളുന്നതപ്പോക്കാണാം. (പോകാൻ ഭാവിക്കുന്നു.)

**ചാത്തുണ്ണി:** (തടഞ്ഞ്) വരട്ടെ, വരട്ടെ ഞാൻ പറയാം, വിജയനിവിടെ വരു.

ബാബു അടുത്തുചെല്ലുന്നു.

**ചാത്തുണ്ണി:** അതു ഞാൻ നിങ്ങൾക്കു കളിക്കാൻ വേണ്ടി വാങ്ങിയതാണ്.

**ബാബു:** ഇതുകൊണ്ടെങ്ങന്യാ കളിയ്ക്ക്യാ?

**ചാത്തുണ്ണി:** ഞാൻ പറഞ്ഞുതരാം. അതു നേർപകുതിയായി ഭാഗിച്ചു നിങ്ങൾക്കു രണ്ടാൾക്കും തരാം. എന്നിട്ട് ഒറ്റയും ഇരട്ടയും പിടിക്കണം. അറിയില്ലേ

**സതി:** (സന്തോഷിച്ച്) ഓ! അറിയാം. ഞാനെന്നും ബാബൂനെ തോല്പ്പിക്കാറുണ്ട്.

**ബാബു:** അതു കാണിച്ചുതരാം.

**ചാത്തുണ്ണി:** സതി കേറി ഇവിടെ ഇരിക്കു.

രണ്ടുപേരും കട്ടിലിൽ കേറി കളിക്കാൻ പാകത്തിൽ ഇരിക്കുന്നു. ചാത്തുണ്ണി നായർ സഞ്ചിയിലെ നിലക്കടല രണ്ടുപേർക്കും ഭാഗിച്ചുകൊടുക്കുന്നു. രണ്ടു പേരും കളിക്കാൻ തുടങ്ങുന്നു. താന്താങ്ങളുടെ ഓഹരിയിൽനിന്ന് ഓരോ പിടി വാരി ഒറ്റയോ ഇരട്ടയോ എന്നു ചോദിക്കും. ഉത്തരം പറഞ്ഞാൽ നിലത്തുവെച്ച് എണ്ണും. ഫലത്തിനനുസരിച്ചു കൊടുക്കും; അല്ലെങ്കിൽ വാങ്ങും. ഇങ്ങനെ കളി വളരെ വാശിയായിട്ടു തുടരുന്നു. ചാത്തുണ്ണിനായർ അതു നോക്കിക്കൊണ്ടിരിക്കുന്നു.

**സതി:** (പെട്ടെന്ന്) നുണ! നുണ!

**ബാബു:** അല്ല.

**സതി:** തന്നെ.

**ബാബു:** എണ്ണം ശരിയാണ്.

**സതി:** അല്ല തെറ്റിച്ചു. നുണ

**ബാബു:** ഞാൻ നുണ പറയില്ല

**സതി:** നീ നുണയേ പറയൂ. ഞാൻ കണ്ടില്ലേ നീയിതിൽനിന്നു മാറ്റി വെക്കുന്നത്.

**ബാബു:** നുണ.

**സതി:** നുണ.

**ബാബു:** (മുഖം കോട്ടി) മ്യാവ്, മ്യാവ്

**സതി:** (ശുണ്ഠി വന്ന്) ഞഞ്ഞഞ്ഞഞ്ഞെ (ബാബുവിന്റെ തലമുടി കേറിപ്പിടിക്കുന്നു.)

**ചാത്തുണ്ണി:** (പെട്ടെന്ന്) വരട്ടെ, വരട്ടെ, അതൊന്നും പാടില്ല. കളിയിലിങ്ങനെ പിണങ്ങിയാലോ?

**സതി:** ഇവൻ കള്ളക്കളി കളിക്കുന്നു.

**ബാബു:** സതിയാണ് കള്ളക്കളി കളിച്ചത്.

**ചാത്തുണ്ണി:** സാരമില്ല ഇനി മതി കളിച്ചത്. ആർക്കെങ്കിലും നഷ്ടം പറ്റിയോ?

**സതി:** എനിക്കാ അധികം.

**ബാബു:** ആയി! അതു നിന്റെ മോഹാണ്. എനിക്കാ അധികം.

**ചാത്തുണ്ണി:** ആർക്കായാലും വേണ്ടില്ല; കിട്ടിയത് അവരവരെടുത്തോളു. ഇനി കളിച്ചതു മതി.

**സതി:** (എഴുന്നേറ്റു കടല വാരിയെടുക്കുന്നു) മതി ഇവന്റെ കൂടെ ആരും കളിക്കില്ല.

**ബാബു:** നിന്റെ കൂടേം ആരും കളിക്കില്ല. (എഴുന്നേറ്റു കടല വാരിയെടുക്കുന്നു.)

**ചാത്തുണ്ണി:** രണ്ടുപേരും പുറപ്പെട്ടതാണോ?

**ബാബു:** ഞാൻ പോണില്ല.

**സതി:** ഞാൻ പൂവ്വാണ്. അച്ഛൻ വന്നാൽ അന്വേഷിക്കും.

**ചാത്തുണ്ണി:** ഇനി ഇടയ്ക്കിടെ അമ്മാമ്മയെ കാണാൻ വരില്ലേ?

**സതി:** വരും (ബാബുവിനോട്ട്) എന്നെ വീട്ടിൽകൊണ്ടാക്കിത്തരു?

**ചാത്തുണ്ണി:** ഇത്ര വല്യ പേടിയാണോ സതിക്ക്? ഈ ഇടവഴിയിലൂടെ ഒരോട്ടം വെച്ചുകൊടുത്താൽ പോരേ?

**ബാബു:** (തലകുലുക്കി) ഓ! പിന്ന്യാരു വേണം?

**സതി:** അമ്മ പറഞ്ഞിട്ടാണ്. പശു കുത്താൻ വരുന്നു.

**ചാത്തുണ്ണി:** ശരിയാണ്. വിജയൻ അവളെ വീട്ടിലാക്കിക്കൊടുക്കു.

സതി കടലയും വാരിപ്പിടിച്ച് മുൻപിൽ നടക്കുന്നു.

**ബാബു:** (പിന്നാലെ പോകുന്നു. കുറച്ചു ചെന്നപ്പോൾ മുഖംകൊണ്ടു ഗോഷ്ഠികാണിച്ചു) മ്യാവ്, മ്യാവ്, സതി ശുണ്ഠിപിടിച്ചു തിരിഞ്ഞുനില്ക്കുന്നു. ബാബു പിന്നോക്കം നടക്കുന്നു, സതി ഒന്നു കൊഞ്ഞനംകുത്തി കടന്നുപോകുന്നു.

**ബാബു:** (തിരിഞ്ഞു ചാത്തുണ്ണിനായരെ നോക്കി) അമ്മാമേ ഇദാ, എത്തിക്കഴിഞ്ഞു. (പോകുന്നു.)

ചാത്തുണ്ണിനായർ കുട്ടികൾ പോകുന്നതും നോക്കി അങ്ങനെ ഇരിക്കുന്നു. അവർ കടന്നുപോകുംതോറും ആ മുഖത്തെ പ്രസാദം കുറഞ്ഞുവരുന്നു. ചിന്താമഗ്നനായിരിക്കുന്നു.

**രാമൻ:** (അകത്തുനിന്നു കടന്നുവരുന്നു. കട്ടിലിന്റെ മുകളിലും നിലത്തും മറ്റും നോക്കി) അയ്യയ്യേ! ഈ കട്ടിലിന്റെ മുകളിലും നിലക്കടലത്തൊണ്ടാക്കിയതാരാ? (കട്ടിലിൽനിന്ന് ഓരോന്നായി പെറുക്കുന്നു.)

**ചാത്തുണ്ണി:** (ശാന്തസ്വരത്തിൽ) അതാ കുട്ടികളാണ് രാമാ.

**രാമൻ:** അതതേ, ഞാൻ കേട്ടു ബഹളം. എന്തൊരു ബഹളായിരുന്നു! (കടലത്തൊണ്ടു പെറുക്കിക്കഴിഞ്ഞു കിടക്കവിരിയിലെ പൊടി തട്ടിക്കളയുന്നു.) കാക്കയ്ക്കിരിക്കാൻ സ്ഥലം കൊടുത്താൽ...

**ചാത്തുണ്ണി:** (രാമനതു പറഞ്ഞു മുഴുമിക്കുന്നതു തീരെ ഇഷ്ടമല്ലാത്ത നിലയിൽ) അപ്പോൾ രാമാ, അവരിന്നലെ വരുമെന്നല്ലേ എഴുതിയത്?

**രാമൻ:** അതേ.

**ചാത്തുണ്ണി:** ഇന്നിത്ര നേരായിട്ടും വന്നില്ലല്ലോ.

**രാമൻ:** അതാ ഞാനും വിചാരിക്കുന്നത്. വരും. വരാണ്ടിരിക്കില്ല.

**ചാത്തുണ്ണി:** ഉം. (മൂളുന്നു.)

**രാമൻ:** ചെറിയ കുട്ടീള്ളതല്ലേ? വിചാരിക്കുമ്പോലെ ചേരാൻ തരപ്പെടില്ല.

**ചാത്തുണ്ണി:** നേരാണ്. എനിക്കു വിജയന്റെ ആ കുട്ടിയെ ഒന്നു കാണണം. സുഖണ്ടെങ്കിൽ ഒന്നവിടംവരെ പോകായിരുന്നു.

**രാമൻ:** ഈ വിചാരം വരുമ്പഴയ്ക്ക് വയ്യാതായല്ലോ.

**ചാത്തുണ്ണി:** (വീണ്ടും മൂളുന്നു) ഉം.

**രാമൻ:** വേദനയെങ്ങിനേണ്ട്?

**ചാത്തുണ്ണി:** വേദനയോ? ഒരുഭാഗത്തതും!

**രാമൻ:** ഞാനൊന്നു തീവണ്ടിയാപ്പീസ്സുവരെ പോയിട്ടു വരട്ടെ?

**ചാത്തുണ്ണി:** വേണ്ട. അവന് വഴിയറിയില്ലേ?

**രാമൻ:** ഇന്നു വരും, വരാണ്ടിരിക്കില്ല. വരണന്നൊന്നു പറഞ്ഞു കേൾക്കാൻ കാത്താരിക്ക്യാണവര് (നിലത്തെ കടലത്തൊണ്ടുംകൂടി പെറുക്കിക്കഴിഞ്ഞ് അകത്തേക്കു പോകുമ്പോൾ) ഇവിടെ ഒന്നടിക്കണം. (പോകുന്നു.)

ചാത്തുണ്ണിനായർ വീണ്ടും വിചാരമഗ്നനാവുന്നു. ബാബു തിരിച്ചുവരുന്നു. മുഖത്തൊരു കള്ളച്ചിരിയുണ്ട്.

**ബാബു:** അമ്മാമേ, അമ്മാമേ. ചാത്തുണ്ണിനായർ ബാബുവിനെ നോക്കുന്നു.

**ബാബു:** ഇതാ, അമ്മാമേ, ഒരു ചോദ്യം?

**ചാത്തുണ്ണി:** എന്താ, വിജയാ?

**ബാബു:** ഈ അമ്മാമ്മ എന്നെ വിജയനെന്നല്ലാതെ വിളിക്കില്ല.

**ചാത്തുണ്ണി:** എനിക്കാ പേര് വളരെ ഇഷ്ടമാണ്.

**ബാബു:** അതെന്താ അമ്മാമേ?

**ചാത്തുണ്ണി:** അങ്ങനെയാണ്.

**ബാബു:** അമ്മാമേടെ മകന്റെ പേരെന്താണ്?

ചാത്തുണ്ണിനായർ അസ്വസ്ഥനാവുന്നു.

**ബാബു:** അമ്മാമ്മ പറയില്ലേ? (അടുത്തേക്കു ചെല്ലുന്നു.)

**ചാത്തുണ്ണി:** പറയാം.

**ബാബു:** വിജയനെന്നാണോ?

**ചാത്തുണ്ണി:** അതേ.

**ബാബു:** അങ്ങനെ വരട്ടെ... ആ പേരു് എനിക്കിഷ്ടമല്ലെങ്കിലും അമ്മാമ്മയെന്നെ വിജയനെന്നുതന്നെ വിളിച്ചോളൂ.

**ചാത്തുണ്ണി:** വിജയൻ ഇവിടെ വന്നിരിക്കൂ.

**ബാബു:** വരട്ടെ, ഞാൻ ചോദ്യം ചോദിച്ചില്ലല്ലോ.

**ചാത്തുണ്ണി:** ചോദിച്ചോളൂ.

**ബാബു:** എന്റെ ഈ രണ്ടു കീശയിലും ഓരോ സാധനമുണ്ട്. ഏതാ അമ്മാമ്മയ്ക്കു വേണ്ടത്?

**ചാത്തുണ്ണി:** രണ്ടും വേണം. (വിജയന്റെ മുഖത്തുനോക്കി ചിരിക്കുന്നു.)

**ബാബു:** അതു പറ്റില്ല; ഏതെങ്കിലും ഒന്നു പറയണം.

**ചാത്തുണ്ണി:** എനിക്കു വലത്തെ കീശയിലേതു മതി.

**ബാബു:** ഓ! അമ്മാമമയ്ക്കു വല്ലാത്ത സാമർഥ്യമാണ്? (വലത്തെ കീശയിൽനിന്ന് ഒരു കടലാസ്സ് വലിച്ചെടുക്കുന്നു.)

**ചാത്തുണ്ണി:** ഇനി മറ്റേക്കീശയിലെന്താണ്?

**ബാബു:** നിലക്കടല; അതമ്മാമയ്ക്കു വേണ്ടല്ലോ. (കൈയിലെ കടലാസു നീട്ടി.) ഇതാ അമ്മാമേടെ സാധനം അമ്മാമ്മ എടുത്തോളൂ.

**ചാത്തുണ്ണി:** അതെന്താണ്?

**ബാബു:** കത്ത്.

**ചാത്തുണ്ണി:** കത്തോ? ആർക്ക്?

**ബാബു:** അമ്മാമ്മക്കുള്ളതാണ്. (ചാത്തുണ്ണി ആർത്തിയോടെ വാങ്ങുന്നു.) ഇവിടുത്തെ പടിക്കൽനിന്നു തപാൽശിപായി എന്നെ ഏല്പിച്ചതാണ്.

ചാത്തുണ്ണിനായർ കണ്ണടയെടുത്തുവെച്ചു കത്തു പൊളിച്ചു വായിക്കുന്നു. വായിക്കുന്തോറും മുഖഭാവം മാറിവരുന്നു. കണ്ണിൽ വെള്ളം നിറയുന്നു.

ബാബു കട്ടിലിൽ കേറിയിരുന്ന് അമ്പരപ്പോടെ ചാത്തുണ്ണിനായരുടെ മുഖത്തേക്കു നോക്കുന്നു.

ചാത്തുണ്ണിനായർ കത്തു വായിച്ചു തീർന്ന് കത്തുകൊണ്ട് കണ്ണുപൊത്തി കിടക്കുന്നു.

**ബാബു:** (ഒന്നും മനസ്സിലാവാത്ത മട്ടിൽ വിളിക്കുന്നു.) അമ്മാമേ, അമ്മാമേ

**ചാത്തുണ്ണി:** (തൊണ്ടയിടറി) എന്താ?

**ബാബു:** എന്തിനാ അമ്മാമ്മ കരയുന്നത്?

ചാത്തുണ്ണിനായർ ഒന്നും പറയാതെ കത്ത് ബാബുവിന്റെ കൈയിൽ കൊടുക്കുന്നു.

**ബാബു:** (വാങ്ങി വായിച്ചുനോക്കുന്നു.) അയ്യയ്യോ ഇതിനാണോ അമ്മാമ്മ കരയുന്നത്? ഇതാരുടെ കത്താണമ്മാമേ... അമ്മാമേടെ മകന്റെ കത്താണോ?

ചാത്തുണ്ണിനായർ അതേ എന്നർഥത്തിൽ തലകുലുക്കുന്നു.

**ബാബു:** (കടലാസിൽനിന്നു കണ്ണെടുക്കാതെ) പാവം! അമ്മാമേടെ മകന് അമ്മാമ്മയോട് എന്തൊരു സ്നേഹമാണ്? ഇതെന്തിനാ അമ്മാമേ, മാപ്പുകൊടുക്കണമെന്ന് എഴുതിയത്? ഏ? അമ്മാമേ! അമ്മാമേ! (ബാബു ചാത്തുണ്ണിനായരുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കുന്നു. ചാത്തുണ്ണിനായർ മുണ്ടു കൊണ്ട് മുഖം മറച്ച് കിടക്കുകയാണ്. ബാബു എഴുന്നേറ്റു ചാത്തുണ്ണിനായരുടെ തല വെച്ച ഭാഗത്തു ചെന്നു നിൽക്കുന്നു. എന്നിട്ടു തല പതുക്കെ തടവിക്കൊണ്ടു വിളിക്കുന്നു.) അമ്മാമേ, അമ്മാമേ!

ചാത്തുണ്ണിനായർ മുഖത്തുനിന്നു മുണ്ടു മാറ്റി വിജയനെ നോക്കുന്നു. കണ്ണുകൾ ചുവന്നിട്ടുണ്ട്. കൺപീലികൾ നനഞ്ഞിട്ടുണ്ട്. മുഖത്തെ കരുവാളിപ്പ് ഇരട്ടിച്ചിട്ടുണ്ട്.

**ബാബു:** അമ്മാമ്മ എന്തിനാ കരയുന്നത്? അമ്മാമ്മേടെ മകന്റെ കുട്ടിക്ക് സുഖക്കേടാണെന്ന് എഴുതിയതുകൊണ്ടോ?

**ചാത്തുണ്ണി:** (പ്രയാസപ്പെട്ട്) അതേ.

**ബാബു:** സാരമിലമ്മാമേ. അതു വേഗം സുഖാവും. എന്നിട്ട് എല്ലാവരും ഒരുമിച്ചു വരുമെന്നല്ലേ! എഴുതിയത്?

ചാത്തുണ്ണിനായർ തലകുലുക്കുന്നു.

**ബാബു:** അമ്മാമ്മേടെ മകനും മകന്റെ മകനും എല്ലാംകൂടി വന്നാൽ എന്തു രസമായിരിക്കും! കുട്ടിക്ക് എത്ര വയസ്സുണ്ടമ്മാമേ?

**ചാത്തുണ്ണി:** കഷ്ടിച്ച് രണ്ടുമാസമായിട്ടുണ്ടാവും.

**ബാബു:** ബലേ, അവൻ മലർന്നുകിടന്നു കളിക്കുമ്പോൾ ഞാൻ ഓടക്കുഴൽ വായിച്ചുകൊടുക്കും. അതു കേട്ടു കയ്യും കാലും കുടഞ്ഞ് അവൻ കളിക്കും പൊട്ടിച്ചിരിക്കും. ഇല്ലേ, അമ്മാമേ?

**ചാത്തുണ്ണി:** ഉം.

**ബാബു:** വലുതായാൽ ഞാനവനെ ഓടക്കുഴൽ വായിക്കാൻ പഠിപ്പിക്കും. (കുറഞ്ഞൊന്നാലോചിച്ച്) അമ്മാമേ, അവരൊക്കെ വന്നാൽപിന്നെ ഞാൻ പതിവായിട്ടിവിടെ വരില്ല;

**ചാത്തുണ്ണി:** വരണം. എന്റെ വിജയൻ എന്നും വരണം... എപ്പോഴും വരണം... കേട്ടോ വിജയാ. (അടുപ്പിച്ചു പിടിക്കുന്നു.) വിജയൻ വരാതിരിക്കരുത്. (മുഖത്തു പാരവശ്യത്തോടെ നോക്കി) വരില്ലേ

**ബാബു:** വരും. (ചാത്തുണ്ണിനായരെ അടിമുടി നോക്കുന്നു) എന്താ അമ്മാമേ, അമ്മാമ്മയ്ക്ക് ഇത്ര പെട്ടെന്നു വേദന വന്നത്? വല്ലാതെയുണ്ടോ?

**ചാത്തുണ്ണി:** ഉണ്ട്.

**ബാബു:** മരുന്നുകുടിച്ചിട്ടൊന്നും സുഖല്ല്യേ?

**ചാത്തുണ്ണി:** ഇല്ല.

**ബാബു:** (ചാത്തുണ്ണിയുടെ പ്രകൃതം കണ്ട് ആകപ്പാടെ പരിഭ്രമിക്കുന്നു.) അമ്മാമ്മയ്ക്ക് ഞാൻ ഉഴിഞ്ഞുതരട്ടെ.

**ചാത്തുണ്ണി:** ഈ വേദന ഉഴിഞ്ഞാൽ മാറില്ല മോനേ.

**രാമൻ:** (ഒരു കപ്പിൽ എന്തോ മരുന്നു കൊണ്ടുവരുന്നു. പെട്ടെന്നു ചാത്തുണ്ണിനായരുടെ പ്രകൃതം മാറിക്കണ്ട് അമ്പരക്കുന്നു.) അല്ല, വേദന പിന്നേം അധികായോ?

ചാത്തുണ്ണിനായർ മിണ്ടുന്നില്ല.

**രാമൻ:** ഈ മരുന്ന കുടിക്കണം.

ചാത്തുണ്ണിനായർ മിണ്ടുന്നില്ല.

**ബാബു:** അമ്മാമേ, അമ്മാമേ!

**ചാത്തുണ്ണി:** എന്താ?

**ബാബു:** (രാമന്റെ കൈയിൽനിന്ന മരുന്ന വാങ്ങുന്നു. നെറ്റിതടവിക്കൊണ്ട്) അമ്മാമ്മ ഈ മരുന്ന കുടിക്കു.

ചാത്തുണ്ണി ചാരിക്കിടന്ന കിടപ്പിൽത്തന്നെ വായ തുറന്ന കൊടുക്കുന്നു. ബാബു മരുന്ന് വായിൽ ഒഴിച്ചുകൊടുക്കുന്നു. ചാത്തുണ്ണി മരുന്ന് കഴിച്ച് ബാബുവിനെ ഒരു കൈകൊണ്ട് തന്നിലേക്കടുപ്പിച്ച് പിടിച്ചു മുഖം അവന്റെ നെഞ്ചിൽ അമർത്തി വെച്ച് അനങ്ങാതെ കിടക്കുന്നു. രാമൻ ബാബുവിന്റെ കൈയിൽനിന്ന കപ്പു വാങ്ങി പകച്ചുനില്ക്കുന്നു.

**ബാബു:** അമ്മാമേ.

**ചാത്തുണ്ണി:** (തലയുയർത്തുന്നു. കണ്ണുകൾ നനഞ്ഞിട്ടുണ്ട്.) വിജയാ, വിജയൻ വീട്ടിൽ പോയിട്ടു വരു.

**ബാബു:** വേണ്ടമ്മാമേ!

**ചാത്തുണ്ണി:** വേണം, നിന്നെ അവിടെ അന്വേഷിക്കില്ലേ?

**ബാബു:** സാരമില്ല,

**ചാത്തുണ്ണി:** വിജയൻ പോയിട്ട് അല്പം കഴിഞ്ഞുവരു. അമ്മാമ്മയ്ക്കു വയ്യ. ഇത്തിരി ഒന്ന കിടന്നുറങ്ങിയാൽ ആശ്വാസം കിട്ടും. അമ്മാമ്മ ഉണരുമ്പോഴേക്കു വരു.

**ബാബു:** എന്നാൽ അമ്മാമ്മ ഉറങ്ങിക്കോളു. ഞാൻ പോയിട്ട് വരാം. അമ്മാമ്മയ്ക്കു ഉറക്കം വരുന്നതുവരെ ഞാനിവിടെയിരുന്ന് ഉഴിഞ്ഞുതരട്ടെ?

**ചാത്തുണ്ണി:** വേണ്ട. അമ്മാമ്മയ്ക്ക് ഉഴിഞ്ഞാൽ മാറുന്ന വേദനയല്ല. (തലമുടി തൊട്ടുഴിഞ്ഞുകൊണ്ട്) വിജയൻ പോയിട്ടു വരു... ഉണർന്നാൽ അമ്മാമ്മ കാത്തിരിക്കും. (അതു പറയുമ്പോൾ കണ്ഠം ഇടറുന്നു.) .

**ബാബു:** ഞാൻ വേഗത്തില് വരും. (പോകുന്നു.)

ചാത്തുണ്ണിനായർ ബാബുവിനെ ഇമവെട്ടാതെ നോക്കുന്നു. ബാബു ഒന്നുരണ്ടു തവണ സംശയിച്ചിട്ടെന്നപോലെ തിരിഞ്ഞുനിന്നു നോക്കുന്നു. ചാത്തുണ്ണിനായർ ആ കിടപ്പിൽനിന്നുതന്നെ താഴോട്ടു നിരങ്ങി കട്ടിലിൽ മലർന്ന കിടക്കുന്നു.

**രാമൻ:** (തലയിണയെടുത്തുവെച്ചു കൊടുക്കുന്നു.) എന്താ ഇത്ര പെട്ടെന്ന് സുഖക്കേടധികമായത്?

ചാത്തുണ്ണിനായർ മിണ്ടുന്നില്ല.

**രാമൻ:** ഞാനൊന്നു തീവണ്ടിയാപ്പീസിലോളം പോണെന്നു വിചാരിച്ചതായിരുന്നു. അവരാരെങ്കിലും ഈ വണ്ടിക്കു വരാതിരിക്കുല്ല.

**ചാത്തുണ്ണി:** വേണ്ട രാമാ, നീ പോണ്ടാ, കത്തു വന്നിരിക്കുന്നു.

**രാമൻ:** എന്താ വിവരം?

**ചാത്തുണ്ണി:** അവന്റെ കുട്ടിക്കു ദണ്ണാണത്രേ. അതു മാറീട്ടു പുറപ്പെടുമെന്ന്.

**രാമൻ:** ഞാനപ്പഴം പറഞ്ഞില്ലേ? വല്ല മുടക്കാവുമില്ലെങ്കിൽ അവരൊക്കെ ഇന്നലെ ഇവിടെ എത്തുമായിരുന്നു.

**ചാത്തുണ്ണി:** (നെടുവീർപ്പ്) ഉം. അവനെങ്കിലും ഒന്നു വരായിരുന്നു.

**രാമൻ:** അതെങ്ങിന്യാ ചെറിയ കുട്ട്യേ കാണണന്നല്ലേ, എഴുതിയത്? സുഖക്കേടിന്റെ വിവരമൊന്നും അറിയിച്ചിട്ടുമില്ല...

**ചാത്തുണ്ണി:** ശരിയാണ്.

**രാമൻ:** അപ്പോൾ കുട്ടീടെ ദണ്ണംമാറി വേഗത്തിൽ പുറപ്പെടാൻ കഴിയാഞ്ഞിട്ട് അവരൊക്കെ അവിടെ കിടന്നു തെരക്കു കൂട്ടുന്നുണ്ടാവും.

**ചാത്തുണ്ണി:** രാമാ, ആര് എവിടെ കിടന്നു തെരക്കുകൂട്ടീട്ടും കാര്യമില്ല. അവരെ കാണാതെ മരിക്കാനാണ് യോഗമെങ്കിൽ അങ്ങനെ വരും.

**രാമൻ:** എന്തൊക്ക്യാ ഈ പറയുന്നത്?

**ചാത്തുണ്ണി:** രാമാ, ഇതൊന്നും എന്നെസ്സംബന്ധിച്ച് ഒട്ടും അധികമല്ല. കണ്ടില്ലേ, ഈ കാല് അതു ചത്തുകഴിഞ്ഞു. ഇനിയതുകൊണ്ടൊരു പ്രയോജനവുമില്ല. എന്നല്ല, അതിന്റെ വേദന സഹിക്കാനും വയ്യ... (അസഹ്യമായ ദുഃഖം ഭാവിക്കുന്നു) രാമാ, നീയറിയില്ല; ആ കാലുകൊണ്ടാണ് ദുഷ്കൃതങ്ങളധികവും ചെയ്തത്. എത്ര ആളുകളെ ഞാനതുകൊണ്ടു ചവിട്ടീട്ടുണ്ട്! എത്ര ആളുകളെ അവശരാക്കീട്ടുണ്ട്! അവർക്കും അവരുടെ കുടുംബത്തിനും നേരിട്ട വേദന (പല്ലുകടിച്ചു സഹിച്ചുകൊണ്ട്) ഒരു നിമിഷംകൊണ്ടു ഞാനിപ്പഴനുഭവിച്ചു തീർക്കുന്നു. കൊടുത്തതു കിട്ടും, രാമാ... വെറുതെയും ചിലപ്പോൾ ഞാനാളുക്കളെചവിട്ടീട്ട് ചാത്തുണ്ണി ഹേഡിന്റെ ഭരണമായിരുന്നു, രാമാ, അന്ന്...

**രാമൻ:** അതൊന്നും ഇപ്പൊഴാലോചിക്കേണ്ടതില്ല.

**ചാത്തുണ്ണി:** ഇനി എന്താലോചിച്ചാലും ആലോചിച്ചില്ലെങ്കിലും സമാണ്. എനിക്കു മുതലും പലിശയും കൂട്ടുപലിശയും റൊക്കം കിട്ടാൻ തുടങ്ങി (തൊണ്ടയിടറി) രാമാ, ഞാനെന്റെ മക്കളെ കാണില്ല.

**രാമൻ:** എന്താ ഇവിടുന്നു പറയുന്നത്?

**ചാത്തുണ്ണി:** ഇല്ല, രാമാ. പല മക്കളേയും ഞാൻ അനാഥരാക്കിട്ടുണ്ട്. അപ്പോൾ, എനിക്ക് ഒടുവിൽ ദശരഥന്റെ അനുഭവം വരണം... അതേ; അതു വരും തീർച്ച... (മുഖം പൊത്തി മലർന്നു, നിശ്ചലനായി കിടക്കുന്നു. ദീർഘശ്വാസം വിടുമ്പോൾ മാർത്തടം ഉയരുകയും താഴുകയും ചെയ്യുന്നതു വ്യക്തമായി കാണാം.)

**രാമൻ:** ഇവിടുന്ന് അങ്ങിനെയൊന്നും വ്യസനിക്കരുത്. വിവരത്തിനൊരു കത്തെഴുതിയാൽ വേഗത്തിലവരൊക്കെ എത്തിച്ചേരും.

**ചാത്തുണ്ണി:** വേണ്ട, രാമാ. വളരെ വൈകിപ്പോയി എന്റെ വിധി ഞാൻ തന്നെ അനുഭവിക്കട്ടെ. അതിനെ മാററാരെന്തിനു ശ്രമിക്കണം ആവൂ! എനിക്കെന്തോ വല്ലാത്ത വല്ലായ്മ അകവും പുറവും നീറുമ്പോലെ തോന്നുന്നു. ഒന്നു വീശു രാമാ.

രാമൻ വിശറിയെടുത്തു വീശുന്നു.

**ചാത്തുണ്ണി:** ഈശ്വരാ, ഭഗവാനേ?

**രാമൻ:** ഇവിടുന്നൊരിക്കലും ജപിക്കുന്നതു കേൾക്കാറില്ല!

**ചാത്തുണ്ണി:** (അർത്ഥഗർഭമായി മൂളുന്നു.) ഉം.

**രാമൻ:** ജപിക്കുന്നതു നല്ലതാ.

**ചാത്തുണ്ണി:** നല്ലതാണെങ്കിൽ അതും ആവട്ടെ. ഈശ്വരാ ഭഗവാനേ! (ക്ലേശിച്ചാണ് ശബ്ദം പുറപ്പെടുന്നത്.)

രംഗത്തിലെ വെളിച്ചം പതുക്കെപ്പതുക്കെ കുറയുന്നു.

— യവനിക —

— 8 —

## രംഗം 7

ആറാംരംഗത്തിലെ സ്ഥലവും സജ്ജീകരണങ്ങളും അതുപോലെയുണ്ട്. പക്ഷേ, കട്ടിൽ ഒഴിഞ്ഞുകിടക്കുന്നു. മൂന്നാംരംഗത്തിൽ പരിചയപ്പെട്ട വിജയൻ— ചാത്തുണ്ണി
mydots നായരുടെ മകൻ— ആ ഒഴിഞ്ഞ കട്ടിലിന്റെ ഒരു ഭാഗത്തു ചാരിനിൽക്കുന്നു. പഴയ വിജയന്റെ പ്രേതമാണെന്നു കണ്ടാൽ തോന്നും. വല്ലാതെ ചടച്ചിട്ടുണ്ട്. തലമുടി അശ്രദ്ധമായി കിടക്കുന്നു. മുഖത്തു ക്ഷീണവും വ്യസനവും നിഴലിച്ചു കാണാം. അല്പം മുഷിഞ്ഞൊരു മുണ്ടും ബനിയനുമാണ് വേഷം. കടുത്ത മനഃക്ലേശംകൊണ്ടും ആഹാരമില്ലായ്മകൊണ്ടും വാടിത്തളർന്നിരിക്കുന്നു. വിദൂരതയിലെങ്ങോ നോക്കിനില്ക്കുകയാണ്. രാമൻ ഒരു കപ്പിൽ ചായ കൊണ്ടുവന്നു കട്ടിലിൽ വെക്കുന്നു. എന്നിട്ടു വിജയനെ നോക്കുന്നു. വിളിക്കാനോ വല്ലതും പറയാനോ ധൈര്യമില്ല. ഒരു കടലാസെടുത്തു ചായ മൂടിവെച്ചു ഒരു മൂലയിലേക്കു മാറിനിൽക്കുന്നു. ഭാനു... വിജയന്റെ ഭാര്യ... അകത്തുനിന്നു കടന്നുവരുന്നു. മുഖത്തു വിഷാദച്ഛായയുണ്ട്. രാമന്റെ നില്പുകണ്ടു ഒന്നും മനസ്സിലാവാത്ത മട്ടിൽ ചോദിക്കുന്നു.

**ഭാനു:** രാമാ, ചായ വെച്ചില്ലേ.

**രാമൻ:** (കട്ടിലിലേക്കു ചൂണ്ടിക്കാട്ടി) അതാ, അവിടെ വെച്ചിട്ടുണ്ട്...

വിജയൻ ഒന്നും കേൾക്കുകയോ അറിയുകയോ ചെയ്യുന്നില്ല.

**ഭാനു:** എന്തെങ്കിലുമൊന്ന് കഴിച്ചിട്ട് രണ്ടുമൂന്നു ദിവസായില്ലേ?

വിജയന്റെ അടുത്തേക്കു ചെല്ലുന്നു.

രാമൻ അകത്തേക്കു പോകുന്നു.

**ഭാനു:** (എന്തു വേണമെന്നറിയാതെ തെല്ലിട പരുങ്ങുന്നു.) പിന്നെ, അമ്മ വിളിക്കു ന്നു.

വിജയൻ തിരിഞ്ഞുനോക്കാതെ മുണ്ടിന്റെ തലകൊണ്ടു കണ്ണു തുടയ്ക്കു ന്നു.

**ഭാനു:** അങ്ങട്ട് ചെന്ന് എന്തിനാ വിളിച്ചതെന്നന്വേഷിക്കു.

**വിജയൻ:** (ഒന്നും മനസ്സിലാവാത്ത മട്ടിൽ അതേ നിൽപിൽനിന്നിളകാതെ ചോ ദ്യരൂപത്തിൽ മൂളുന്നു.) ഉം.

**ഭാനു:** അമ്മ വിളിക്കുന്നു.

**വിജയൻ:** എന്തിന്?

**ഭാനു:** എനിക്കറിയില്ല!

**വിജയൻ:** (തൊണ്ടയിടറുന്നു.) നിനക്കു ചോദിക്കായിരുന്നില്ലേ?

**ഭാനു:** ഞാൻ ചോദിച്ചു.

**വിജയൻ:** എന്നിട്ട്.

**ഭാനു:** ഒന്നു കാണണമെന്നു പറഞ്ഞു.

**വിജയൻ:** (തിരിഞ്ഞുനോക്കി വിഷാദം ഉള്ളിലൊതുക്കിക്കൊണ്ട്) എന്തിന്, ഭാനു എന്റെ മുഖം ഇനി കാണാൻ പറ്റിയതാണോ?

**ഭാനു:** എന്താ ഞാനിതിനുത്തരം പറയേണ്ടത്?

**വിജയൻ:** എന്റെ അച്ഛന് എന്നെയൊന്നു കാണാൻ കൊതിച്ചു കൊതിച്ചാണ് കണ്ണടച്ചതെന്നു നീ കേട്ടില്ലേ? ഞാൻ മനുഷ്യനാണോ ഭാനൂ?

**ഭാനു:** ഇതാരുടെ തെറ്റുകൊണ്ടും വന്നതല്ലല്ലോ.

**വിജയൻ:** ഇനിയും തെറ്റുകണ്ടുപിടിക്കാനാണ് നിങ്ങളുടെയൊക്കെ ശ്രമം. ഇക്കാ ര്യത്തിൽ ആരാണ്, ഭാനു ശരി ചെയ്തത്? ഞാനോ? അമ്മയോ? എന്റെ പെ ങ്ങൾ വിലാസിനിയോ? ആരെങ്കിലും ചെയ്തോ?

**ഭാനു:** എന്തെങ്കിലും ചെയ്യാൻ സാധിക്കുമായിരുന്നോ?

**വിജയൻ:** ഒരു മകന്റെ കടമ നിറവേറ്റാനെനിക്കു കഴിഞ്ഞില്ല... അവസാനനിമ ഷമെങ്കിലും അച്ഛനെക്കൊണ്ടു മാപ്പുചോദിക്കാനെനിക്കു കഴിഞ്ഞില്ല; (തൊണ്ട വല്ലാതെ ഇടറുന്നു.) ഞാനൊരു മകനാണോ, ഭാനൂ? പാപത്തിനു പരിഹാര മുണ്ടോ? എനിക്കെന്റെ അച്ഛന്റെ പേരുച്ചരിക്കാൻകൂടി അവകാശമില്ല... ഓ! വല്ലാത്തൊരു വിധി! ഈ ഭൂമിയിൽ ഒരു മകനും ഇങ്ങനെയൊരു വിധിഉണ്ടാ യിക്കാണില്ല.

**ഭാനു:** കഴിഞ്ഞതിനെച്ചൊല്ലി ഇങ്ങനെ ദുഃഖിച്ചിട്ടെന്താണ്. ഒരു ചുമതലകൂടിയുള്ള ത് മറക്കരുത്...

**വിജയൻ:** എനിക്കിനി എന്തു ചുമതല, ഭാനൂ?

**ഭാനു:** അമ്മയുടെ കാര്യം മറന്നോ? അമ്മയെ പറഞ്ഞാശ്വസിപ്പിക്കാനും അമ്മയ്ക്കൊരു സമാധാനം കൊടുക്കാനും ഇവിടെ വേറെയാരാണുള്ളത്? ഇതൊക്കെ കാണുമ്പോൾ അമ്മയുടെ ദുഃഖം ഇരട്ടിക്കില്ലേ... അതുകൊണ്ടു കഴിഞ്ഞതൊക്കെ മറക്കൂ.

**വിജയൻ:** ഹൃദയത്തിൽ തട്ടിയ, ഈ മുറിവ് ഉണങ്ങില്ല, ഭാനു അതുകൊണ്ടിതു മറക്കാനും വയ്യ...

**ഭാനു:** ഇതാ ഈ ചായ കുടിച്ചോളൂ. (ചായയെടുത്തുകൊടുക്കുന്നു.)

**വിജയൻ:** (അകലത്തെവിടെയോ നോക്കി വീണ്ടും ആലോചിക്കുകയാണ്. ഭാനു കൊടുത്ത ചായ സ്വപ്നത്തിലെന്നപോലെ വാങ്ങി കൈയിൽ വെക്കുന്നു. എന്നിട്ടു തന്നത്താൻ പറയുന്നു.) എനിക്കോർമയില്ലെങ്കിലും അച്ഛൻ ഞങ്ങൾക്കു വേണ്ടി വിഷമിച്ച കഥകളൊക്കെ ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. എന്നെയും വിലാസിനിയേയും ഇത്രയേറെ പഠിപ്പിക്കാൻ ഒരു ഹെഡ്കോൺസ്റ്റബിളിന്റെ ശമ്പളംകൊണ്ട് അച്ഛനു കഴിയുമായിരുന്നില്ല... അപ്പോൾ ഞങ്ങൾക്കുവേണ്ടി അച്ഛൻ ബുദ്ധിമുട്ടി... പാപം ചെയ്തു... അക്രമം ചെയ്തു... ജനങ്ങളുടെ വെറുപ്പ് സമ്പാദിച്ചു... പലരേയും ഹിംസിച്ചു. കൈക്കൂലി വാങ്ങി... (ഭാനുവിന്റെ നേർക്കു തിരിഞ്ഞു) ഇതൊക്കെ എന്തിനുവേണ്ടി, ഭാനു, അച്ഛന് ചെയ്തത്? ഞങ്ങൾക്കു വേണ്ടി. എന്നിട്ടോ? അവസാനനിമിഷം അച്ഛനിത്തിരി കസ്തൂരി? ചാലിച്ചുകൊടുക്കാൻ ഞങ്ങളുടെ കൈയെത്തിയില്ല... (കലശലായി തേങ്ങി) അല്ലെങ്കിൽ ഞങ്ങളതു ചെയ്തില്ല;

**ഭാനു:** ഇങ്ങനെ പറയാൻ തുടങ്ങിയാൽ അവസാനമുണ്ടാവില്ല.

**വിജയൻ:** പാപം ചെയ്യാൻ അച്ഛൻ. ജനങ്ങളുടെ വെറുപ്പും നിന്ദയും ശകാരവും വാങ്ങിവെയ്ക്കാൻ അച്ഛൻ. സുഖിക്കാനോ ഞങ്ങളും... എങ്ങിനെ സഹിക്കും ഭാനു. (കണ്ണിൽനിന്ന് വെള്ളം ധാരയായൊഴുകുന്നു.)

> രാമൻ ഒരു പ്ലെയ്റ്റിൽ പലഹാരമെന്തൊ കൊണ്ടുവരുന്നു. വിജയനും ഭാനുവും തെല്ലിട മിണ്ടാതെ നില്ക്കുന്നു. വിജയന്റെ കണ്ണീരുകണ്ടു ഭാനുവിനും കരച്ചിൽ വരുന്നു. ഭാനു സാരിത്തുമ്പുകൊണ്ടു കണ്ണീരൊപ്പുന്നു.

**ഭാനു:** (തൊണ്ടയിടറി) ആ ചായ കുറച്ചു കുടിച്ചോളൂ.

**വിജയൻ:** (പെട്ടെന്ന് ചായയുടെ ഓർമവന്ന് അതൊരു കവിൾ വായിലാക്കുന്നു. വേദന സഹിച്ചുകൊണ്ടെന്നപോലെ ഇറക്കുന്നു.) വേണ്ട, ഭാനു. കുടിക്കാൻ വയ്യ (വെച്ചുനീട്ടുന്നു.) ഭാനു കപ്പു വാങ്ങുന്നു.

**വിജയൻ:** (നെഞ്ചിൽ തൊട്ട്) ഇവിടയെന്തോ അടഞ്ഞുനില്ക്കും പോലെ (കപ്പ് ഭാനുവിന്റെ കൈയിൽ കൊടുക്കുമ്പോൾ പിറകിൽ നില്ക്കുന്ന രാമനെ കാണുന്നു.) രാമാ, നിനക്കെങ്കിലും ഒരു വിവരം അറിയിക്കായിരുന്നില്ലേ? അച്ഛന്റെ രോഗം ഇത്ര വർദ്ധിച്ചിട്ടും നീയെന്തിനതൊളിച്ചുവെച്ചു?

**രാമൻ:** അയ്യോ! ഞാനൊന്നും ചെയ്തിട്ടില്ലേ? അത്രയ്ക്കൊന്നും അധികണ്ടായിരുന്നില്ല; പെട്ടെന്നാണ് അധികമായത്. പിന്നെ ഞാൻ ചോദിക്കുമ്പോഴൊക്കെ അദ്ദേഹം പറയും, കത്തെഴുതീട്ടുണ്ടെന്ന്.

**വിജയൻ:** കത്തെഴുതിയതു ശരിയായിരുന്നു, രാമാ. അതു എന്റെ കുട്ടിയെ കാണണമെന്നാവശ്യപ്പെട്ടായിരുന്നു. ഞാൻ വിചാരിച്ചു എന്നോടുള്ള അലോഗ്യം നിലവിലുണ്ടെന്ന്.

**രാമൻ:** ഒടുവിലൊടുവിൽ നല്ല പട്ടു പോലത്തെ സ്വഭാവമായിരുന്നു.

വിജയൻ ചുണ്ടു കടിച്ചമർത്തി ദുഃഖം ഒതുക്കുന്നു.

**രാമൻ:** ഒത്തിരി ദേഷ്യം ആരോടും ഇല്ല.

**വിജയൻ:** എന്നാൽ അച്ഛന്റെ കത്തു കണ്ടാൽ ആർക്കും മനസ്സിലാവില്ല ഒരേ ഒരു വാചകം; കുട്ടിയെ ഒന്നു കാണണം. കൂട്ടത്തിൽ എന്റെ മണിയോർഡർ മടക്കുകയും ചെയ്തു. ഞാനെന്തു വിചാരിക്കണം രാമാ?

**രാമൻ:** ശരിയാണ്. കുട്ടിയെ കാണാൻ ഒരുപാടു കൊതിച്ചിരുന്നു.

**വിജയൻ:** കത്തു കിട്ടിയ ദിവസം രാത്രിയാണ് അവന് അപസ്മാരമിളയത്. പിറ്റേന്നു കാലത്തെ പുറപ്പെടാൽ തീരുമാനിച്ചതായിരുന്നു

**രാമൻ:** എന്നോടു പറഞ്ഞു ഒരു ചെറിയ പട്ടുകുപ്പായം തുന്നിച്ചു കൊണ്ടുവരാൻ.

**വിജയൻ:** (ഉത്കണ്ഠയോടെ) എന്തിന്, രാമാ?

**രാമൻ:** അതവിടെ എവിടെയോ കാണും. (കിടക്കയുടെ അടിയിൽ തപ്പുന്നു.)

വിജയനും ഭാനുവും ഉറ്റു നോക്കുന്നു. രാമൻ കിടക്കയുടെ അടിയിൽനിന്നു ചുകപ്പുനിറത്തിൽ ചെറിയൊരു കുപ്പായം പുറത്തേക്കെടുക്കുന്നു. വിജയൻ ധൃതിയിൽ ചെന്നതു വാങ്ങുന്നു. മുഖത്തോടടുപ്പിക്കുന്നു. വിങ്ങിവിങ്ങി ശബ്ദമില്ലാതെ കരയുന്നു. ഭാനു തുടരെത്തുടരെ കണ്ണു തുടയ്ക്കുന്നു.

**വിജയൻ:** (തേങ്ങി) ഇല്ലച്ഛാ, എന്റെ ഈ കുറ്റത്തിനെനിക്കു മാപ്പില്ല. ആരേയും കാണാതെ, എല്ലാവരേയും അടിച്ചുകറ്റി, ഞങ്ങളെ മുഴുവനും വെറുത്ത അച്ഛന്റെ ഉള്ളിലിങ്ങിനെയൊരു സ്നേഹം ഒളിച്ചിരുന്നത് ഞാനറിഞ്ഞില്ല.

**ഭാനു:** ആരും അറിഞ്ഞില്ല.

**രാമൻ:** അവടുത്തെ മരണംപോലെത്തനെ? സ്വഭാവത്തിന്റെ മാറ്റോം പെട്ടെന്നായിരുന്നു.

**വിജയൻ:** ആരറിഞ്ഞു ഇതൊക്കെ?

**രാമൻ:** എനിക്കുകൂടി മനസ്സിലായിട്ടില്ല. ഇവിടെ ഒരു കുട്ടി വരാറുണ്ടായിരുന്നു.

**വിജയൻ:** ഏതു കുട്ടി?

**രാമൻ:** അയൽവക്കത്തെ കുട്ട്യാണ്. അവൻ വന്നാൽ സ്വാഭാവൊക്കെ മാറും. പിന്നെ കുട്ടികളെപ്പോലെ എന്തും പറയാം ചോദിക്കാം.

**വിജയൻ:** എനിക്കവനെയൊന്ന് കാണണം.

**രാമൻ:** ഇവിടെ വരും, വരാതിരിക്കില്ല...

**വിജയൻ:** ഓ! വിചാരിക്കും തോറും സഹിക്കാൻ കഴയുന്നില്ല, ഭാനു.

**ഭാനു:** (പെട്ടെന്ന് അകത്തേക്കു നോക്കി) അതാ, അമ്മ വരുന്നുണ്ട്. ആ മുഖമൊക്കെയൊന്ന് തുടയ്ക്കു (വീണ്ടും അകത്തേക്കു നോക്കി). എങ്ങട്ടാണാവോ പോകുന്നത്? നോക്കു, അമ്മയുടെ മുൻപിൽനിന്നു കരയരുതേ...

വിജയൻ മുഖം തുടച്ച് ആവുന്നതും ഭാവം മാറ്റാൻ ശ്രമിക്കുന്നു. വിജയന്റെ അമ്മ— കാർത്ത്യായനി അമ്മ— മൂന്നാംരംഗത്തിൽ കണ്ട സ്ത്രീ പതുക്കെ വാതിൽ കടന്നു കാറ്റത്തെന്നപോലെ മുൻപോട്ടുവരുന്നു. നരച്ച തലമുടി പാറിപ്പറക്കുന്നുണ്ട്. കണ്ണുകളിൽ ശോകച്ഛായയല്ല, നിശ്ചയദാർഢ്യമാണ് സ്ഫുരിക്കുന്നത്. എന്തോ ഒന്നു തീരുമാനിച്ച മുഖഭാവം. പുതയ്ക്കാനുപയോഗിച്ച ചുകന്ന ബ്ലാങ്കറ്റ് കൈത്തണ്ടയിൽ തൂങ്ങിക്കിടക്കുന്നു. പതുക്കെ ആരേയും ശ്രദ്ധിക്കാതെ നടന്നുവന്ന് കട്ടിലിനരികിൽ നില്ക്കുന്നു. അല്പനേരം ഇമവെട്ടാതെ ആ കട്ടിലിൽത്തന്നെ നോക്കുന്നു. മൂന്നു പ്രാവശ്യം ആ കട്ടിലിൽ തൊട്ട് മൂർധാവിൽ വെക്കുന്നു. കട്ടിലിൽ ഇരിക്കുന്നു. ഭാനുവും വിജയനും രാമനും വീർപ്പടക്കിപ്പിടിച്ച് അമ്മയെ ഉറ്റുനോക്കുകയാണ്.

**കാർത്ത്യായനി അമ്മ:** (മൂന്നുപേരേയും മാറി മാറി നോക്കുന്നു. എന്നിട്ട് അധികാരസ്വരത്തിൽ വിളിക്കുന്നു.) വിജയാ!

**വിജയൻ:** അമ്മേ!

**കാർത്ത്യായനി അമ്മ:** ഒന്നുമില്ല; നിങ്ങളൊക്കെ എന്താ ഇങ്ങിനെ നില്ക്കുന്നത് (രാമനെ നോക്കി) ഇവിടെ ജോലിയൊന്നുമില്ലേ രാമാ...

**രാമൻ:** (പതുക്കെ) ഉണ്ട്.

**കാർത്ത്യായനി അമ്മ:** എന്നാൽ പോയിട്ടു ചെയ്യരുതേ?

രാമൻ പോകുന്നു.

**കാർത്ത്യായനി അമ്മ:** ഭാനു

**ഭാനു:** അമ്മേ!

**കാർത്ത്യായനി അമ്മ:** കുഞ്ഞെവിടെ?

**ഭാനു:** ഉറക്കിക്കിടത്തിയിരിക്കുന്നു.

**കാർത്ത്യായനി അമ്മ:** അവന് അസുഖോന്നുല്ലല്ലോ.

**ഭാനു:** ഇല്ല. രണ്ടുമൂന്നു ദിവസായിട്ടു അമ്മ എടുക്കാത്തതു കൊണ്ടു വല്യ ശാഠ്യം.

**കാർത്ത്യായനി അമ്മ:** ഉണർന്നാലിങ്ങട്ടു കൊണ്ടുവരു... മോനേ വിജയാ...

**വിജയൻ:** എന്താണമ്മേ?

**കാർത്ത്യായനി അമ്മ:** ഞാനിനി ഇവിടെ (ചുണ്ടുകടിച്ചമർത്തി ദുഃഖം നിയന്ത്രിച്ചിട്ടും കണ്ണും ഇടറുന്നു.) ഈ കട്ടിലിലാണ് കിടക്കാൻ വിചാരിക്കുന്നത്.

വിജയൻ ഒന്നും മിണ്ടുന്നില്ല.

**കാർത്ത്യായനി അമ്മ:** ഇനി നിന്റെ പാരവശ്യങ്ങളൊക്കെ ഒന്നു മതിയാക്കണം, നിങ്ങളൊക്കെക്കൂടി എന്നെ വിഷമിപ്പിക്കരുത്. ഇതുവരെ എനിക്കു സഹിക്കാനുള്ള ശക്തിണ്ടായിരുന്നു. ഇന്നതില്ല... എന്റെ മോളാണെങ്കിൽ അവിടെ ദണ്ഡം പിടിച്ചു കിടക്കുന്നു. അവൾക്കിപ്പഴും ഇവിടെ വാരാൻ കഴിഞ്ഞിട്ടില്ല. ഇനി നീയാണ്? നീ നിന്റെ വിചാരങ്ങളൊക്കെ മറക്കണം... മറക്കില്ല...

**വിജയൻ:** മറക്കാം.

**കാർത്ത്യായനി അമ്മ:** ഈ കട്ടിൽ കുറച്ചു പഴക്കമുള്ളതാണ്. നിന്റെ അച്ഛന്റെ അച്ഛന് ഇതിൽ കിടന്നാണ് മരിച്ചത്... പിന്നെ... നിന്റെ... (കണ്ണുനീരൊപ്പുന്നു.)... അതുകൊണ്ട് എല്ലാവരും മരിക്കും... വ്യസനിച്ചിട്ടൊന്നും കാര്യേല്ല.

അകലത്തുനിന്നു നേരിയൊരു വേണുഗാനം. ആരും അതത്ര ശ്രദ്ധിക്കുന്നില്ല. അത് അടുത്തടുത്തു വരുന്നു. വിജയനും ഭാനുവും കാർത്ത്യായനി അമ്മയും കുറച്ചു നിമിഷം ഒന്നും പറയാതെ അവരവരുടെ വിചാരവുമായി കഴിക്കുകയാണ്. വേണു ഗാനം അടുത്തടുത്തു വരുന്നു.

**രാമൻ:** (അകത്തുനിന്ന് ബദ്ധപ്പെട്ടുവന്നു) അതാ, ആ കുട്ടി.

വേണുഗാനം കേൾക്കുന്ന ഭാഗത്തേക്കു ചൂണ്ടുന്നു.

**വിജയൻ:** എവിടെ? നീ ചെന്നു കൂട്ടിക്കൊണ്ടുവരു, രാമാ.

**രാമൻ:** അതാ ഇങ്ങോട്ടാണ് വരുന്നത്. (എല്ലാവരും അങ്ങോട്ട് നോക്കുന്നു.)

ബാബു വായിച്ചുകഴിഞ്ഞ ഓടക്കുഴൽ ഉറക്കെ വീശിക്കൊണ്ട് വരുന്നു. വന്നതോടെ പുതിയ ആളുകളെ കണ്ട് ഉത്സാഹം നശിച്ചു പെട്ടെന്നു നില്ക്കുന്നു. വിജയൻ ഓടിച്ചെന്നു ബാബുവിനെ വാരിയെടുക്കുന്നു.

**ബാബു:** (വല്ലാത്തൊരു ലജ്ജയോടെ) വേണ്ട, വേണ്ട, ഞാൻ നടന്നോളാം.

**വിജയൻ:** നീ നടക്കാഞ്ഞിട്ടല്ല, നിന്നെ ഞാനൊന്നെടുക്കട്ടെ. (എടുത്തുകൊണ്ട് വരുന്നു. കാർത്ത്യായനി അമ്മയുടെ അടുത്തു കട്ടിലിൽ കൊണ്ടുചെന്ന് ഇരുത്തുന്നു.)

ബാബു ഇരിക്കുന്നില്ല

**കാർത്ത്യായനി അമ്മ:** (ബാബുവിന്റെ കൈ പിടിച്ച്) **ഇരിക്കു, മോനേ, ഇവിടെ ഇരിക്കു.** (ബാബു അനുസരിക്കുന്നു. കാർത്ത്യായനി അമ്മ ബാബുവിനോടു ചേർന്നിരുന്ന് അവന്റെ മൂർധാവിൽ തലോടിക്കൊണ്ടിരിക്കുന്നു.)

ആരും ഒന്നും മിണ്ടുന്നില്ല. ആ നിശ്ശബ്ദത ബാബുവിനെ പൊറുതികെടുത്തുന്നു. അവനങ്ങനെ ഇരിക്കാൻ വയ്യ. എല്ലാവരേയും അവൻ മാറി മാറി നോക്കുന്നു; വിജയനെ കുറച്ചു കൂടുതലായും അങ്ങനെ നോക്കിക്കൊണ്ടിരിക്കെ

**ബാബു:** (വിജയനോട്ട് **നിങ്ങളാണോ, അമ്മാമേടെ മകൻ**

വിജയൻ ചെറുതായൊന്നു ഞെട്ടുന്നു.

**ബാബു:** **എന്തൊരു സ്നേഹായിരുന്നു അമ്മാമ്മയ്ക്ക് നിങ്ങളോട്.**

വിജയൻ ചുണ്ടുകടിച്ചമർത്തി മുഖം തിരിക്കുന്നു. കാർത്ത്യായനി അമ്മ കണ്ണുതുടയ്ക്കുന്നു. ഭാനു മുഖം പൊത്തി വിങ്ങുന്നു.

**ബാബു:** **നിങ്ങളുടെ കത്തു വന്ന ദിവസം അമ്മാമ്മ ഒരുപാടു കരഞ്ഞു.**

**വിജയൻ:** (കട്ടിലിൽ ബാബുവിനടുത്തു ചെന്നിരിക്കുന്നു. അവനെ കെട്ടിപ്പിടിക്കുന്നു.) **എന്റെ അച്ഛന് അവസാനകാലത്തു നീയായിരുന്നു ഒരു തണൽ. നിന്നെ ഞങ്ങൾക്ക് ഒരിക്കലും മറക്കാനാവില്ല!**

**ബാബു:** **നിങ്ങളുടെ കുട്ടിയെ കൊണ്ടുവന്നില്ലേ?**

**വിജയൻ:** **ഉണ്ട്.**

**ബാബു:** **അവന് ദിവസവും ഓടക്കുഴൽ വായിച്ചുകൊടുക്കാൻ അമ്മാമ്മ എന്നെ ഏല്പിച്ചിട്ടുണ്ട്.**

വിജയൻ കണ്ണിൽ വെള്ളമൊഴുക്കിക്കൊണ്ട് ഒന്നും മിണ്ടാതിരിക്കുന്നു. എല്ലാവരും വിങ്ങിക്കരയുകയാണ്.

**ബാബു:** **പിന്നേ, അമ്മാമ്മ നിങ്ങളെയൊക്കെ ഒരുപാടു കാത്തു നിന്നു...** (എഴുന്നേല്ക്കുന്നു.) **അമ്മാമ്മ എന്നോടു പറഞ്ഞിരിക്കുന്നു.** (എല്ലാവരും ഒപ്പം ബാബുവിനെ നോക്കുന്നു.) **അതാ, അവിടെ ആ മാവില്ലേ, അതിന്റെ തണലില് അമ്മാമ്മ എലപ്പോഴും ഉണ്ടാവുമെന്ന്.** (തൊടിയിലേക്കു വിരൽ ചൂണ്ടുന്നു.)

വിജയനും കാർത്ത്യായനി അമ്മയും ഒരുമിച്ചെഴുന്നേറ്റു ബാബു വിരൽ ചൂണ്ടിയ ഭാഗത്തേക്കു നോക്കുന്നു.

— യവനിക —

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.